അരുവാപ്പുലം ഗ്രാമപഞ്ചായത്ത്

ജനകീയ ആസൂത്രണം

# സമഗ്രവികസനരേഖ





1

110

അധികാരം ജനങ്ങളിലേക്ക്

## ഒൻപതാം ജനകീയ പദ്ധതി

# അരുവാപ്പുലം ഗ്രാമപഞ്ചായത്ത്
# ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

## സമഗ്രവികസന രേഖ



# സമഗ്ര വികസനരേഖയുടെ ശില്പികൾ

## എഡിറേറാറിയൽ ബോർഡ്

ററി. പി. കുമാർ (ചീഫ് എഡിററർ)

പ്രൊഫ: പി. ഗോപകുമാർ

ആർ. രാജേന്ദ്രൻ

കോന്നിയൂർ ബാലചന്ദ്രൻ

സുനിൽ വർഗീസ് ആൻറണി

കെ. തുളസീധരൻ

ററി. എസ്. ശിവരാമൻ

ആർ. ശിവൻകുട്ടി

സി. വിനോദ്.

## സബ് കമ്മിററിയംഗങ്ങൾ

ററി. എം. മൈമൂൺബിവി
ജോസഫ് ജോർജ് വടക്കേടം
ലിസി വർഗീസ്
എസ്. സതീഷ്കുമാർ
കുഞ്ഞമ്മ ജോർജ്
ഇന്ദിരാ രവി
എം. ഹസൻ
ററി. ചന്ദ്രൻ
വി. ജെ. ജോസഫ്
ററി. സൗദാമിനി
നെജിവ് എസ്. കല്ലേലി
സാബു തോമസ്
കാദർഅലി
ഗോവിന്ദൻനായർ പി. കെ.
ബിജു തോമസ്
മനോജ് ആരത്തിങ്കൽ
ജി. കൃഷ്ണകുമാർ
ചന്ദ്രാംഗദൻ കെ. കെ.
എം. പി. കുട്ടൻപിള്ള
എസ്. ഗോപിനാഥ്

സലിം മുരുപ്പേൽ
എം. ഒ. അനിൽകുമാർ
എൻ. ററി. ജോർജ്
ഗോപാലകൃഷ്ണൻനായർ
കെ. രാമചന്ദ്രൻനായർ
കെ. ഗോപാലൻ
രവീന്ദ്രനാഥ് ശ്രീഭവനം
പി. എ. ജോൺ പാറയ്ക്കൽ
എൻ. രാജശേഖരൻ
സുജാത നിരവേൽ
ശാന്ത ഉഷസ്
അംബിക കാമ്പിൽ
വി. കെ. രഘു
ഡി. ശിവപ്രസാദ്
അശനികുമാർ കാർത്തികമംഗലം
വിക്രമൻ
രാധാകൃഷ്ണപിള്ള പി കെ.
വി. ആർ. സുരേഷ്
നബീസാബിവി.

പഞ്ചായത്ത് സെക്രട്ടറി — കെ. നടരാജൻ

## ജില്ലാ റിസോഴ്സ് പേഴ്സൺസ്

സുനിൽ വർഗീസ് ആൻറണി
എസ്. സുരേഷ്കുമാർ
ററി. സൗദാമിനി
എസ്. സതീഷ്കുമാർ
ആർ. വിജയകുമാർ

ററി. എസ്. ശിവരാമൻ
കുഞ്ഞമ്മ ജോർജ്
ഇടിക്കുള ഫിലിപ്പോസ്
എസ്. സന്തോഷ്.



വെൺമേലിൽ
കെ.കെ.മാധവൻ നായർ
ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ്



റ്റി.പി.കുമാർ
പഞ്ചായത്ത് പ്രസിഡന്റ്



റ്റി.എം. മൈമൂൺ | ജോസഫ് ജോർജ് | ലിസി വർഗ്ഗീസ് | എസ്. സതീഷ് കുമാർ | കുഞ്ഞമ്മാ ജോർജ്



ഇന്ദിരാദേവി | എം. ഹസൻ | [illegible].ചന്ദ്രൻ | വി.ജെ. ജോസഫ് | കെ. നടരാജൻ (സെക്രട്ടറി)



"കേന്ദ്രത്തിലിരിക്കുന്ന ഇരുപത്
ആളുകളാൽ
നിർവ്വഹിക്കപ്പെടുന്നതല്ല
ശരിയായ ജനായത്തം.
അത് ഓരോ ഗ്രാമത്തിലെയും
ജനങ്ങളാൽ താഴെനിന്ന്
നിർവ്വഹിക്കപ്പെടണം."

ഗാന്ധിജി (യംഗ് ഇൻഡ്യ)
18-1-1948.



# ആമുഖം

# ആമുഖം

ചരിത്രഗതിയെത്തന്നെ സഫലമായി മാററിയൊഴുക്കുന്ന ഉദാത്തമായ ഭാവനയുടെ കർമ്മ സാഫല്യമാണ് ജനകീയാസൂത്രണം എന്ന ജനഹിത പദ്ധതി. കഴിഞ്ഞ നാൽപ്പത്തിയൊൻപതു വർഷങ്ങളായി കൊളോണിയൽ സംസ്ക്കാരത്തിൽ നിന്നും മോചിതമായെങ്കിലും പക്ഷേ ഭാരതഭൂമി പീഡാനുഭവങ്ങളാൽ രോഗിണിയായിത്തന്നെ ലോക രാഷ്ട്രങ്ങളുടെ സഞ്ചാരപഥത്തിൽ ഏങ്ങി നീങ്ങുകയായിരുന്നു........

"അധികാരം" ജനങ്ങൾക്ക് എന്നത് ഏടുകളിലൊതുങ്ങിയ ചതഞ്ഞ സ്വപ്നങ്ങൾ മാത്രമായിരുന്നു. "സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, മതേതരത്വം" തുടങ്ങിയ സുന്ദര പദങ്ങളുടെ അർത്ഥം പോലും വിപരീതമായി ഉയിർകൊള്ളുകയായിരുന്നു ! ഭാരത വർഷത്തിന്റെ ദക്ഷിണ പഥത്തിലെ നമ്മുടെ ഐക്യകേരളവും വികസനമില്ലായ്മയുടെ അന്ധകാരത്തിൽ തിരിച്ചറിയാനാവതെ കിടന്ന ഒരു ഭൂപടമാവുകയായിരുന്നു........

"അധികാരം ജനങ്ങൾക്ക്" എന്നത് ഒരാവേശ മന്ത്രമായി വീണ്ടും ഉയിരെടുത്തത് ഈ സമീപഭാവിയിലായിരുന്നല്ലോ. പ്രതീക്ഷകൾ മങ്ങിത്തുടങ്ങിയ കേരള യുവതയ്ക്ക് ആശകൾ കൈവിട്ടുപോയി എന്നു കരുതിയ ജനകോടികൾക്ക് അതു പ്രതീക്ഷയുടെ ഒരു കാഹളമായി മാറി. ആവേശകരമായ ഒരു തെരഞ്ഞെടുപ്പു പ്രക്രിയയിലൂടെ പുതിയ 'ത്രിതല' ജനസമിതികൾ രൂപമെടുത്തു.

കേരള സംസ്ഥാനത്തിന്റെയും, ആസൂത്രണ പ്രക്രിയയുടെയും ചരിത്രത്തിൽ പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയാസൂത്രണത്തിന് നാം ഒരുങ്ങിക്കഴിഞ്ഞിരിക്കുകയാണല്ലോ. ഈ സമഗ്രാസൂത്രണ പരിപാടിയുടെ ഘട്ടംഘട്ടമായുള്ള, ഓരോ പരിപാടിക്കും ലോപമില്ലാത്ത പിന്തുണ വികസനം കൊതിക്കുന്ന ഗ്രാമസമൂഹം നൽകുമെന്നത് ഒരു സത്യം ആവുകയാണ്.

ജനകീയ പങ്കാളിത്തത്തോടെ സ്കീമുകൾ ഏറ്റെടുത്തു നടത്താൻ കഴിഞ്ഞാൽ ഫലപ്രദമായ പഞ്ചവത്സര പദ്ധതി രൂപപ്പെടുത്താനാവും. 9-ാം പദ്ധതിയുടെ വിജയത്തിന്റെ ഉറപ്പ് ആസൂത്രണം മുതൽ നടത്തിപ്പുവരെ പദ്ധതി പ്രവർത്തനത്തിന്റെ എല്ലാ ഘട്ടങ്ങളിലുമുള്ള ജനപങ്കാളിത്തമായിരിക്കും.

അരുവാപ്പുലം ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചത് വിപുലമായ ഒരു കാർഷിക സെമിനാറിലൂടെയാണ്. കർഷക ജനതയുടെ പങ്കാളിത്തംകൊണ്ട് വികസന പ്രക്രിയകൾക്കുവേണ്ടി പ്രവർത്തകർക്കു പ്രതീക്ഷയേകിയ ഒരു സെമിനാറായിരുന്നു അത്. തുടർന്ന് പഞ്ചായത്തിലെ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗം പഞ്ചായത്ത് ഹാളിൽ നടത്തി. പ്രവർത്തനങ്ങൾക്കു വിഘാതമായിത്തീർന്നിട്ടുള്ള പ്രശ്നങ്ങളുടെ ഒരു സമഗ്രാവലോകനം അന്നുണ്ടായി.

ആസൂത്രണത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി പ്രവർത്തകരെ തെരഞ്ഞെടുത്ത് ജില്ലാതല പരിശീലനത്തിനയച്ചു. പഞ്ചായത്തുതലത്തിൽ ഓരോ വാർഡിൽനിന്നും 12 പേരെ തെരഞ്ഞെടുക്കുകയും ഗ്രാമസഭകളിൽ പങ്കെടുത്ത് ആസൂത്രണ പ്രക്രിയ ഫലവത്താക്കിത്തീർക്കാൻ വേണ്ടിയുള്ള പരിശീലനം നല്കുകയും ചെയ്തു. തുടർന്ന് സംഘടിപ്പിച്ച ഗ്രാമസഭകളിൽ നല്ല ജനപങ്കാളിത്തമായിരുന്നു. ഗ്രാമസഭകളിൽ ചർച്ച ചെയ്തു സംഗ്രഹിച്ച പദ്ധതി രൂപരേഖകൾ ക്രോഡീകരിച്ച് വികസനത്തിന്റെ നാന്ദികുറിക്കുന്ന യത്നങ്ങളിലേർപ്പെടാനുള്ള പ്രവർത്തന പഥത്തിലാണ് സമിതിയംഗങ്ങൾ.

പത്തനംതിട്ട ജില്ലയുടെ കിഴക്കൻ ഉൾപ്രദേശങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന, സാംസ്കാരിക കേരളത്തിന്റെ കോന്നിയൂരായ കോന്നിയുടെ വലംകയ്യാണ് അരുവാപ്പുലം ഗ്രാമം. അച്ചൻകോവിലാറിന്റെ ഇരുചിറകുകളെപ്പോലെ ഇന്നും ഹരിതാഭ മറയാതെ കിടക്കുന്ന ഈ കർഷക ഭൂമി.

ചരിത്രവും, ഐതിഹ്യവും ഇണചേർന്നു കിടക്കുന്ന ഈ ജനപദത്തിന്റെ ഹിതാനുസാരിയായി മാറിയ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന രേഖയ്ക്ക് ആമുഖക്കുറിപ്പെഴുതുന്നത് അഭിമാനത്തോടെയാണ്. "ഒരു നാടൻപാട്ടിന്റെ ശീലുമായൊഴുകുന്ന" പുഴയോരത്തെ- അരുവാപ്പുലത്തെ- ഗ്രാമസൗഭാഗ്യങ്ങളുടെ നിലനിൽപ്പിന് പ്രതീക്ഷയർപ്പിക്കുന്ന പ്രിയപ്പെട്ടവർക്കു മുന്നിൽ ഈ വികസനരേഖ സമർപ്പിക്കുന്നതോടൊപ്പം നാടിന്റെ വികസനത്തിന് നിതാന്ത ജാഗ്രത്തായ നിങ്ങളുടെ മനസുകളെ ക്ഷണിക്കുകയും ചെയ്തുകൊള്ളുന്നു.

# പഞ്ചായത്ത്

# പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | — | അരുവാപ്പുലം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | — | അരുവാപ്പുലം, ഐരവൺ |
| ബ്ലോക്കുപഞ്ചായത്ത് | — | കോന്നി |
| താലൂക്ക് | — | കോഴഞ്ചേരി |
| അസംബ്ലി മണ്ഡലം | — | കോന്നി |
| വിസ്തീർണ്ണം | — | 277.70 Sq. km. |
| അതിരുകൾ | — | വടക്ക്: കോന്നി പഞ്ചായത്ത്<br>തെക്ക്: കലഞ്ഞൂർ പഞ്ചായത്ത്<br>പടിഞ്ഞാറ്: കോന്നി, പ്രമാടം പഞ്ചായത്തുകൾ<br>കിഴക്ക്: പശ്ചിമഘട്ടം. |
| ജനസംഖ്യ | — | 21712 |
| പുരുഷൻ | — | 10539 |
| സ്ത്രീകൾ | — | 11173 |
| ജനസാന്ദ്രത | — | 700 |
| അക്ഷരാഭ്യാസമുള്ളവർ | — | 88% |
| വാർഡുകൾ | — | 10 |
| പ്രസിഡൻറിന്റെ പേര് | — | ററി. പി. കുമാർ |
| വൈസ് പ്രസിഡൻറിന്റെ പേര് | — | ററി. എം. മൈമൂൺബീവി |
| സ്ററാൻറിംഗ് കമ്മിററി ചെയർമാൻ | — | എം. ഹസൻ. |



# സാമൂഹ്യ
# സാംസ്ക്കാരിക
# ചരിത്രം

# ചരിത്രം

അച്ചൻകോവിലാറിൻെറ തീരത്ത് സ്ഥിതിചെയ്യുന്ന അരുവാപ്പുലം പഞ്ചായത്തിൻെറ കിഴക്കു ഭാഗം തമിഴ്നാട് അതിർത്തിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. നൂററാണ്ടുകൾക്ക് മുൻപ് മുതൽ ഉണ്ടായിരുന്ന തമിഴ് ബന്ധം അരുവാപ്പുലം എന്ന പേരിലും നിഴലിച്ചുകാണാം "അരുമൈ" എന്ന തമിഴ് വാക്കിന് 'മനോഹരം' എന്നർത്ഥമുണ്ട്. 'പുലം' എന്നതിന് 'കൃഷിസ്ഥലം' എന്നുമാണ് അർത്ഥം. 'അരുമൈപ്പുലം' അല്ലെങ്കിൽ 'മനോഹരമായ കൃഷിസ്ഥലം' എന്ന തമിഴ് വാക്കാണ് അരുവാപ്പുലമായി മാറിയതെന്ന് വിശ്വസിക്കപ്പെടുന്നു. 'അരുവ' എന്നാൽ 'സത്ചരിതയായ കന്യക', 'കുലസ്ത്രീ' എന്നൊക്കെ ദ്രാവിഡ തമിഴ് ഭാഷയിൽ അർത്ഥമുണ്ട്. അരുവാപ്പുലമെന്നാൽ ഉത്തമകളായ കന്യകകളുടെ നാട് എന്നർത്ഥമുണ്ടെന്നും ഒരഭിപ്രായമുണ്ട്.

അരുവാപ്പുലം പ്രദേശം ഭരിച്ചിരുന്ന പന്തളം രാജാക്കൻമാരുടെ മൂലകുടുംബം പാണ്ഡ്യ രാജ്യത്തായിരുന്നുവെന്ന് ചരിത്ര രേഖകളിൽ കാണുന്നു. പാണ്ഡ്യരാജ്യത്തിൻെറ ഒരുഭാഗം ഇവർ ഭരിച്ചിരുന്നതായും കാണുന്നു. 'ചെമ്പഴന്നൂർ' സ്വരൂപമായിരുന്നു മൂലകുടുംബമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തുടർച്ചയായുള്ള കൊള്ളക്കാരുടെ ആക്രമണംമൂലം അവർ മധുരവിടുകയും തിരുവിതാംകൂർ രാജാവിൻെറ സഹായത്താൽ അച്ചൻകോവിൽ, കോന്നിയൂർ, പന്തളം എന്നീ സ്ഥലങ്ങളിലേക്ക് താമസം മാററുകയുമാണുണ്ടായത്. ഇത് എന്നുസംഭവിച്ചുവെന്ന് നിർണ്ണയിച്ചുപറയുക സാദ്ധ്യമല്ല. കൊല്ല വർഷം 79 (94 AD)-ലാണ് ഇത് സംഭവിച്ചതെന്ന് തിരുവിതാംകൂർ ചരിത്രകാരനായ ശ്രീ. പി. ശങ്കുണ്ണിമേനോൻ കരുതുന്നു. ഈ കുടുംബത്തിലെ സ്ത്രീ അംഗങ്ങൾ കോന്നിയിലും, പന്തളത്തും, പുരുഷൻമാർ അച്ചൻകോവിലിലുമാണ് ആദ്യം താമസിച്ചിരുന്നത്. കൊള്ളക്കാരുടെ ആക്രമണങ്ങളെ ഭയന്നാണ് അച്ചൻകോവിലിൽ നിന്ന് പടിഞ്ഞാറുമാറിയുള്ള കോന്നിയും, പന്തളവും സ്ത്രീ അംഗങ്ങളുടെ താമസ സ്ഥലങ്ങളായി തെരഞ്ഞെടുത്തതെന്ന് ഊഹിക്കുന്നതിൽ തെററില്ല.

1175 മുതൽ 1795 വരെ തിരുവിതാംകൂർ രാജാവായിരുന്ന ഉദയമാർത്താണ്ഡവർമ്മ പന്തളം രാജവംശത്തിന് ചില സ്ഥലങ്ങൾ നൽകിയതായി സൂചിപ്പിക്കുന്ന രേഖകൾ കണ്ടുകിട്ടിയിട്ടുണ്ട്. കായംകുളം രാജാവുമായിട്ടുള്ള യുദ്ധത്തിൽ മാർത്താണ്ഡ വർമ്മയെ ഇവർ സഹായിച്ചിരുന്നതിൻെറ കൃതജ്ഞതയായിട്ടായിരിക്കണം ഏതാനും ഗ്രാമങ്ങളുടെ ഭരണഭാരം ഇവരെ ഏല്പിക്കുവാൻ കാരണം. ടിപ്പുവിനെ നേരിടുന്ന കാലത്ത് ധർമ്മരാജാവ് പന്തളം രാജാവിനോട് ധനസഹായം ആവശ്യപ്പെട്ടതായും രേഖകളുണ്ട്. യുദ്ധ കടം അടച്ചുതീർക്കുവാനായി പന്തളം രാജാവ് കൊല്ലവർഷം 969-ാമാണ്ട് (1833-34) കണ്ടയിനാട്ട് കണക്കുനാരായണൻ കാളിയൻ എന്ന നായർപ്രഭുവിന് 26400 രൂപയ്ക്ക്രാജ്യം ആടിമാനക്കരണം (പണയാധാരം) കൊടുത്തതായും ചില രേഖകളുണ്ട്. അങ്ങനെ കോന്നിയൂർ, മലയാലപ്പുഴ ഉൾപ്പെടെ പ്രദേശങ്ങളും അറക്കുളം ഉൾപ്പെട്ട പ്രദേശങ്ങളും കാളിയൻെറ അധീനതയിലായി പിന്നീട് രാജാവ് തിരുവിതാംകൂറിൽനിന്നും കാളിയന് തുക നൽകി ഋണബാദ്ധ്യത ഇല്ലാതാക്കി. എന്നാൽ തിരുവിതാംകൂറിന് നൽകാനുള്ള പണം നൽകുന്നതിൽ പന്തളം രാജാവ് വീഴ്ചവരുത്തിയതിനാൽ ടി പ്രദേശങ്ങൾ തിരുവിതാംകൂറിൻെറ ഭാഗമായി മാറി. പിന്നീട് തിരുവിതാംകൂർ ഗവൺമെൻറ് നൽകിയ പെൻഷൻ വാങ്ങിക്കൊണ്ട് പന്തളം രാജാക്കൻമാർ സ്ഥാനം വെച്ചൊഴിഞ്ഞു.

ചെഴന്നൂർ രാജവംശക്കാർ അച്ചൻകോവിലിൽനിന്ന് രക്ഷപെട്ട് കോന്നിയിലെത്തി അരുവാപ്പുലത്തുള്ള എള്ളാംകാവ് ക്ഷേത്രത്തോട് തൊട്ടുകിടക്കുന്നതും അച്ചൻകോവിലാറിൻെറ തീരത്തുള്ളതുമായ ഊനാട് കോയിക്കൽ താമസമാക്കി. ശൈവൻമാരായിരുന്ന പാണ്ഡ്യ വംശക്കാർക്ക് നിത്യോപാസനയ്ക്കുവേണ്ടി സ്ഥാപിക്കപ്പെട്ടതാണ് എള്ളാംകാവ് ക്ഷേത്രം. ക്ഷേത്രത്തിനു സമീപത്ത് സ്ഥിതിചെയ്യുന്ന പഴയമഠം, അമ്പാലമഠം, ഐവേലിമഠം, മംഗലത്തുമഠം തുടങ്ങിയ ഗൃഹനാമങ്ങൾ രാജകുടുംബത്തോടൊപ്പമോ അതിനടുത്ത കാലഘട്ടത്തിലോ, അരുവാപ്പുലത്ത് ബ്രാഹ്മണർ സ്ഥിരതാമസമാക്കിയതായി സൂചിപ്പിക്കുന്നു.

പുതിയകാവ് ഭഗവതി ക്ഷേത്രത്തിലെ നിത്യനിദാനം വകയ്ക്ക് മുപ്പത്തിയാറ് പറ നെല്ലും, ഐരവൺ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ നിത്യനിദാനത്തിനായി പതിനെട്ടു പറ നെല്ലും 996 വരെ പ്രതിമാസം നൽകിയിരുന്നതായി പന്തളം കൊട്ടാരത്തിൽ സൂക്ഷിച്ചിട്ടുള്ള കൊട്ടാരം നിർവാഹക സംഘംവക രേഖകളിൽ കാണുന്നു. പന്തളം കൊട്ടാരത്തിലെ റെക്കാർഡുകളിൽ അയിരമൺ എന്നാണ് കാണുന്നത്. പ്രസ്തുത രേഖയിൽ കല്ലേലി ചൗക്കയെക്കുറിച്ച് നിരവധി പരാമർശങ്ങളുണ്ട്. പന്തളം രാജാക്കൻമാരിൽനിന്നും അരുവാപ്പുലംമടക്കമുള്ള പ്രദേശങ്ങളുടെ അവകാശം തിരുവിതാംകൂർ രാജാവിന് ലഭിച്ചതിനുശേഷം 10 സ്ക്വയർ മൈൽ പ്രദേശം കരമൊഴിവായി ചെങ്ങന്നൂർ പേരിശേരി ഇടമന മഠത്തിന് നൽകിയതായി ചില രേഖകളുണ്ട്.

മഠത്തിനു ലഭിച്ച ഈ ഭൂമിയിൽനിന്നും 2500 ഏക്കർ സ്ഥലം എച്ച്. & സി. തേയിലതോട്ടം സ്ഥാപിക്കുന്നതിനായി പാട്ടത്തിന് കൊടുക്കുകയുണ്ടായി. മലയാളം പ്ലാന്റേഷന്റെ പ്രവർത്തനം ഈ പ്രദേശത്ത് ആരംഭിച്ചതോടുകൂടി അരുവാപ്പുലം പഞ്ചായത്തിലെ കാർഷിക രംഗത്ത് വ്യാപകമായ ചില ചലനങ്ങൾ ഉണ്ടായി. സമീപപ്രദേശങ്ങളിൽനിന്നും ഒട്ടേറെ കർഷകർ ഈ പ്രദേശത്ത് എത്തുകയും കാട് വെട്ടിത്തെളിച്ച് റബ്ബർ കൃഷി ആരംഭിക്കുകയും ചെയ്തു.

അരുവാപ്പുലം പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡന്റായി ശ്രീ. കെ. കെ. മാധവൻനായരും, വൈസ് പ്രസിഡന്റായി ശ്രീ. വി ജെ. മാത്യുവും മെമ്പർമാരായി. ശ്രീ. വി. കെ. അച്ചുതൻപിള്ള' ശ്രീ. കെ. രവീന്ദ്രൻ, ശ്രീ. എം. റ്റി. ജോർജ്, ശ്രീ. എം. കെ, നീലകണ്ഠപ്പിള്ള, ശ്രീ. സി. ഗോപാലൻ എന്നിവരും പ്രവർത്തിച്ചിരുന്നു. ആദ്യകാല പഞ്ചായത്ത് കമ്മിററിയുടെ യോഗം പ്രസിഡന്റ് ശ്രീ. കെ. കെ. മാധവൻപിള്ളയുടെ വസതിയായ ശ്രീകൃഷ്ണവിലാസത്താണ് കൂടിക്കൊണ്ടിരുന്നത്. അമ്പലത്തിൻകടവ് ശ്രീ. സി. ഡാനിയേൽ അദ്ദേഹത്തിന്റെ വക കെട്ടിടത്തിന്റെ രണ്ടു മുറികൾ ഒരു കൊല്ലത്തേക്ക് വാടകകൂടാതെ തന്നുകൊള്ളാമെന്ന് സമ്മതിച്ചതനുസരിച്ച് ടി കെട്ടിടത്തിൽ പഞ്ചായത്ത് ആഫീസ് പ്രവർത്തിപ്പിക്കുവാൻ 30_8_53_ൽ കൂടിയ പഞ്ചായത്ത് കമ്മിററി യോഗം തീരുമാനിക്കുകയുണ്ടായി.

24_9_53_ൽ ശ്രീ. ഡാനിയേൽ നൽകിയ വാടക കെട്ടിടത്തിൽ പഞ്ചായത്താഫീസ് പ്രവർത്തിച്ചു തുടങ്ങി 4127 രൂപാ 13 അണ 4 പൈസ വരവും 3968 രൂപാ ചെലവും പ്രതീക്ഷിക്കുന്ന പഞ്ചായത്തിന്റെ ആദ്യത്തെ ബഡ്ജററ് (1853_54) 34_9_53_ൽ പാസാക്കുകയുണ്ടായി. 19_10_53_ൽ കൂടിയ പഞ്ചായത്ത് കമ്മിററി യോഗം പഞ്ചായത്തിൽ ഇലക്ട്രിസിററി ലഭിക്കാൻവേണ്ട നടപടികൾ കൈക്കൊള്ളുവാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയുണ്ടായി. പാർട്ട് ടൈം ക്ലാർക്ക്, പ്യൂൺ തുടങ്ങി പഞ്ചായത്ത് ആഫീസിലെ ആദ്യകാല നിയമനങ്ങൾ കമ്മിററി ഭൂരിപക്ഷ അഭിപ്രായ പ്രകാരമാണ് നടത്തിയിരുന്നതെന്ന് പഞ്ചായത്തിന്റെ ആദ്യകാല റിക്കാർഡുകളിൽ കാണുന്നു. പരാതികൾ പരിഹരിക്കുന്നതിനായി വാർഡ് അടിസ്ഥാനത്തിൽ മെമ്പറുടെ സബ് കമ്മിററി രൂപികരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നു.

റോഡുകളുടെ അററകുററപ്പണികൾക്കും ജലസേചനത്തിനാവശ്യമായ തോടുകൾ നന്നാക്കുന്നതിനും, ലിഫ്ററ് ഇറിഗേഷനും, ആരോഗ്യപ്രവർത്തനങ്ങൾക്കും ആദ്യകാല പഞ്ചായത്ത് കമ്മിററികൾ പ്രാധാന്യം നൽകിയിരുന്നു. 1954_55_ലെ ബഡ്ജററ് 9333 രൂപാ 13 അണ 4 പൈസ വരവും 9909 രൂപാ 2 അണ 6 പൈസ ചെലവുമായിരുന്നു. പഞ്ചായത്തിലെ പ്രധാന റോഡുകൾ 700_ഉം 800_ഉം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് പണി തീർത്തിട്ടുള്ളതായും ബഹുജന സഹകരണത്തോടെ പണിതീർത്തിട്ടുള്ള ഇത്തരം റോഡുകളുടെ നിർമ്മാണത്തിലൂടെ മിച്ചം പിടിച്ചിരുന്ന തുക മററ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിരുന്നതായും ആദ്യകാല റിക്കാർഡുകളിൽ കാണുന്നുണ്ട്

27_9_54_ൽ പഞ്ചായത്ത് കമ്മിററിക്കെതിരായി ആദ്യത്തെ അവിശ്വാസ പ്രമേയം അവതരിപ്പിക്കപ്പെട്ടു എങ്കിലും പാസായില്ല. ശ്രീ. മാധവൻനായർക്കുശേഷം ശ്രീ. വി. ജെ. മാത്യു, ശ്രീ. കെ. എൻ. രാഘവൻപിള്ള, ശ്രീ. ജോസഫ് ജോർജ് വടക്കേടം എന്നിവർ പ്രസിഡൻറുമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പഞ്ചായത്ത് കെട്ടിടത്തിനായി ശ്രീമംഗലത്ത് ശ്രീ. വി. ആർ. നാരായണപിള്ള സൗജന്യമായി നൽകിയ 15 സെൻറ് സ്ഥലത്ത് 1970_ൽ അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. കെ. അവുക്കാദർക്കുട്ടി നഹ തറക്കല്ലിടുകയുണ്ടായി. പണിപൂർത്തിയാക്കിയ പഞ്ചായത്ത് കെട്ടിടത്തിന്റെ ഉദ്ഘാടനം 1973 സെപ്ററംബർ 13_ാംതീയതി അന്നത്തെ പഞ്ചായത്ത് പ്രസിഡൻറായിരുന്ന ശ്രീ. കെ. എൻ. രാഘവൻപിള്ള ഉദ്ഘാടനം ചെയ്തു. ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് കമ്മിററി 1995 ഒക്ടോബർ 4_ാംതീയതി ശ്രീ. ററി. പി. കുമാറിന്റെ നേതൃത്വത്തിൽ അധികാരമേററു.

| | | | | |
|---|---|---|---|---|
| 1. | ററി. എം. മൈമൂൺബീവി | — | വാർഡ് 1 | (വൈസ് പ്രസിഡൻറ്) |
| 2. | ജോസഫ് ജോർജ വടക്കേടം | — | വാർഡ് 2 | |
| 3. | ലിസി വർഗീസ് | — | വാർഡ് 3 | |
| 4. | സതീഷ്കുമാർ | — | വാർഡ് 4 | |
| 5. | കുഞ്ഞമ്മജോർജ് | — | വാർഡ് 5 | |
| 6. | ഇന്ദിരാരവി | — | വാർഡ് 6 | |
| 7. | ററി. പി. കുമാർ | — | വാർഡ് 7 | (പ്രസിഡൻറ്) |
| 8. | എം. ഹസൻ | — | വാർഡ് 8 (സ്ററാൻഡിംഗ് കമ്മിററി ചെയർമാൻ) | |
| 9. | ററി. ചന്ദ്രൻ | — | വാർഡ് 9 | |
| 10. | വി. ജെ. ജോസഫ് | — | വാർഡ് 10 | |

എന്നിവർ പഞ്ചായത്ത് മെമ്പറൻമാരായി സേവനം അനുഷ്ഠിക്കുന്നു.

---

അവലംബം :— കേരള ചരിത്രത്തിലെ ചില വിസ്മൃത അദ്ധ്യായങ്ങൾ
അടൂർ രാമചന്ദ്രൻനായർ, നാഷണൽ ബുക്കുസ്ററാൾ, കോട്ടയം, 1969.



# കൃഷിയും ജലസേചനവും

# കൃഷിയും ജലസേചനവും

അരുവാപ്പുലം പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. പഞ്ചായത്തിൻെറ മൂന്നിലൊന്ന് ഭാഗവും ഇന്നും വനമാണ്. *VI, IX, X* വാർഡുകൾ വനത്താൽ ചുററപ്പെട്ടിരിക്കുന്നു. ഈ പഞ്ചായത്ത് പ്രദേശം ചരിവുകൂടിയതും സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കുന്ന പ്രദേശവുമാണ്.

പഞ്ചായത്തിലെ ഏററവും ഉയർന്ന പ്രദേശം കൊക്കാത്തോടാണ്. ഇന്നുളള കൃഷി ഭൂമിയിൽ ഭൂരിഭാഗവും വനഭൂമി വെട്ടിത്തെളിച്ച് കൃഷിഭൂമിയാക്കി മാററിയതാണ്. ചെങ്ങന്നൂർ ഇടമന മഠത്തിന് കരമൊഴിവായി 6400 ഏക്കർ സ്ഥലം 150 വർഷങ്ങൾക്കുമുൻപ് അന്നത്തെ രാജാവ് നൽകിയതായി ചില രേഖകളുണ്ട്. ഈ ഭൂമിയിൽനിന്നും 2500 ഏക്കർ പാട്ട ആധാരപ്രകാരം അവർ എച്ച് & സി_യ്ക്ക് നൽകുകയുണ്ടായി. ഈ സ്ഥലം ഇന്ന് മലയാളം പ്ലാൻേറഷൻെറ ഭാഗമാണ്. തേയിലയും റബ്ബറും കൃഷി ചെയ്തിരുന്ന കല്ലേലി തോട്ടത്തിൽ ഇന്ന് റബ്ബർ ആണ് മുഖ്യമായി കൃഷി ചെയ്യുന്നത്. കൂടാതെ കൊക്കോയും, തെങ്ങും കൃഷിചെയ്യുന്നുണ്ട്. നെല്ല്, തെങ്ങ് എന്നിവയാണ് അരുവാപ്പുലത്തെ ആദ്യ കാല കാർഷീക വിളകൾ. ഇപ്പോൾ പ്രധാന കാർഷീകവിള റബ്ബറാണ്. കൂടാതെ തെങ്ങും തോപ്പുകളോടുചേർന്ന് കമുക്, ഇഞ്ചി, മരച്ചീനി, വാഴ, കുരുമുളക് എന്നിവ കൃഷിചെയ്യുന്നു.

**അനുബന്ധം : 1**

കേരള സംസ്ഥാനത്തിലെ ഏക മണ്ണുസംരക്ഷണ ഗവേഷണ പരിശീലന കേന്ദ്രം കോന്നി അരുവാപ്പുലം എന്നീ പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്നു. കൃഷി (മണ്ണുസംരക്ഷണ വിഭാഗം) വകുപ്പിൻെറ കീഴിൽ ഒരു ഗവേഷണ കേന്ദ്രമെന്ന നിലയിൽ 1962 മുതൽ ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നു. മേൽപറഞ്ഞ രണ്ടു പഞ്ചായത്തുകളിലായി 46.931 ഹെക്ടർ സ്ഥലം ഈ സ്ഥാപനത്തിൻെറ പരിധിയിൽ വരുന്നു. ഇതിൽ 35 ഹെക്ടറോളം സ്ഥലം അരുവാപ്പുലം പഞ്ചായത്തിലാണ്. രാജഭരണ കാലത്ത് 'കുരുമുളകുകൊടി തോട്ട'വും കൃഷിപാഠശാലയും പ്രവർത്തിച്ചിരുന്നത് ഇതേ സ്ഥലത്താണ് പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 1955_മുതൽ സംസ്ഥാനത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 1963_ൽ മണ്ണുസംരക്ഷണത്തിനായി ഒരു സ്വതന്ത്ര വകുപ്പ് നിലവിൽവന്നും കൃഷി പാഠശാലയായിരുന്ന ഈ സ്ഥാപനം 1958 മുതൽ കൃഷിവകുപ്പിൻെറ കീഴിലും തുടർന്ന് ഗവേഷണ കേന്ദ്രമെന്ന നിലയിൽ മണ്ണുസംരക്ഷണ വകുപ്പിൻെറ കീഴിലുമായി.

ഭൂപ്രകൃതിക്കും കാർഷിക വിളകൾക്കും അനുയോജ്യമായുള്ള വ്യത്യസ്ത മണ്ണ്_ജലസംരക്ഷണ മുറകൾ ആവിഷ്കരിക്കുകയും സംസ്ഥാന തലത്തിൽ അവ നടപ്പാക്കാൻ അവസരമുണ്ടാക്കുകയും ചെയ്തുവന്നിരുന്ന ഈ സ്ഥാപനം ഇന്ന് കർഷകർക്കും ഉദ്യോഗസ്ഥർക്കും ശാസ്ത്രീയ മണ്ണ്_ജല സംരക്ഷണത്തിൽ പരിശീലനം നൽകുന്ന സംസ്ഥാനത്തെ ഏക സ്ഥാപനവുംകൂടിയാണ്. കാലാവസ്ഥാ പഠനത്തിനുള്ള സൗകര്യങ്ങളും പരിമിതമായ തോതിൽ ഈ സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

# കാർഷിക വിളകൾ

**നെല്ല്**

1970 വരെ ഈ പഞ്ചായത്തിലെ പ്രധാന കൃഷി നെല്ലായിരുന്നു. എന്നാൽ സമീപകാലത്തായി നെൽകൃഷിയോടുള്ള താൽപ്പര്യം കുറഞ്ഞുവരുന്നതായാണ് കാണുന്നത്. വളരെ ഫലപ്രദമായി നെൽ കൃഷിചെയ്യാൻ കഴിയുന്ന പാടങ്ങൾപോലും തരിശിടാനുള്ള ഒരു പ്രവണത കർഷകരിൽ കണ്ടുവരുന്നു. ഇപ്പോൾ 95 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്. വിരിപ്പ്, മുണ്ടകൻ എന്നിങ്ങനെ ഇരുപ്പു കൃഷിചെയ്യുന്നു. 1, 3, 4, 5, 7, 8 എന്നീ വാർഡുകളിലാണ് പ്രധാനമായി നെൽകൃഷി നടത്തുന്നത്. ജ്യോതി, ത്രിവേണി, ജയ എന്നീ ഇനങ്ങളാണ് മുഖ്യമായും കൃഷി ചെയ്യുന്നത്. മഴയെ ആശ്രയിച്ചാണ് പ്രധാനമായും കൃഷിചെയ്യുന്നത്.

പട്ടിക – 1

## പാടശേഖര സമിതികൾ

| ക്രമ-നമ്പർ | വാർഡ് | ഏലായുടെ പേര് | വിസ്തീർണ്ണം | കൃഷിഭവൻവഴി വിതരണം ചെയ്ത കാർഷിക ഉപകരണങ്ങൾ |
|---|---|---|---|---|
| 1. | 4, 5 | മുതുപേഴുങ്കൽ | | ട്രില്ലർ — 1 |
| 2. | 8 | കുമ്മണ്ണൂർ | | ,, — 1 |
| 3. | 4 | കൊല്ലൻപടി-തിനവിളപടി | | ,, — 1 |
| 4. | 3 | മുതുപാലയ്ക്കൽ | | |
| 5. | 1 | കണ്ണോടി | | ,, — 1 |
| 6. | 3, 4 | നൂറുപറ | | |

### തെങ്ങ്

അരുവാപ്പുലം പഞ്ചായത്തിൽ തെങ്ങുകൃഷി വളരെ ആദായകരമായി നടത്തിയിരുന്നു. എന്നാൽ സമീപകാലത്തായി വ്യാപകമായി കാററുവീഴ്ചയും, മണ്ഡരിയലും തെങ്ങുകൃഷിയെ പ്രതികൂലമായി ബാധിച്ചതോടുകൂടി തെങ്ങിൻ തോപ്പുകൾ റബ്ബർ എസ്റേററുകളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ 315 ഹെക്ടർ സ്ഥലത്തുമാത്രമാണ് തെങ്ങുകൃഷിയുള്ളത്. പഞ്ചായത്തിലെ ശരാശരി ഉൽപാദനക്ഷമത തെങ്ങൊന്നിന് 35 ആണ്. മൊത്തം ഉല്പാദനം 1900000. 312 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിചെയ്യുന്നു.

### റബ്ബർ

കേരളത്തിലെ പഴക്കംചെന്ന റബ്ബർ തോട്ടങ്ങളിൽ ഒന്നാണ് കല്ലേലിതോട്ടം. കേരളത്തിൽ റബ്ബർ കൃഷി ആരംഭിച്ച് അധികം താമസിയാതെ ഇവിടെയും റബ്ബർ കൃഷി ആരംഭിച്ചു. 2500 ഏക്കർ വിസ്തൃതിയുള്ള കല്ലേലി തോട്ടം കൂടാതെ വനം വെട്ടിത്തെളിച്ച് ഒട്ടേറെ സ്വകാര്യ വ്യക്തികളും ഇടത്തരം തോട്ടങ്ങൾ സ്ഥാപിക്കുകയുണ്ടായി. അരുവാപ്പുലം പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചയിൽ റബ്ബർകൃഷി മുഖ്യപങ്കുവഹിക്കുന്നു. ആദ്യകാലങ്ങളിൽ ഉൽപ്പാദനക്ഷമത കുറഞ്ഞ നാടൻ മരങ്ങളാണ് കൃഷി ചെയ്തിരുന്നത്. എന്നാൽ അത്യുൽപ്പാദന ശേഷിയുള്ള *R. R. I*–105, 600, 235 എന്നീ ഇനങ്ങൾ കൃഷിചെയ്തിരുന്നു. മററ് കാർഷിക വിളകളിൽനിന്നും വിഭിന്നമായി കൂടുതൽ ശ്രദ്ധയും പരിചരണവും റബ്ബർ മരങ്ങൾക്ക് നൽകുന്നുണ്ട്. പഞ്ചായത്തിൽ 2760 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തുവരുന്നു.

### വാഴ

തെങ്ങിന് ഇടവിളയായി കൃഷി ചെയ്തിരുന്ന വാഴ ഇപ്പോൾ റബ്ബർ തൈകളുടെ ഇടവിളയായും പാടശേഖരങ്ങളിൽ തറയെടുത്തും കൃഷിചെയ്തുവരുന്നു. മുതുപേഴുങ്കൽ, പടപ്പക്കൽ, അരുവാപ്പുലം പ്രദേശങ്ങളിൽ വാഴകൃഷി ധാരാളമായും മററു പ്രദേശങ്ങളിൽ ഭാഗീകമായും കൃഷിചെയ്തുവരുന്നു. ഏത്തവാഴയാണ് പ്രധാനയിനം കൂടാതെ പാളയൻകോടൻ, കദളി, കണ്ണൻ, പൂവൻ, റോബസ്ററ എന്നീ ഇനങ്ങളും കൃഷിചെയ്തുവരുന്നു.

### മററിനങ്ങൾ

മലയോര പ്രദേശമായ അരുവാപ്പുലത്ത് കാപ്പി, ഏലം, കുരുമുളക്, ഇഞ്ചി, കൊക്കോ, കശുവണ്ടി എന്നിവയും കൃഷിചെയ്യുന്നുണ്ട്. ഒരു കാലത്ത് തെങ്ങിൻ തോപ്പുകളിൽ ഇടവിളയായും റബ്ബർതോട്ടങ്ങൾ

വെട്ടി ഒഴിയുന്ന സ്ഥലത്തും കൃഷിചെയ്തിരുന്ന കപ്പ, കാച്ചിൽ, ചേന, ചേമ്പ്, മധുരക്കിഴങ്ങ് എന്നിവ വർഷാവർഷം കുറഞ്ഞുവരുന്നതായി കാണുന്നു. സമീപകാലത്തായി റബ്ബർ നഴ്സറികൾ വ്യാപകമായും കൂൺകൃഷി ചെറിയ തോതിലും ചെയ്തുവരുന്നു. പഞ്ചായത്തിൽ 15 ഹെക്ടർ സ്ഥലത്ത് പച്ചക്കറിയും 12 ഹെക്ടർ സ്ഥലത്ത് പയറും സസ്യം കൃഷിചെയ്യുന്നു.

**പട്ടിക - 2**

## പ്രതിവർഷ രാസവള പ്രയോഗത്തിന്റെ കണക്ക്

| ക്രമ നമ്പർ | രാസവളത്തിന്റെ പേര് | തൂക്കം |
|---|---|---|
| 1. | നൈട്രജൻ | 19448 കി. ഗ്രാം |
| 2. | ഫോസ്ഫറസ് | 12201 ,, |
| 3. | പൊട്ടാഷ് | 17720 ,, |

**പട്ടിക - 3**

| കൃഷിഭൂമി സംബന്ധിച്ച വിവരങ്ങൾ | |
|---|---|
| ഇനം | വിസ്തീർണ്ണം |
| നിലം | 110.89 ഹെക്ടർ |
| പുരയിടം | 3280.32 ,, |
| പുറമ്പോക്ക് തേക്കു പ്ലാന്റേഷൻ | 489.80 ,, |
| കൃഷിയോഗ്യമായ തരിശ് | 14.82 ,, |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 16.73 ,, |
| ആകെ | 3912.56 ,, |

**പട്ടിക - 4**

| വിളവിസ്തീർണ്ണവും ഉല്പാദനവും | | | |
|---|---|---|---|
| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
| നെല്ല് (ഒന്നാം വിള) | 92 ഹെക്ടർ | 124.2 ടൺ | 1350 കി. ഗ്രാം |
| നെല്ല് (രണ്ടാം വിള) | ,, | 184.0 ,, | 2000 ,, |
| നെല്ല് (മൂന്നാം വിള) | ഇല്ല | | |
| പയർ | 10 ഹെക്ടർ | 5000 *kgs* | 500 ,, |
| എള്ള് | | | |
| പച്ചക്കറികൾ | 17 ,, | 34000 *kgs* | 2000 *kgs* |
| തെങ്ങ് | 312 ,, | 1900000 *nuts* | 35 *nuts / tree* |
| വാഴ | 240 ,, | 60 ടൺ | 5 *kg / planten* |
| മരച്ചീനി | 95 ,, | 3325 ടൺ | 35 ടൺ / ഹെക്ടർ |
| കുരുമുളക് | 252 ,, | 69300 *kgs* | 275 *kg* / ഹെക്ടർ |
| പ്ലാവ് | 15 ,, | 300 ടൺ | 20 ടൺ / ,, |
| റബ്ബർ | 2760 ,, | 5520000 *kgs* | 2000 *kg* / ,, |
| കമുക് | 60 ,, | 7245 ടൺ | 121 *kg* / ,, |
| കൊക്കോ | 43 ,, | 42 ടൺ | 800 *kg* / ,, |

## പ്രശ്നങ്ങൾ

1. അരുവാപ്പുലം പ്രദേശം പൊതുവേ ചരിവുകൂടുതലായതിനാൽ ഉപരിതല ജല പ്രവാഹത്തിനും, മേൽമണ്ണിന്റെ ഒലിച്ചുപോക്കിനും ശക്തി കൂടുന്നുണ്ട്. മണ്ണിൽ സംഭരിക്കപ്പെടുന്ന മഴവെള്ളത്തിലുണ്ടാകുന്ന കുറവ് വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമത്തിന് കാരണമാകുന്നു. ഇത് കാർഷികോല്പ്പാദന മാന്ദ്യത്തിനും, കുടിവെള്ള ക്ഷാമത്തിനും കാരണമാകുന്നു.

2. ജലസേചനസൗകര്യം കുറഞ്ഞ ഈ പഞ്ചായത്തിലെ അധിക ഭാഗങ്ങളിലൂടെയും കല്ലട ഇറിഗേഷന്റെ കനാലുകൾ കടന്നുപോകുന്നില്ല.

3. പാടശേഖരങ്ങളുടെ കരകളിൽ റബ്ബർ കൃഷി ചെയ്തിരിക്കുന്നത് നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

4. കൃഷിഭവനിൽനിന്നും ലഭിക്കുന്ന വിത്ത്, വളം എന്നിവ ആവശ്യമായ സമയത്ത് ലഭിക്കുന്നില്ല.

5. ശാസ്ത്രീയമായ മണ്ണു പരിശോധനയോ വളപ്രയോഗമോ കൂടാതെയാണ് കൃഷി നടത്തുന്നത്.

6. മണ്ണുസംരക്ഷണ ഡിപ്പാർട്ടുമെന്റു വഴിയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

7. കർഷക തൊഴിലാളികളുടെ ദൗർലഭ്യവും നെല്ലിന്റെ വിലക്കുറവും നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

8. അത്യുല്പാദന ശേഷിയുള്ള റബ്ബറിന്റെ പട്ടചീയൽ, മരവിപ്പ്, വിദഗ്ദ്ധ ടാപ്പിംഗ് തൊഴിലാളികളുടെ ദൗർലഭ്യം എന്നിവ റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്.

9. തെങ്ങിന്റെ മണ്ടചീയൽ, കാററുവീഴ്ച എന്നിവ വ്യാപകമായി കണ്ടുവരുന്നു.

10. പച്ചക്കറികളുടെ മണ്ടമുരടിപ്പ്, ഇലചുരുളൽ, കീടങ്ങളുടെ ഉപദ്രവം എന്നിവ പച്ചക്കറി കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

11. വാഴയുടെ മാണംചീയൽ, മണ്ടയടപ്പ്, കൂലച്ചവാഴയ്ക്ക് മാണത്തിൽനിന്നുണ്ടാകുന്ന പുഴുആക്രമം, ഇലയുടെ മഞ്ഞളിപ്പ്, ഇലകരിച്ചിൽ എന്നിവ ഈ പ്രദേശത്തെ വാഴയ്ക്ക് കണ്ടുവരുന്ന പ്രധാന രോഗങ്ങളാണ്.

12. കുരുമുളകിനുണ്ടാകുന്ന ദ്രുതവാട്ടം, കമുകിനുണ്ടാകുന്ന മഹാളി എന്നിവയ്ക്ക് ഫലപ്രദമായ പ്രതിവിധി കണ്ടെത്തിയിട്ടില്ല.

13. ഇലകുരുടിപ്പ്, ചിതൽ, പന്നി, എലി എന്നിവയുടെ ആക്രമം മരച്ചീനി കൃഷിക്ക് നേരിടുന്ന പ്രശ്നങ്ങളാണ്.

14. നെല്ലിന് പഴുപ്പ്, കുഴൽരോഗം, മണ്ടയടപ്പ്, ചാഴിശല്യം എന്നിവ കണ്ടുവരുന്നു. പാടങ്ങളോടു ചേർന്നുള്ള വരമ്പുകളിലും പുരയിടങ്ങളിലും മററ് കൃഷികൾ ചെയ്യുന്നത് വിത്ത്, വളം എന്നിവ ഏലാകളിൽ എത്തിക്കുന്നതിനും കററ മെതി സ്ഥലങ്ങളിൽ എത്തിക്കുന്നതിനും അപരിഹാര്യമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

15. പാടശേഖരങ്ങൾ ഇടയ്ക്കിടയ്ക്ക് മററ് കൃഷികൾക്കായി മാററപ്പെടുത്തുന്നതുമൂലം പവർ ട്രില്ലർ, ട്രാക്ടർ എന്നിവ നെൽപ്പാടങ്ങളിൽ എത്തിക്കുന്നതിന് കഴിയാതെ വരുന്നു.

**പട്ടിക - 5**

**പ്രതിവർഷ കീടനാശിനി പ്രയോഗത്തിന്റെ കണക്ക്**

| ക്രമനമ്പർ | കീടനാശിനിയുടെ പേര് | അളവ്/തൂക്കം |
|---|---|---|
| 1 | എക്കാലിപ്സ് | 50 ലിററർ |
| 2 | ഫുറഡാൻ | 50 kgs |
| 3 | മോണോക്രോട്ടോഫെക്സ് | 25 ലിററർ |
| 4 | മലാത്തിയോൺ | 10 ,, |
| 5 | B. H. C.-10% | 50 kg |
| 6 | B. H. C.-50% | 50 kg |
| 7 | തുരിശ് | 150 kg |
| 8 | നീററുകക്ക | 450 kg |

## നിർദ്ദേശങ്ങൾ

1. അച്ചൻകോവിൽ വിവിധോദ്ദേശ്യ പദ്ധതി നടപ്പിലാക്കുകവഴി ഈ പഞ്ചായത്തിനു പുറമേ പത്തനംതിട്ട,ആലപ്പുഴ ജില്ലകൾക്കും കൃഷി ആവശ്യത്തിന് ജലം ഉപയോഗിക്കുന്നതിനും, പദ്ധതിയുടെ നടത്തിപ്പുവഴി ഈ ജില്ലകളിലെ വൈദ്യുതിക്ഷാമം പരിഹരിക്കുവാനും കഴിയും.

2. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്ന് മണ്ണിനങ്ങൾ ശേഖരിച്ച് പരിശോധന നടത്തി വള പ്രയോഗങ്ങൾ നടത്തുന്നതു സംബന്ധിച്ച് കർഷകർക്കാവശ്യമായ ബോധവൽക്കരണം. അതിനായി ഒരു മണ്ണുപരിശോധനാകേന്ദ്രം ആരംഭിക്കണം,

3. പാടശേഖരങ്ങളിൽ ജലം ലഭിക്കുന്നതിന് അതാതു പ്രദേശങ്ങളിലെ തോടുകൾ സംരക്ഷിക്കേണ്ടതുണ്ട്. അതിനായി തോടുകളിൽ തടയണ നിർമ്മിച്ച് കൃഷി മെച്ചപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങളും ബോധവൽക്കരണവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകണം.

4. പഞ്ചായത്തിലെ മിക്ക പാടശേഖരങ്ങളും ഓരോ ഏലാകളായതിനാൽ ഗ്രൂപ്പ് ഫാമിംഗ് നടത്തുന്നതിനുള്ള സാദ്ധ്യതകൾ ധാരാളമാണ്. അതോടൊപ്പം പാടങ്ങളിൽ വിളവെടുപ്പിനുശേഷം പച്ചക്കറി കൃഷി ചെയ്യുന്നതിന് അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും വളങ്ങളും കീടനാശിനികളും ആവശ്യമായ നിർദ്ദേശങ്ങളും കൃഷി വകുപ്പിൻെറ ആഭിമുഖ്യത്തിൽ പഞ്ചായത്തു തലത്തിൽ നടപ്പിൽ വരുത്തണം.

   വേനൽക്കാലത്ത് കല്ലട പ്രോജക്ടിൽനിന്നും പുളിഞ്ചാണി വലിയതോടുവഴി വെള്ളം ഒഴുക്കി ചീർപ്പുകൾകെട്ടി പാടങ്ങളിലെത്തിക്കണം. നിലവിലുള്ള ചീർപ്പുകളുടെ അററകുററ പണികൾ അടിയന്തിരമായി തീർക്കേണ്ടതുമാണ്.

5. അച്ചൻകോവിൽ വനപ്രദേശവുമായി അടുത്തുകിടക്കുന്ന ഈ പഞ്ചായത്തിൽ ഔഷധസസ്യകൃഷിക്ക് വിപുലമായ സാദ്ധ്യതകളുണ്ട്. ശാസ്ത്രീയമായ രീതിയിൽ ഔഷധ കൃഷി നടത്തുവാൻ ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്.

6. അശാസ്ത്രീയമായ കീടനാശിനി പ്രയോഗങ്ങൾ ഗുണത്തേക്കാളേറെ ദോഷമായി തീരുന്നതിനാൽ ശാസ്ത്രീയവും അപകടരഹിതവുമായ കീടനാശിനി പ്രയോഗങ്ങൾ കൃഷിക്കാരെ ബോദ്ധ്യമാക്കണം

7. പഞ്ചായത്തിലെ 1, 3 വാർഡുകളിലായി രണ്ട് ഭാഗത്തായി റിസർവ്വ് വനമുണ്ട്. ഈ വനത്തിൽ വനംവകുപ്പിൻെറ സഹായത്തോടുകൂടി തീററപ്പുൽകൃഷി ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കേണ്ടതാണ്.

8. പ്രകൃതിക്ഷോഭങ്ങൾ സർവ്വസാധാരണമായ ഈ പഞ്ചായത്തിൽ കാർഷീക വിളകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷുറൻസ് സമ്പ്രദായം വിപുലപ്പെടുത്തുകവഴി കർഷകർക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഉല്പാദനം മെച്ചപ്പെടുത്തുന്നതിനും സാധിക്കും.

9. വനപ്രദേശത്തോടടുത്തു കിടക്കുന്ന ഈ പഞ്ചായത്തിലെ മിക്ക കൃഷിയും വന്യജീവികളുടെ ഭീഷണി നേരിടുന്നു. ഇത്തരത്തിൽ കൃഷിനാശം നേരിടുന്ന കർഷകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കണം.

10. കേരവികസന സമിതിയിൽ മുഴുവൻ കേരകർഷകരേയും അംഗങ്ങളാക്കേണ്ടതാണ്. നിലവിലുള്ള അശാസ്ത്രീയ തരംതിരിക്കൽ കേരവികസനസമിതിയുടെ പ്രവർത്തനം ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് തടസമായിട്ടാണ് കാണുന്നത്.

11. കാററുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാററുവാനും പുതിയ തെങ്ങിനങ്ങൾ നടുവാനും ആവശ്യമായ സർക്കാർ സഹായം സംസ്ഥാനത്തെ മുഴുവൻ കേരകർഷകർക്കും നൽകേണ്ടതാണ്. കേരവികസനസമിതീയിലൂടെ വിതരണം ചെയ്യുന്ന വളം, വളം പ്രയോഗിക്കേണ്ട സമയത്തുതന്നെ ലഭ്യമാക്കുകയും എല്ലാ കേര കർഷകർക്കും നൽകുകയും ചെയ്യേണ്ടതാണ്.

12. പഞ്ചായത്തടിസ്ഥാനത്തിൽ കാർഷികോൽപ്പന്നങ്ങളുടെയും കന്നുകാലികളുടെയും പ്രദർശനം വർഷംതോറും സംഘടിപ്പിക്കേണ്ടതാണ്.

13. 1, 2, 3 വാർഡുകളുടെ സംഗമ സ്ഥാനമായ പുളിഞ്ചാണിയിൽ ഒരു പൊതു വിപണനകേന്ദ്രം *(Public Market)* ആരംഭിക്കുകയാണെങ്കിൽ ഈ പ്രദേശത്തെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ വിററഴിക്കുന്നതിനു സാധിക്കും. ഇപ്പോൾ അഞ്ച് കിലോമീററിലധികം ദൂരമുള്ള വിപണന കേന്ദ്രത്തെയാണ് കർഷകർ ആശ്രയിക്കുന്നത്.

14. കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെടുത്തി അഗ്രോക്ലിനിക്കുകളും കാർഷിക പരിശീലന കേന്ദ്രവും സ്ഥാപിച്ചാൽ ഈ പ്രദേശത്തെ കാർഷികരംഗം മെച്ചപ്പെടുത്തുവാൻ കഴിയും.

15. പഞ്ചായത്ത് അടിസ്ഥാനത്തിൽ കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങി കർഷകർക്ക് പ്രയോജനപ്പെടുത്തുവാൻവേണ്ട സംവിധാനം ലഭ്യമാക്കണം,

16. കർഷക തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ലഭ്യമാക്കുവാൻ സഹായകരമായ വിധത്തിൽ കർഷക തൊഴിലാളികളുടെ ഒരു സഹകരണസംഘം പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കുക.

17. മുറിഞ്ഞകലിൽ കല്ലട ഇറിഗേഷൻ കനാലിൽ നിന്നുമുള്ള കൃഷിക്കാവശ്യമായ ജലം നിലങ്ങളിൽ നിന്നും ഏകദേശം 3 മുതൽ 4 അടിവരെ താഴ്ചയുള്ള തോട്ടിലൂടെയാണ് ഒഴുക്കിവിടുന്നത്. തൻമൂലം കൃഷിക്ക് പൂർണ്ണമായും ഉപയോഗിക്കാൻ കഴിയാതെ നഷ്ടപ്പെടുന്നു. ഇതിന് പരിഹാരമായി മ്ലാന്തടം ചീർപ്പിന് മുൻവശത്തുകൂടി മ്ലാന്തടം_ഇടത്തറ ഏലായുടെ പടിഞ്ഞാറുവഴി നിർമ്മാണം ആരംഭിച്ച സബ് കനാൽ, ഏലായുടെ അവസാനഭാഗം വരെയും എത്തുന്നവിധത്തിൽ നിർമ്മാണം പൂർത്തീകരിച്ചാൽ ജലനഷ്ടം ഒഴിവാക്കുവാനും കൃഷിക്ക് ഗുണം ചെയ്യുവാനും കഴിയും. ഈ ജലം കൃത്യമായി ലഭിച്ചാൽ ഇരുപ്പുനിലങ്ങളിൽ ഇടക്കാല വിളയായി പയർ, എള്ള്, ഉഴുന്ന് മുതലായവ കൃഷി ചെയ്യുവാനും സാധിക്കും.

18. പവർട്രില്ലറും, ട്രാക്ടറും ഏലായിൽ മുഴുവൻ കടന്നുചെല്ലുവാൻ ആവശ്യമായ സ്ഥലം ഒഴിച്ചിട്ടു മാത്രം നെൽപ്പാടങ്ങൾ മററു കൃഷിക്കായി ഉപയോഗിക്കുവാൻ പാടുള്ളൂ.

19. കാലവർഷക്കെടുതിമൂലം കാലാകാലങ്ങളിൽ തോടിന്റെ സൈഡ് പൊട്ടിയും മണ്ണ് കയറിയും കൃഷിനാശം സംഭവിക്കുന്നു. അടിയന്തിരമായി തോടിന്റെ സൈഡ് കെട്ടി ബലപ്പെടുത്തുവാനും തോട് പുറമ്പോക്ക് കൈയ്യേറിയതുമൂലം തോടിന്റെ വീതി കുറയുന്നതും വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന കൃഷിനാശവും ഒഴിവുക്കുവാൻ നടപടികൾ സ്വീകരിക്കണം.

20. കാർഷിക ഉല്പന്നങ്ങൾ നിശ്ചിത വിലയ്ക്ക് സഹകരണസംഘങ്ങൾ മുഖേന സംഭരിക്കുകയും ഇടനിലക്കാരെ ഒഴിവാക്കുകയും വേണം.

21. ഓമയ്ക്ക, ചക്ക എന്നീ പഴവർഗങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാനുള്ള സംവിധാനം നിലവിലില്ല. ഇതു പരിഹരിക്കുന്നതിനായി പഴവർഗങ്ങൾ സംസ്കരിക്കുന്നതിന് *DWCRA* യൂണിററ് സ്ഥാപിക്കണം.

22. കൂൺ, പുഷ്പ കൃഷിക്ക് ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനവും നൽകാനുള്ള സംവിധാനം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തണം.

23. റബ്ബർ മരം സ്ലോട്ടറിനുശേഷം മുറിച്ചുമാററുമ്പോൾ മാർക്കററിൽ നിലവിലുള്ള തടിയുടെ വിലയ്ക്ക് അനുപാതമായ വില ലഭിക്കുന്നില്ല. ഈ നഷ്ടം ഒഴിവാക്കുവാൻ റബ്ബർ തടിക്ക് നിശ്ചിത വില ലഭിക്കുവാൻ ആവശ്യമായ നടപടിയുണ്ടാകണം.

24. ലേബർ ഡിപ്പാർട്ടുമെന്റ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന കട്ടിംഗ് ലോഡിംഗ് ചാർജിനേക്കാൾ വളരെ കൂടുതൽ തുക ഈടാക്കുന്ന നടപടിമൂലം കൃഷിക്കാരന് തടിക്ക് കിട്ടേണ്ട വില കിട്ടാതെവരുന്നു. നിശ്ചിത കൂലിമാത്രം ഈടാക്കാനുള്ള നടപടിയുണ്ടാവണം.

25. റബ്ബർ തടി സംസ്കരിക്കുന്ന ഒരു ഫാക്ടറി അരുവാപ്പുലം കേന്ദ്രമാക്കി സ്ഥാപിക്കണം.



# മൃഗസംരക്ഷണം

# മൃഗസംരക്ഷണം

അരുവാപ്പുലം പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട് എന്നിവയാണ്. നാമമാത്രമായി ഉഴവു കാളകളെ വളർത്തുന്നുണ്ട്. എരുമ വളർത്തൽ തീരെയില്ല. പ്രധാന വളർത്തു പക്ഷി കോഴിയാണ്. വളരെ ചെറിയ തോതിൽ താറാവും വളർത്തപ്പെടുന്നു. പഞ്ചായത്തിലെ മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തൽ ഉണ്ട്. ഇറച്ചിക്കുവേണ്ടിയല്ലെങ്കിലും കൗതുകത്തിനു വേണ്ടി ചെറിയ തോതിൽ മുയലുകളേയും വളർത്തുന്നു.

നെൽകൃഷി കുറഞ്ഞതും, കാർഷിക രംഗത്തെ യന്ത്രവൽക്കരണവും വളർത്തു മൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്. കാലിതീററയുടെ വില വർദ്ധനവ്, വൈക്കോലിൻെറയും, പുല്ലിൻെറയും ലഭ്യതക്കുറവ് ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തലിനെ പൊതുവെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. ഈ പഞ്ചായത്തിൽ ആകെ 2 പാൽ സൊസൈററികൾ മാത്രമാണുള്ളത്. ഈ സൊസൈററികൾ വളരെ കുറച്ച് പാൽ ഉൽപ്പാദകർക്കു മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ.

പഞ്ചായത്തിൽ ആകെയുള്ള ഒരു മൃഗാശുപത്രി ഐരവണിലാണ് സ്ഥിതിചെയ്യുന്നത്. ഭൂമിശാസ്ത്രപരമായ അരുവാപ്പുലം പഞ്ചായത്തിൻെറ കിടപ്പുമൂലം ഈ ആശുപത്രിയുടെ പ്രയോജനം രണ്ടു വാർഡുകൾക്കു മാത്രമേ ലഭിക്കുന്നുള്ളൂ. മററു വാർഡുകളിൽ ഉള്ളവർ കാലികൾക്ക് രോഗം വന്നാൽ കോന്നി മൃഗാശുപത്രിയിൽ അഭയം പ്രാപിക്കുക മാത്രമേ കാരണീയമായിട്ടുള്ളൂ. കൃത്രിമ ബീജസങ്കലനം നടത്തുന്നതിനും വമ്പിച്ച ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. സമയത്തിനു ചികിത്സ കിട്ടാതെ കാലികൾ ചാകുന്ന സാഹചര്യം ഇതുമൂലം ഉണ്ടാകാറുണ്ട്

കന്നുകാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ പ്രധാനമായും ദഹനസംബന്ധമായവ, ശ്വാസകോശ സംബന്ധമായവ, ത്വക്ക് രോഗങ്ങൾ, കുളമ്പ്രോഗങ്ങൾ, അകിടുവീക്കം, മുടന്തൻപനി പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട രോഗങ്ങൾ എന്നിവയാണ്. കന്നുകാലികളുടെ രോഗനിർണ്ണയത്തിനായി അവയുടെ രക്തം, ചാണകം, മൂത്രം എന്നിവ പരിശോധിക്കുവാനുള്ള യാതൊരു സൗകര്യവും ഈ പഞ്ചായത്തിലില്ല.

പാലിൽ കുറഞ്ഞ് 3.5% കൊഴുപ്പും, 8.5% ഇതര ഖരാംശവും (S. N. F.) വേണമെന്ന് നിലവിലുള്ള നിയമം അനുശാസിക്കുന്നു. തോത് ഇതിൽ കുറവാണെങ്കിൽ, ഭക്ഷണ സാധനങ്ങളിലെ മായം ചേർക്കൽ നിരോധന നിയമപ്രകാരം പിടിയിലാകാം. സങ്കര വർഗ പശുക്കളുടെ പാലിൽ കൊഴുപ്പ് കുറവായതുകൊണ്ട് നിരപരാധികൾ നിയമക്കുരുക്കിൽപ്പെടാനും ശിക്ഷിക്കപ്പെടാനും ഈ സാഹചര്യം വഴിയൊരുക്കുമെന്നും പരക്കെ പരാതിയുണ്ട്.

അരുവാപ്പുലം പഞ്ചായത്തിൽ ആകെ മൂന്ന് ഗോബർ ഗ്യാസ് പ്ലാൻറുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. അതുതന്നെ പൂർണ്ണമായും പ്രവർത്തന ക്ഷമമല്ല. കൂടുതൽ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സാദ്ധ്യതയുണ്ടെങ്കിലും കർഷകരിലെ ഇതു സംബന്ധിച്ചുള്ള അജ്ഞത പ്രധാന തടസമായി

നിൽക്കുന്നു. വൈദ്യുതി ക്ഷാമം രൂക്ഷമായിരുന്ന സാഹചര്യത്തിൽ ഒരു വീട്ടിലെ പാചകത്തോടൊപ്പം വെളിച്ചത്തിനുവേണ്ടിയും ഗോബർ ഗ്യാസ് ഉപയോഗിക്കുവാൻ കഴിയും. ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് സബ്സിഡിയുണ്ടെങ്കിലും ഇവയുടെ പ്രയോജനം ജനങ്ങളിൽ എത്തിയിട്ടില്ല.

മുൻകാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തൽ ധാരാളമായി ഉണ്ടായിരുന്നു. എന്നാൽ ഇറച്ചികോഴികളെ മററ് പ്രദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതുമൂലം കോഴിവളർത്തൽ കുറയുവാൻ കാരണമായിട്ടുണ്ട്. കോഴിത്തീററയ്ക്കുള്ള വിലവർദ്ധനവ് മുട്ടക്കോഴികളെ വളർത്തുന്നതിന് ലാഭകരമല്ല. കോഴിവസന്ത കോഴിവളർത്തലുകാർക്ക് എന്നും ഒരു പേടിസ്വപ്നമാണ്. പ്രതിരോധ നടപടികൾക്ക് ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ ലഭ്യമല്ല. മഞ്ഞച്ചോളം, കടലപ്പിണ്ണാക്ക്, അരിത്തവിട്, ഗോതമ്പുപൊടി എന്നിവയാണ് കോഴിത്തീററയുടെ പ്രധാന ഘടകങ്ങൾ. ഇവയെല്ലാം തമിഴ്നാട്ടിൽനിന്നും ഇറക്കുമതി ചെയ്യുന്നതിനാൽ സ്വാഭാവികമായും വില കൂടുന്നു.

മററിനം കോഴികളോടൊപ്പം കൂടുതൽ ഇറച്ചിക്കും മുട്ടയ്ക്കും ഗിരിരാജൻ കോഴികളെ വളർത്തുന്നതും, പ്രോൽസാഹിപ്പിക്കുന്നതും പ്രയോജനകരമാണ്.

മലയോര പ്രദേശമായ അരുവാപ്പുലം പഞ്ചായത്തിന് ആടുവളർത്തൽ വികസിപ്പിക്കാൻ അനുയോജ്യമായിട്ടുള്ള ഭൗതീക സാഹചര്യങ്ങൾ വേണ്ടത്രയുണ്ട്. ആടിനെ തീററുവാൻ വിസ്തൃതമായ വനപ്രദേശം വളരെ സഹായകരമാണ്.

ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുന്നത് ലാഭകരമാണെങ്കിലും മുയൽ വളർത്തൽ വളരെ കുറവാണ്. മുയൽ വളർത്തലും, അതോടൊപ്പം പന്നി വളർത്തലും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമാണ്.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീററയുടെ വിലക്കൂടുതൽ.
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.
3. മൃഗചീകിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.
4. പാലിൻെറ വിലക്കുറവ്.
5. ക്ഷീര വിപണനത്തിനുള്ള സൗകര്യക്കുറവ്.
6. കാലിവളർത്തലിന് സാമ്പത്തിക സഹായം ലഭിക്കാനുള്ള പ്രയാസം.
7. മററു സംസ്ഥാനങ്ങളിൽ നിന്നുള്ള ക്ഷീര-ക്ഷീരോത്പന്നങ്ങളുടെ വരവും വിലക്കുറവും.
8. കോഴിത്തീററയുടെ വിലക്കൂടുതൽ.
9. കോഴിവസന്ത രോഗം തടയാൻ ഫലപ്രദമായ സൗകര്യമില്ലായ്മ.
10. ആടുകളെ വളർത്താനുള്ള പ്രോത്സാഹനമില്ലായ്മ.

# സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് പ്രദേശത്ത് മൊത്തം പ്രവർത്തനാധികാരമുള്ള ക്ഷീര വ്യവസായ സഹകരണ സംഘം രൂപീകരിക്കുക. ഓരോ വാർഡിലും ചുരുങ്ങിയത് രണ്ട് പാൽ സംഭരണ കേന്ദ്രങ്ങൾ എങ്കിലും സ്ഥാപിക്കുകയും ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുകയും ചെയ്യുക.

2. കാലിവളർത്തൽ മൂലമുണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ പാലിൻെറ സംഭരണ വില ലിററിന് 15 രൂപയായി നിശ്ചയിക്കുക.

3. പാൽ സഹകരണ സംഘം മുഖേനയും, ഇതര സഹകരണ സംഘങ്ങളിലൂടെയും കുറഞ്ഞ വിലയ്ക്ക് കാലിത്തീററ ലഭ്യമാക്കുക.

4. തീററപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുകയും, വിത്തും, വളവും സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുക.

5. ഭൂമിശാസ്ത്രപരമായി മൂന്ന് ഭൂവിഭാഗങ്ങളിലായി വേർത്തിരിക്കപ്പെട്ടിരിക്കുന്ന അരുവാപ്പുലം പഞ്ചായത്തിൽ നിലവിലുള്ള ഒരു മൃഗാശുപത്രി അപര്യാപ്തമായതുമൂലം 1, 2, 3, 4, 5എന്നീ വാർഡുകളുടെ മദ്ധ്യഭാഗത്തായി ഒരു മൃഗാശുപത്രി സ്ഥാപിക്കുകയും, കൊക്കാത്തോട്ടിലും, ഊട്ടുപാറയിലും മൃഗാശുപത്രിയുടെ ഒരു സബ് സെൻറർ സ്ഥാപിക്കുകയും ചെയ്യുക.

6. അത്യുല്പ്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും ബോധവൽക്കരണവും നൽകുക.

7. നിലവിലിരിക്കുന്ന ഭക്ഷ്യ സാധനങ്ങളിലെ മായംചേർക്കൽ നിരോധന നിയമപ്രകാരം സങ്കര വർഗ പശുക്കളുടെ പാലിൽ കൊഴുപ്പ് കുറവായതുമൂലം നിരപരാധികൾ നിയമക്കുരുക്കിൽ പെടാതിരിക്കാൻ പാലിലെ കൊഴുപ്പും, ഇതര ഖരാംശവും സംബന്ധിച്ച് ''മിനിമം സ്ററാൻഡേർഡ്'' പുനഃപരിശോധിക്കുക.

8. പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ ഒരു കോഴിക്കുഞ്ഞ് ഉല്പാദന കേന്ദ്രം സ്ഥാപിക്കുക.

9. കോഴിവസന്തയ്ക്ക് ഫലപ്രദമായ ചികിൽസാ സൗകര്യം ഏർപ്പെടുത്തുക.

10. ആശുപത്രി സംവിധനം ഫലപ്രദമല്ലാത്തതിനാൽ കന്നുകാലികൾക്കും കോഴികൾക്കുമുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ വീടുവീടാന്തരം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

11. പഞ്ചായത്തിലെ ഇറച്ചിയുടെ ആവശ്യം പരിഹരിക്കുവാനും ആദായം വർദ്ധിപ്പിക്കുവാനും മുയൽ-പന്നിവളർത്തൽ പ്രോൽസാഹിപ്പിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

12. പേ-വിഷബാധ ഭീഷണിയിൽനിന്നും രക്ഷനേടുവാൻ വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് കൃത്യമായി നടത്തുവാനും, അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ നിശേഷം നശിപ്പിക്കുവാനും വേണ്ട നടപടി സ്വീകരിക്കുക.

13. ജലാശയങ്ങളോടുചേർന്ന പ്രദേശങ്ങളിൽ താറാവ് വളർത്തൽ പ്രോൽസാഹിപ്പിക്കുക.

14. പഞ്ചായത്തിൽ ആടുവളർത്തലിന് പ്രോത്സാഹനം നൽകുക.

15. വീടുകളിൽ നെൽകൃഷി അനുദിനം കുറയുന്നതുമൂലം ഉപയോഗിക്കപ്പെടാതെ പോകുന്ന ചാണകം ഉപയോഗിച്ച് ഗോബർ ഗ്യാസ് ഉല്പാദിപ്പിക്കുന്നതിൻെറ ഗുണവശങ്ങൾ ബോദ്ധ്യപ്പെടുത്തുക.

## പട്ടിക 1 വളർത്തുമൃഗങ്ങൾ

| വാർഡ് | നാടൻ കാള | സങ്കരവർഗം കാള | നാടൻ പശു | സങ്കരവർഗം പശു | ആട് |
|---|---|---|---|---|---|
| I | 24 | 98 | 40 | 190 | 172 |
| II | 32 | 94 | 39 | 162 | 140 |
| III | 37 | 83 | 23 | 176 | 151 |
| IV | 26 | 91 | 55 | 148 | 102 |
| V | 19 | 76 | 34 | 162 | 109 |
| VI | 22 | 78 | 38 | 326 | 17 |
| VII | 44 | 37 | 46 | 217 | 92 |
| VIII | 36 | 82 | 87 | 261 | 214 |
| IX | 33 | 47 | 74 | 179 | 172 |
| X | 67 | 32 | 300 | 154 | 256 |
| | 340 | 718 | 736 | 1975 | 1425 |

## പട്ടിക 2 വളർത്തുപക്ഷികൾ

| വാർഡ് | പൂവൻകോഴി | പീടക്കോഴി | താറാവ് |
|---|---|---|---|
| I | 418 | 2771 | ഇല്ല |
| II | 324 | 1444 | ,, |
| III | 289 | 1291 | ,, |
| IV | 186 | 1718 | 4 |
| V | 489 | 1333 | ഇല്ല |
| VI | 148 | 1341 | ,, |
| VII | 634 | 1000 | 25 |
| VIII | 465 | 1099 | 5 |
| IX | 317 | 1600 | 13 |
| X | 111 | 800 | |
| | 3381 | 14397 | 47 |

## പട്ടിക 3 കൃത്രിമ ബീജസങ്കലന വിവരം

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ |
|---|---|---|
| പശു | 829 | 156 |
| കിടാവ് | 335 | 74 |



# വിദ്യാഭ്യാസം

# വിദ്യാഭ്യാസം

മലയോര ഗ്രാമമായ അരുവാപ്പുലം കേരളത്തിലെ വിദ്യാഭ്യാസ രംഗത്തു് മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ചില മഹത്‌വ്യക്തികളുടെ ജന്മം കൊണ്ടു് ധന്യമാണ്. തിരുവിതാംകൂർ സർവ്വകലാശാലയിലെ മലയാളം പ്രൊഫസറും എം. എ. പാസായ മധ്യതിരുവിതാംകൂറിലെ ആദ്യത്തെ വനിതയുമായ ശ്രീമതി. കോന്നിയൂർ മീനാക്ഷിയമ്മ അരുവാപ്പുലം പഞ്ചായത്തിലെ ഐരവൺ സ്വദേശിയാണ്. കോന്നി–ഐരവൺ PSVPM ഹൈസ്കൂറും കോന്നിയൂർ മീനാക്ഷിയമ്മ സ്ഥാപിച്ചതാണ്. 1980–ൽ 79–ാം മത്തെ വയസിൽ അന്തരിച്ച സമയംവരെ ശ്രീമതി. മീനാക്ഷിയമ്മ തന്റെ ജന്മസ്ഥലത്തെ വിദ്യാഭ്യാസ പ്രവർത്തനത്തിൽ മുഴുകിയിരുന്നു. സാഹിത്യകാരൻ, പ്രഗൽഭനായ അധ്യാപകൻ എന്നീ നിലകളിൽ പ്രശസ്തനായ ശ്രീ. കോന്നിയൂർ ഗോവിന്ദപ്പിള്ളയും ഐരവൺ സ്വദേശിയാണ്. തിരുവിതാംകൂർ മഹാരാജാവ് ശ്രീ. ബാലരാമവർമ്മയുടെ ട്യൂട്ടറായും ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1980–ൽ ഇദ്ദേഹം അന്തരിച്ചു.

1994–95ൽ സംസ്ഥാനതലത്തിൽ SSLC പരീക്ഷയിൽ 11–ാം റാങ്കു നേടിയ ധന്യ വി. ഈ പഞ്ചായത്തിലെ ഐരവൺ PSVPMHS ലെ വിദ്യാർത്ഥിനി ആയിരുന്നു. പത്തനംതിട്ട റവന്യൂ ജില്ലയിലും ഏറ്റവും അധികം മാർക്കു് ഈ കുട്ടിക്കായിരുന്നു.

1936–ൽ ശ്രീ. പി. എസ്. വേലുപ്പിള്ള ഐരവണിൽ സ്ഥാപിച്ച രാമചന്ദ്രവിലാസം എൽ. പി. സ്കൂളാണ്. ഈ പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാലയം. ഇത്1963–64 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഇപ്പോൾ ഇതു കൂടാതെ രണ്ടു് ഹൈസ്കൂളുകളും രണ്ടു് യു. പി. സ്കൂളുകളും രണ്ടു് എൽ. പി. സ്കൂളുകളും പ്രവർത്തിക്കുന്നു. ഇതിൽ ഒരു ഹൈസ്കൂളും രണ്ടു് എൽ. പി. സ്കൂളുകളും സർക്കാർ നിയന്ത്രണത്തിലാണ്. ഇതു കൂടാതെ ഒരു പ്രീ–പ്രൈമറിയും, ഒരു നേഴ്സറിസ്കൂളും, 29 അംഗൻവാടികളും പ്രവർത്തിക്കുന്നു. 3 ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളും ഒരു പാരലൽ കോളേജും 6 ട്യൂഷൻ സെൻററുകളുമാണ്. പഞ്ചായത്തിലെ മററ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുടിപ്പള്ളിക്കൂടങ്ങളായിരുന്നു. ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഞെട്ടോലാശാൻ, കുഞ്ഞികൃഷ്ണനാശാൻ എന്നിവർ ആദ്യകാലത്ത് വിദ്യാഭ്യാസത്തിന് ഹരിശ്രീ കുറിപ്പിക്കുന്നവരായിരുന്നു.

ഭൗതീക സാഹചര്യങ്ങളുടെ പരിമിതിമൂലം പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം താരതമ്യേന കുറവാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല. ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി പത്തനംതിട്ട, കോഴഞ്ചേരി, പത്തനാപുരം എന്നീ പ്രദേശങ്ങളിലുള്ള കോളേജുകളെയാണ് ആശ്രയിക്കുന്നതു്. ഇതുമൂലം ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന നല്ലൊരു ശതമാനം വിദ്യാർത്ഥികളും തുടർന്നു് പഠിക്കുന്നില്ല.

ശ്രീ. പി. എൻ. പണിക്കരുടെ നേതൃത്വത്തിൽ അനൗപചാരിക വിദ്യാഭ്യാസം കേരളത്തിൽ നടന്നുവന്നിരുന്നതിന്റെ ഭാഗമായി 80 കളുടെ ആരംഭത്തിൽ മുതുപേഴുങ്കൽ കേന്ദ്രമായി ഒരു വയോജന വിദ്യാഭ്യാസകേന്ദ്രം ആരംഭിച്ചു. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി 1838 നിരക്ഷരരെ കണ്ടെത്തി പഞ്ചായത്തിന്റെ വിവിധ വാർഡുകളിലുള്ള 150ൽ പരം ക്ലാസുകളിലെത്തിച്ചു. എന്നാൽ രണ്ടാം ഘട്ടവും തുടർ വിദ്യാഭ്യാസ പരിപാടിയും വേണ്ടത്ര സജീവമായി നടന്നില്ല. തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി 3 ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

### പ്രശ്നങ്ങൾ

1. കൊക്കാത്തോട് ഗവൺമെൻറ് ഹൈസ്ക്കൂളിൽ ആവശ്യത്തിന വേണ്ട അദ്ധ്യാപകരില്ല. അദ്ധ്യാപകർക്കു് താമസത്തിന്ന വേണ്ട സൗകര്യങ്ങളില്ല. കുട്ടികൾക്കു് സ്ക്കൂളിലെത്തുന്നതിനുള്ള ഗതാഗത സൗകര്യങ്ങളില്ല
2. അതിരുങ്കൽ, ഊട്ടുപാറ, കൊക്കാത്തോട് തുടങ്ങിയ സ്ക്കൂളുകളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് മറെറാരു പ്രശ്നമാണ്.
3. പല സ്ക്കൂളുകളിലും അക്കാഡമിക് സൗകര്യങ്ങൾ പരിമിതമാണ്. ലൈബ്രറികൾ, ലബോറട്ടറികൾ എന്നിവ മിക്ക സ്ക്കൂളുകളിലുമില്ല എന്നു തന്നെ പറയാം. ഉള്ളവതന്നെ ശരിയായി ഉപയോഗിക്കുന്നില്ല.

4. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് അദ്ധ്യാപക-രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിൽ പല സ്ക്കൂളുകളും പരാജയപ്പെട്ടുകാണുന്നു.

5. പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ലായെന്നുള്ളതാണ് ഏറ്റവും വലിയ ഒരു പ്രശ്നമായി നിലകൊള്ളുന്നത്.

6. മിക്ക സ്ക്കൂളുകളിലും വിദ്യാർത്ഥികൾക്ക് കായികപരിശീലനം നൽകുന്നതിനുവേണ്ട കളിസ്ഥലങ്ങളോ മറ്റു സൗകര്യങ്ങളോ ഇല്ല എന്നുള്ളത് ഈ രംഗത്ത് വിദ്യാർത്ഥികളുടെ കഴിവുകൾ ഉയർത്തിക്കൊണ്ടു വരുന്നതിന് കഴിയാതെ പോകുന്നു.

7. അരുവാപ്പുലം എൽ. പി. സ്ക്കൂളിലേക്ക് കയറി പോകുന്ന നിലവിലുള്ള ചരിവുസ്ഥലം നിരത്തി പടികൾ കെട്ടാതെ കിടക്കുന്നത് കൊച്ചുകുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു.

8. സർക്കാർ സ്ക്കൂളുകളിൽ പി. റ്റി. എ. യുടെ പ്രവർത്തനം കാര്യക്ഷമമല്ല.

9. ഈ പഞ്ചായത്തിലെ സ്വകാര്യമേഖലയിലെ സ്ക്കൂളുകളിൽ മാനേജുമെന്റുകൾ തമ്മിൽ അനാരോഗ്യകരമായ മൽസരങ്ങൾ നിലനിൽക്കുന്നു.

10. പഞ്ചായത്തിലെ സർക്കാർ സ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളോ ശുദ്ധജല വിതരണ സംവിധാനമോ ഇല്ല.

11. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള രക്ഷകർത്താക്കളുടെ ആഭിമുഖ്യം അമിതമായി വളർന്നു വരുന്നു. ആയതിനാൽ കുട്ടികൾ നിർബന്ധിത വിദ്യാഭ്യാസത്തിന് വിധേയരായിത്തീരുന്നു. ഇത് മാതൃഭാഷാ പഠനത്തോടുള്ള കുട്ടികളുടെ താല്പര്യം കുറയുവാൻ ഇട വരുത്തുന്നു.

12. അൺ-എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ യാതൊരു തത്വദീക്ഷയുമില്ലാതെ അനുവദിച്ചു കൊടുത്തതു മൂലം നിലവിലുള്ള പല ഗവൺമെന്റ് സ്ക്കൂളുകളിലും ഡിവിഷൻഫോൾ ഉണ്ടാകുന്നതിന് ഇട വരുത്തിയിട്ടുണ്ട്.

13. 1951-ൽ സ്ഥാപിതമായ കുമ്മണ്ണൂർ J B V L P സ്ക്കൂളിൽ നാളിതുവരെയായിട്ടും അടിസ്ഥാന സൗകര്യങ്ങളില്ല. ശുദ്ധജലസംവിധാനം, സാനിട്ടേഷൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ലാത്ത അവസ്ഥയാണുള്ളത്.

14. ഏകദേശം 100 വർഷങ്ങൾക്ക മുൻപ് മലയോരപ്രദേശമായ കല്ലേലിയിൽ ''ഹാരിസൺ മലയാളം റബ്ബർ പ്ലാന്റേഷൻ'' ആരംഭിച്ചതോടുകൂടി ഈ എസ്റ്റേറ്റിലെ തമിഴ് തൊഴിലാളികളുടെ കുട്ടികൾക്കായി ഒരു തമിഴ്സ്ക്കൂളും സ്ഥാപിച്ചിരുന്നു. ആ സ്ക്കൂളിന്റെ പ്രവർത്തനം ഒരു പതിറ്റാണ്ടിലധികമായി നിലച്ചിരിക്കുകയാണ്.

## നിർദ്ദേശങ്ങൾ

1. കോന്നി നിയോജക മണ്ഡലത്തിലെ മുഴുവൻ മലയോര പഞ്ചായത്തുകളിലെയും വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കത്തക്കവിധം ഒരു ഗവൺമെന്റ് ആർട്സ് & സയൻസ് കോളജ് കോന്നിയിൽ സ്ഥാപിക്കേണ്ടതാണ്.

2. അരുവാപ്പുലം ഗവ: എൽ പി. സ്ക്കൂൾ, യു. പി. സ്ക്കൂളായി ഉയർത്തണം. ആയതിനുവേണ്ടി വരുന്ന ചിലവിന്റെ 50% ജനങ്ങളിൽ നിന്ന് സമാഹരിക്കുവാൻ കഴിയും.

3. എല്ലാ സ്ക്കൂളുകളിലും ശുദ്ധജലമെത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

4. അരുവാപ്പുലം എൽ. പി. സ്ക്കൂൾ ഗ്രൗണ്ട് ലവൽ ചെയ്ത് കുട്ടികൾക്ക് കായിക പരിശീലന സൗകര്യം ഏർപ്പെടുത്തണം

5. കോന്നി, അരുവാപ്പുലം പഞ്ചായത്തുകളുടെ അതിർത്തിയിൽ പ്രവർത്തിക്കുന്ന മണ്ണു സംരക്ഷണ ഗവേഷണകേന്ദ്രത്തിൽ ഒരു കാർഷിക കോളജ് അനുവദിക്കണം.

6. മാതൃഭാഷാ വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം വളർത്തുന്നതിനുള്ള ബോധവൽക്കരണം നടത്തണം.

7. അദ്ധ്യാപക-രക്ഷാകർതൃ സമിതിയുടെയും മാതൃസംഗമത്തിൻെറയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതിനു് പഞ്ചായത്തടിസ്ഥാനത്തിൽ പദ്ധതിയ്ക്കു് രൂപം നല്കേണ്ടതാണു്.

8. N C C യുടെയും സ്കൗട്ടിൻെറയും സേവനം ഗ്രാമ-വികസന രംഗത്തു് ഉപയോഗിക്കേണ്ടതാണു്.

9. കൊക്കാത്തോട് ഗവൺമെൻറു് സ്കൂളിനോടനുബന്ധിച്ചു് ക്വാർട്ടേഴ്സ് പണിയുന്നതിനു് ചെലവാകുന്ന തുകയുടെ 20% പൊതുജനങ്ങൾ വാഗ്ദാനം ചെയ്തിട്ടുള്ളതു് ഉപയോഗപ്പെടുത്തി അടിയന്തിരമായി ക്വാർട്ടേഴ്സ് നിർമ്മിക്കേണ്ടതാണു്.

10. കൊക്കാത്തോട് ഹൈസ്ക്കൂളിനു മുൻവശത്തു് 50 മീററും പിൻവശത്തു് 70 മീററും റിട്ടെയിനിംഗ് വോൾകെട്ടുകയും സ്ക്കൂൾ ഗ്രൗണ്ട് ഉപയോഗയോഗ്യമാക്കുകയും ചെയ്യണം.

11. അരുവാപ്പുലം പഞ്ചായത്തിലെ മൂന്നു ഹൈസ്ക്കൂളുകളോടും അനുബന്ധിച്ചു് പ്ലസ് ടു കോഴ്സുകളോ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകളോ ആരംഭിക്കണം.

12. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഒരു ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറർ ആരംഭിക്കണം.

13. പഞ്ചായത്തിലെ കുമ്മണ്ണൂർ J B V L P സ്ക്കൂളിൻെറ കെട്ടിടം പുതുക്കി പണിയുക ആവശ്യത്തിനുള്ള ഫർണീച്ചർ ലഭ്യമാക്കുക. പരിസര ശുചീകരണം ഉറപ്പു വരുത്തുന്നതിനു വേണ്ടി സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തുക

14. ആറാം വാർഡിൽ ഹാരിസൺ മലയാളം പ്ലാൻേറഷനിൽ മുടങ്ങിക്കിടക്കുന്ന തമിഴ് സ്ക്കൂളിൻെറ പ്രവർത്തനം പുന:സ്ഥാപിക്കുക.

## പട്ടിക 1. വിദ്യാലയ വിവരങ്ങൾ

### അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | സ്കൂൾ | വിഭാഗം | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 1 | P S V P M ഐരവൺ | L P | 171 | 161 | 332 | | | |
| | | U P | 339 | 280 | 619 | 12 | 36 | 48 |
| | | H S | 379 | 380 | 759 | | | |
| 2 | St. George H S ഊട്ടുപാറ | L P | 116 | 89 | 205 | | | |
| | | U P | 126 | 128 | 254 | 10 | 19 | 29 |
| | | H S | 200 | 267 | 467 | | | |
| 3 | Govt. H S കൊക്കാത്തോട് | L P | 85 | 98 | 183 | | | |
| | | U P | 92 | 101 | 193 | 10 | 7 | 17 |
| | | H S | 118 | 134 | 252 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | G J M U P S | L P | 112 | 97 | 209 | | | |
| | കല്ലേലി | U P | 62 | 69 | 131 | 3 | 10 | 13 |
| 5 | J B U L P S | L P | 103 | 81 | 184 | | | |
| | കുമ്മണ്ണൂർ | U P | 26 | 38 | 64 | 1 | 7 | 8 |
| 6 | Govt. L P S | L P | 63 | 48 | 111 | | | |
| | അരുവാപ്പുലം | U P | 16 | 13 | 29 | 1 | 6 | 7 |
| 7 | C M S U P S അതിരുങ്കൽ | U P | 113 | 100 | 213 | 5 | 3 | 8 |

## പട്ടിക 2

## പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിഭാഗം | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|---|
| 1 | P S V P M H S | L P | 19 | — | 6 | 13 | 19 |
| | ഐരവൺ | U P | 25 | — | 13 | 12 | 25 |
| | | H S | 42 | — | 19 | 23 | 42 |
| 2 | St. George H S | L P | 24 | — | 16 | 8 | 24 |
| | ഊട്ടുപാറ | U P | 38 | — | 20 | 18 | 38 |
| | | H S | 62 | — | 16 | 46 | 62 |
| 3 | Govt. H S. | L P | 19 | 8 | 10 | 17 | 27 |
| | കൊക്കാത്തോട് | U P | 26 | 8 | 18 | 16 | 34 |
| | | H S | 41 | 9 | 25 | 25 | 50 |
| 4 | G J M U P S | L P | 31 | — | 13 | 18 | 31 |
| | കല്ലേലി | U P | 12 | — | 4 | 8 | 12 |
| 5 | J U B L P S | L P | 14 | — | 9 | 5 | 14 |
| | കുമ്മണ്ണൂർ | U P | 23 | — | 12 | 11 | 23 |
| 6 | C M S U P S അതിരുങ്കൽ | U P | 43 | 2 | 21 | 24 | 45 |
| 7 | Govt. L P S | L P | 21 | — | 13 | 8 | 21 |
| | അരുവാപ്പുലം | U P | 17 | — | 9 | 8 | 17 |

## പട്ടിക 3.

## വിദ്യാലയ സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി: പുസ്ത: എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ | ദൃശ്യ ശ്രവണ പഠന സൗകര്യം | സ്കൂളിന്റെ പേര് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 3 ഏക്കർ 30 സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് പ്രവർത്തിക്കുന്നില്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ടേപ്പ് റെക്കോർഡർ/സ്ലൈഡ് പ്രൊജക്ടർ/ ഓവർ ഹെഡ് പ്രൊജക്ടർ/ മൈക്ക് | PSVPMHS ഐരവൺ |
| 2 | 5 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മൈക്ക്, കമ്പ്യൂട്ടർ | St. George H. S. ഊട്ടുപാറ |
| 3 | 2.5 ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | പ്രവർത്തിക്കുന്നില്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഗവ: എച്ച്. എസ്. കൊക്കാത്തോട് |
| 4 | 1 ഏക്കർ 50 സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | GJMUPS കല്ലേലി |
| 5 | 40 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | റേഡിയോ ടേപ്പ് റെക്കോർഡ് | JBULPS കുമ്മണ്ണൂർ |
| 6 | 60 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | Govt. LPS അരുവാപ്പുലം |
| 7 | 1 ഏക്കർ 50 സെന്റ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | CMSUPS അതിരുങ്കൽ |

## പട്ടിക 4.

## എസ്. എസ്. എൽ. സി. വിജയ ശതമാനം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വർഷം | പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം | വിജയിച്ചവർ | വിജയ ശതമാനം |
|---|---|---|---|---|---|
| 1 | P S V P M H S ഐരവൺ | 1992<br>1993<br>1994<br>1995<br>1996 | 124<br>122<br>123<br>144<br>155 | 69<br>84<br>104<br>116<br>127 | 55.65<br>68.85<br>84.55<br>80.55<br>81.93 |
| 2 | St. George H. S. ഊട്ടുപാറ | 1992<br>1993<br>1994<br>1995<br>1996 | 98<br>99<br>101<br>96<br>97 | 54<br>70<br>51<br>55<br>73 | 55<br>71<br>51<br>57<br>74 |
| 3 | ഗവ; എച്ച്. എസ്. കൊക്കാത്തോട് | 1992<br>1993<br>1994<br>1995<br>1996 | | | 38<br>29<br>31<br>61<br>42 |



# കുടിവെള്ളവും പൊതുജനാരോഗ്യവും

# കുടിവെള്ളം പൊതുജനാരോഗ്യം

അച്ചൻകോവിലാറിൻെറ ഇരുകരകളിലായിട്ടാണ് ഈ പഞ്ചായത്ത് സ്ഥിതിചെയ്യുന്നതെങ്കിലും വേനൽക്കാലത്ത് അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്താണ്. അച്ചൻകോവിലാറും ഈ നദിയിലൊഴുകിയെത്തുന്ന ഏതാനും തോടുകളും ഉൾക്കൊള്ളുന്നതാണ് ഈ പഞ്ചായത്തിലെ ഉപരിതല സ്രോതസ്. മാർച്ച് ഏപ്രിൽ മാസങ്ങളിൽ നദിയും അതോടൊപ്പംതന്നെ നദിയിലേക്ക് ഒഴുകിയെത്തുന്ന നദികളും വററിപ്പോകുന്ന സ്ഥിതിയിലാണ്. മലകളും, കുന്നുകളും അടങ്ങിയ ഈ പഞ്ചായത്തിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം ചില വാർഡുകളിൽ വർഷത്തിൻെറ പകുതിസമയത്തു മാത്രമേ ശുദ്ധജലം കിട്ടാറുള്ളൂ. വേനൽക്കാലത്ത് വരണ്ടുപോകുന്ന നദിയിലും തോടുകളിലും കുഴികുത്തി ജലം ശേഖരിച്ചുകൊണ്ടുപോകുവാൻ വീട്ടമ്മമാർ കിലോമീററോളം നടന്നെത്തുന്ന കാഴ്ച കാണാൻ കഴിയും.

9-ഉം 10-ഉം വാർഡ് ഉൾക്കൊള്ളുന്ന കൊക്കാത്തോട് പ്രദേശം വനാന്തര ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. വിദ്യുഛക്തി എത്തിയിട്ടില്ലാത്ത ഈ സ്ഥലത്ത് പര്യാപ്തമായ ഒരു ശുദ്ധ ജല പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. 82-83-ൽ കേരളത്തിലുണ്ടായ കൊടുംവരൾച്ചയുടെ സമയത്തും നിർമ്മിച്ച ശുദ്ധജല കിണറുകൾപോലും ആവശ്യമായ സംരക്ഷണം നൽകാത്തതിനാൽ ഉപയോഗശൂന്യമായിരിക്കയാണ്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് ശുദ്ധജല പദ്ധതികൾ കോന്നി-അരുവാപ്പുലം പദ്ധതിയും, ഐരവൺ പദ്ധതിയുമാണ്. എന്നാൽ പഞ്ചായത്തിലെ ഉയർന്ന ഭാഗങ്ങളിൽ ജലം എത്തിക്കുന്നതിന് ഈ പദ്ധതികൾകൊണ്ട് കാര്യമായ പ്രയോജനം ഉണ്ടായിട്ടില്ല. 1969-ൽ ആരംഭിച്ച ഐരവൺ ശുദ്ധജല പദ്ധതിയാണ് ഈ പഞ്ചായത്തിൽ ആദ്യമായി ആരംഭിച്ചത്. വളരെ കുറച്ച് ആളുകൾക്കുവേണ്ടിമാത്രം ആരംഭിച്ച ഈ പദ്ധതി കാലപ്പഴക്കംമൂലം നിലവിലുള്ള ആവശ്യം നിറവേററാൻ കഴിയാത്ത സ്ഥിതിയിലാണ്.

തോപ്പിൽ ലക്ഷംവീടിനു സമീപമുള്ള കിണറിൽനിന്നും പമ്പുചെയ്യുന്ന വെള്ളം മാളാപാറയിലുള്ള ടാങ്കിൽ എത്തിച്ചാണ് ശുദ്ധജല വിതരണം ചെയ്യുന്നത്. കാലാകാലങ്ങളിൽ ആററകുററപ്പണികൾ ചെയ്യാതിരുന്നതുമൂലം ടാങ്കും അതുപോലെതന്നെ പൈപ്പുലൈനുകളും നിലവിലുള്ള ആവശ്യത്തിന് ഉപകരിക്കാത്ത സ്ഥിതിയിലാണ്.

ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത കൊക്കാത്തോട്ടിൽ പ്രകൃതി ദത്തമായ ജലസ്രോതസ് ഉപയോഗച്ച് ഒരു ചെറിയ ശുദ്ധജല പദ്ധതി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൊക്കാത്തോട്ടിലെ ഏററവും ഉയരം കൂടിയ പ്രദേശങ്ങളിൽ ഒന്നാണ് നീരാമകുളം. ഇവിടെയുള്ള നീരുറവയിൽനിന്നും ശേഖരിക്കുന്ന ജലം പൈപ്പിലൂടെ ജല ദൌർലഭ്യമുള്ള താഴ്ന്ന പ്രദേശങ്ങളിൽ എത്തിക്കുന്നുണ്ട്. ഈ ശുദ്ധജല പദ്ധതിയിലൂടെ ജലം വിതരണം ചെയ്യുവാൻ 9 ടാപ്പുകൾ മാത്രമേയുള്ളൂ. നീരാമക്കുളത്ത് ഒരു ജലസംഭരണി നിർമ്മിക്കുകയും സൗരോർജ പമ്പ് ഉപയോഗിച്ച് ജലം പമ്പ് ചെയ്തം അതിൽ എത്തിക്കുകയും ചെയ്താൽ വേനൽക്കാലത്ത് ജല ദൗർലഭ്യം അനുഭവപ്പെടുന്ന കൊക്കാത്തോട്ടിലെ ഒട്ടേറെ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുവാൻ കഴിയും.

പ്രവർത്തനം ആരംഭിച്ച കോന്നി-അരുവാപ്പുലം പദ്ധതികൊണ്ട് ഈ പഞ്ചായത്തിലെ മൂന്ന് വാർഡുകൾക്കെ പ്രയോജനം ഉണ്ടായിട്ടുള്ളു. ജലവിതരണത്തിനായ് ഉപയോഗിക്കുന്ന പൈപ്പുകൾ നിലവാരം കുറഞ്ഞതായതുകൊണ്ട് വെള്ളം പൊട്ടി ഒഴുകി പാഴായിപ്പോകുന്നത് നിത്യസംഭവമാണ്. വേനൽക്കാലത്ത് അച്ചൻകോവിലാററിലെ ജലനിരപ്പ് താഴുന്നതുമൂലം പമ്പിംഗ് തടസപ്പെടുകയും. ജലവിതരണം നിർത്തിവയ്ക്കേണ്ടിവരികയും ചെയ്യുക പതിവാണ്.

പഞ്ചായത്തിലെ 85% ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ്. ഭൂഗർഭ ജലനിരപ്പ് താഴുന്നതുമൂലം വേനൽക്കാലത്ത് ഈ കിണറുകൾ വററിവരണ്ടു പോകുകയാണ് പതിവ്. പാടങ്ങളും കുളങ്ങളും നികത്തുന്നതും യാതൊരു നിയന്ത്രണവുമില്ലാതെ അച്ചൻകോവിൽ ആററിൽ നിന്നും മണൽ വാരുന്നതും പ്രശ്നത്തിന്റെ രൂക്ഷത വർദ്ധിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. ശുദ്ധജല വിതരണ പദ്ധതി ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും എത്താത്തതിന്റെ കാരണം പമ്പിന്റെ കപ്പാസിററിക്കുറവും ജലസംഭരണിയുടെ പരിമിതിയുമാണ്.
2. പ്രകൃതിജന്യമായ ജല സ്രോതസുകൾ ലഭ്യമാണെങ്കിലും അത് ഉപയോഗിക്കുന്നതിൽ കാണിക്കുന്ന അനാസ്ഥ.
3. ഭൂമിശാസ്ത്രപരമായി ഒററപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളിൽ ജലമെത്തിക്കുവാൻ പദ്ധതികൾ ഇല്ല.
4. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കിണറുകളും, കുഴൽ കിണറുകളും ശരിയായി സംരക്ഷിക്കപ്പെടുന്നില്ല.
5. ഉപയോഗ ശൂന്യമായ പൈപ്പുകളും വാട്ടർ ടാപ്പുകളും മാററി സ്ഥാപിക്കുന്നതിൽ കാണിക്കുന്ന അനാസ്ഥ.
6. ടാപ്പുകളിലെ വെള്ളത്തിന്റെ ദുരുപയോഗം.
7. നീരാമക്കുളം ശുദ്ധജല വിതരണ പദ്ധതിയുടെ പോരായ്മകൾ.

## പരിഹാരം

1. നിലവിലുള്ള പമ്പുകളുടെ *H. P.* വർദ്ധിപ്പിക്കുകയും ജലസംഭരണികളുടെ സംഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക.
2. നീരാമക്കുളത്തുള്ള ശുദ്ധജല വിതരണ പദ്ധതി കാര്യക്ഷമമാക്കുന്നതിനായി ഒരു പുതിയ ജലസംഭരണി നിർമ്മിക്കുകയും, സൗരോർജ പമ്പ് ഉപയോഗിച്ച് വെള്ളം പമ്പുചെയ്യുക.
3. അപ്പൂപ്പൻതോട്ടിൽ പുതിയ ജലസംഭരണി നിർമ്മിക്കുക.
4. വേനൽക്കാലത്ത് ജലം ലഭിക്കുന്ന 5-ാംവാർഡിലെ കൊട്ടാരത്തറ അമ്പലക്കുളം രണ്ടാം വാർഡിലെ തേയിലക്കുളം എന്നിവ ഉപയോഗപ്പെടുത്തി ഈ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

5. ഊട്ടുപാറ ഉയരം കൂടിയ ഭാഗം കേന്ദ്രീകരിച്ച് വാട്ടർ ടാങ്ക് കെട്ടി 1, 2, 3, 4, 5 വാർഡുകളിൽ ശുദ്ധജലമെത്തിക്കാനുള്ള പദ്ധതിക്ക് രൂപംനൽകുക.

6. പൊട്ടിയൊലിക്കുന്ന പൈപ്പുകൾ അടിയന്തിരമായി മാററി സ്ഥാപിക്കുക.

7. പഞ്ചായത്തുകളും, കുഴൽകിണറുകളും സംരക്ഷിക്കുവാൻ ആവശ്യമായ പദ്ധതിക്ക് രൂപം നൽകുക.

8. പമ്പിംഗ് സ്റേറഷനുകൾക്ക് സമീപമായി തലയണകൾ സ്ഥാപിച്ച് ജല ലഭ്യത ഉറപ്പാക്കുക

9. കോന്നി_അരുവാപ്പുലം ശുദ്ധജല വിതരണ പദ്ധതിയുടെ പലഭാഗത്തും സ്ഥാപിച്ചിട്ടുള്ള എച്ച്. സി. പി. പൈപ്പ് മാററി പി. വി. സി. പൈപ്പ് സ്ഥാപിക്കുക. താറുമാറായിക്കിടക്കുന്ന വാട്ടർ ടാപ്പുകളുടെ കേടുപാടുകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കുക.

10. ശുദ്ധജലം നിരുപയോഗപ്പെടുത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കുന്നതിന് പഞ്ചായത്തിന് പരിപൂർണ്ണ അധികാരം നൽകുക.

11. പഞ്ചായത്തിൻെറയും, പൊതുജനങ്ങളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ അരുവാപ്പുലം പഞ്ചായത്തിൻെറ 3_ാംവാർഡിൽ സ്ഥിതിചെയ്യുന്ന മൈലാടുപാറ, കാരുമല ഹരിജൻ സെററിൽമെൻറ് കോളനിയിലേക്ക് പടപ്പയ്ക്കൽ പാടശേഖരത്തിൻെറ തീരത്ത് ഉത്തമമായ ഭാഗത്ത് കിണർ കുഴിച്ച് ഒരു മിനി പദ്ധതിയാക്കി മാററണം.

12. 9_ാംവാർഡിലെ ഹരിജൻ_ഗിരിജൻ കോളനികളിലുള്ള വററാത്ത കുളങ്ങൾ വൃത്തിയാക്കി ആ പ്രദേശത്തെ കുടിനീർക്ഷാമം പരിഹരിക്കുവാൻ കഴിയും.

## ശുദ്ധജല പദ്ധതിയുടെ പൊതുവിതരണം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സംഭരണ ശേഷി | പമ്പുസെററിൻെറ കപ്പാസിററി | പൈപ്പ് ലൈൻ ആകെ ദൂരം | പൊതു ടാപ്പ് |
|---|---|---|---|---|---|
| 1. | അരുവാപ്പുലം | 15000 litter | 40 HP | 88 km | 321 |
| 2. | ഐരവൺ | 125000 litter | 25 HP | 18 km | 188 |

# പൊതുജനാരോഗ്യം

ഒരു പ്രദേശത്തിൻെറ മുഖ്യ സമ്പത്ത് തൻപ്രദേശത്തെ ജനങ്ങൾ ആകയാൽ അവരുടെ ആരോഗ്യം വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാകുന്നു. ആരോഗ്യ രംഗത്ത് വളരെയേറെ പിന്നിൽ നിൽക്കുന്ന ഒരു പഞ്ചായത്താണ് അരുവാപ്പുലം പഞ്ചായത്ത്. എന്നാൽ തന്നെയും പാരമ്പര്യ ചികിൽസയ്ക്ക് പേരുകേട്ട പറമ്പനാട്ടു വൈദ്യൻ ഈ പഞ്ചായത്തിലെ ഐരവൺ പ്രദേശത്ത് വസിക്കുന്നു. കൂടാതെ തള്ളത്തു രാജൻ വിഷ ചികിൽസയ്ക്ക് പേരുകേട്ട പഞ്ചായത്ത് നിവാസിയായിരുന്നു. ഇങ്ങനെ ചുരുക്കം ചില പാരമ്പര്യങ്ങൾ അവകാശപ്പെടാമെങ്കിലും പഞ്ചായത്തിലെ ആരോഗ്യ രംഗം വളരെ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൻെറ മിക്ക വാർഡുകളിലും പൊതുജനാരോഗ്യ പ്രശ്നം നിലനിൽക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ നിരവധി കോളനികളിൽ സാനിട്ടേഷൻ സൗകര്യം നിലവിലില്ല.
2. ഫാമിലി വെൽഫെയർ സെൻററിൻെറ അഭാവത്തിൽ പകർച്ചവ്യാധികളും മററ് രോഗങ്ങളും സർവ്വസാധാരണമാണ്.
3. പഞ്ചായത്തിൻെറ ഒരു വാർഡിലും സബ് സെൻറർ നിലവിലില്ല.
4. പഞ്ചായത്തിൻെറ മലയോര വാർഡുകളായ കൊക്കാത്തോട് 9, 10 വാർഡുകളിലായി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു *P.H* സെൻററിൽ വാഹന സൗകര്യമില്ലാത്ത കാരണത്താൽ പ്രവർത്തനം സജീവമാക്കുന്നതിന് കഴിയുന്നില്ല. പ്രസ്തുത സ്ഥാപനത്തിൽ ഡോക്ടർ സ്ഥിരമായി എത്തുന്നതിന് സാധിക്കുന്നില്ല.
5. വിവിധ സ്കീമുകൾവഴി നൽകപ്പെടുന്ന കക്കൂസുകളുടെ വായ്പകൾ വർദ്ധിപ്പിക്കുകയും ഫണ്ട് വർദ്ധിപ്പിക്കുകയും ചെയ്യുക.
6. അരുവാപ്പുലം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക ആയൂർവ്വേദ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടമില്ല.
7. മലയോര ഗ്രാമമായ അരുവാപ്പുലം പഞ്ചായത്തിൽ വർഷംതോറും നാലും അതിൽ കൂടുതലും ആളുകൾ പാമ്പുകടിയേററ് മരിക്കുന്ന സ്ഥിതിയുണ്ട്.
8. ആയൂർവ്വേദ ഡിസ്പെൻസറിയിൽ എത്തുന്ന മരുന്നുകൾ രോഗികൾക്ക് തികയുന്നില്ല. ഈ സ്ഥാപനത്തിൻെറ ആരംഭത്തിൽ ലഭിച്ചിരുന്നത്ര അളവുമാത്രമേ ഇപ്പോഴും ലഭിക്കുന്നുള്ളൂ.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ കോളനികളിലും സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തുക.
2. പഞ്ചായത്തിൽ കാര്യക്ഷമമായ ഒരു ഫാമിലി വെൽഫെയർ സെൻറർ അടിയന്തിരമായി ഉണ്ടാക്കുക.
3. പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും സ്ഥലം കണ്ടെത്തി സബ്സെൻറർ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളുക.
4. പഞ്ചായത്തിൻെറ 9, 10 വാർഡുകളിലായി പ്രവർത്തിക്കുന്ന *P H* സെൻററിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തരമായി വാഹന സൗകര്യം ഏർപ്പെടുത്തുക. പ്രസ്തുത സ്ഥാപനത്തിൽ ജീവനക്കാർ സ്ഥിരമായി എത്തുന്നതിനുവേണ്ട നടപടി പഞ്ചായത്തു തലത്തിൽ കൈക്കൊള്ളുക.
5. 10 വാർഡുകളുള്ള പ്രസ്തുത പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഏക ആയൂർവ്വേദ ഡിസ്പെൻസറി ആയൂർവ്വേദ ആശുപത്രിയായി ഉയർത്തുക. പ്രസ്തുത സ്ഥാപനത്തിന് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുക.

6. പത്തനംതിട്ട ജില്ലയിലെ ഏറ്റവും പഴക്കംചെന്ന ആയുർവ്വേദ ഡിസ്പെൻസറിയാണ് ടി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നത്. പ്രസ്തുത സ്ഥാപനം കിടക്കകളുള്ള ആയുർവ്വേദ ആശുപത്രിയായി ഉയർത്തി വിഷചികിൽസ ഏർപ്പെടുത്തുകയും ചെയ്താൽ പാമ്പുകടിയേററ് മരിക്കുന്നവരുടെ എണ്ണം പഞ്ചായത്തിൽ കുറയ്ക്കുന്നതിന് കഴിയും.

7. ആയുർവ്വേദ ഡിസ്പെൻസറിയിൽ ലഭിക്കുന്ന മരുന്നുകളുടെ അളവ് വളരെപ്പെട്ടെന്ന് വർദ്ധിപ്പിച്ച് പ്രശ്ന പരിഹാരം കാണേണ്ടത് ആവശ്യമാണ്.

8. ഐരവൺ പ്രദേശത്ത് പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന സബ്സെൻററിൻെറ പ്രവർത്തനം 7, 8 എന്നീ വാർഡുകളിൽ മാത്രമേ ലഭിക്കുകയുള്ളു. എന്നാൽ 1 മുതൽ 6 വരെയുള്ള വാർഡുകൾ ഉൾപ്പെടുത്തി കേന്ദ്ര പ്രദേശമായ പുളിഞ്ചാണിയിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർകൂടി നിർമ്മിക്കുകയാണെങ്കിൽ പൊതുജനാരോഗ്യ പ്രശ്നത്തിന് സാരമായ ഒരു പരിഹാരം കാണുവാൻ കഴിയും.

9. അരുവാപ്പുലം പഞ്ചായത്തിൽ ഒരു ഗവ: ഹോമിയോ ക്ലീനിക്ക് ആരംഭിക്കേണ്ടതായുണ്ട്. അലോപ്പതി ചികിൽസയേക്കാൾ ചെലവുകുറഞ്ഞതും കുട്ടികൾക്ക് ഉത്തമമായതുമായ ഈ ചികിൽസാ സൗകര്യം പഞ്ചായത്തിൽ അത്യാവശ്യമാണ്.

10. കാലാകാലങ്ങളിൽ ആരോഗ്യ വിദ്യാഭ്യാസം ജനങ്ങളുടെ ഇടയിൽ നടത്തുകയാണെങ്കിൽ സാംക്രമിക രോഗങ്ങളെ ഒരു പരിധിവരെ തടയുന്നതിന് കഴിയുകയും ചെയ്യും.

11. പഞ്ചായത്തിൽ ഒരു മാതൃശിശുസംരക്ഷണ കേന്ദ്രം സ്ഥാപിക്കുക. അതിനാവശ്യമായ സ്ഥലവും, നിർമ്മാണത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളും പഞ്ചായത്തിൻെറ നേതൃത്വത്തിൽ കണ്ടെത്തുന്നതിന് കഴിയും.

12. ബ്ലോക്ക് തലത്തിൽനിന്ന് ലഭ്യമാകുന്ന കക്കൂസുകൾക്ക് ലഭിക്കുന്ന തുക അപര്യാപ്തമാകയാൽ 2000 രൂപായിൽനിന്ന് 5000 രൂപയാക്കി വർദ്ധിപ്പിക്കുക.

13. കൊക്കാത്തോട് പി. എച്ച്. സെൻററിനോടനുബന്ധിച്ച് കോട്ടേഴ്സുകൾ സ്ഥാപിക്കുകയും, വാഹനം ഏർപ്പെടുത്തുകയും, കിടക്കകളോടുകൂടിയ ആശുപത്രിയായി ഇതിനെ ഉയർത്തുകയും ചെയ്യുക.

മനുഷ്യ ജീവൻെറ നിലനിൽപ്പിനത്യന്താപേക്ഷിതമായവ വായു, ജലം, ആഹാരം, വസ്ത്രം, ഔഷധം എന്നിവയാണല്ലോ. ഇതിൽ പ്രധാനമായും ശുദ്ധമായി സംരക്ഷിക്കേണ്ടവ സംരക്ഷിച്ചുകൊണ്ട് സാംക്രമിക രോഗങ്ങൾക്ക് അറുതി വരുത്തുവാൻ നാമോരോരുത്തരും പ്രതിജ്ഞാബദ്ധരാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.



# വ്യവസായം

# വ്യവസായം

വ്യാവസായികമായി പിന്നിൽ നിൽക്കുന്ന ഒരു പ്രദേശമാണ് അരുവാപ്പുലം. റബ്ബർ, കുരുമുളക്, കൊക്കോ എന്നീ നാണ്യവിളകൾ ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ടെങ്കിലും ഇവ ഉപയോഗിച്ച് വികസിപ്പിച്ചെടുക്കാവുന്ന വ്യവസായങ്ങൾ കാര്യമായി പഞ്ചായത്തിലില്ല എന്നുള്ളതാണ് വസ്തുത. 1910_ൽ സ്ഥാപിതമായ മലയാളം പ്ലാന്റേഷനിൽ ആദ്യകാലത്ത് തേയില ഉൽപ്പാദിപ്പിച്ചിരുന്നെങ്കിലും ഇപ്പോൾ പ്രധാനമായും റബ്ബറാണ് കൃഷി ചെയ്തിരിക്കുന്നത്.

590.08 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തിട്ടുള്ള ഈ തോട്ടത്തിൽ 470 തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഒട്ടുപാൽ ഉപയോഗിച്ച് ഒരു ക്രമ്പ് റബ്ബർ ഫാക്ടറിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. റബ്ബർ കൂടാതെ 105.90 ഹെക്ടർ സ്ഥലത്ത് കൊക്കോ കൃഷി ചെയ്തു വരുന്നുണ്ട്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കൊക്കോ സംസ്കരിച്ചെടുക്കാവുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

റബ്ബർ ബോർഡിന്റെയും റബ്ബർ ഉല്പ്പാദക സഹകരണ സംഘത്തിന്റെയും സംയുക്ത ഉടമസ്ഥതയിലുള്ള പമ്പാ റബ്ബേഴ്സ് ആണ് നമ്മുടെ പഞ്ചായത്തിലെ മറ്റൊരു പ്രധാനപ്പെട്ട വ്യവസായശാല, 1991_ൽ സ്ഥാപിച്ച ഈ ഫാക്ടറിയിൽ ഇപ്പോൾ 100 തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഒട്ടുപാലാണ് അസംസ്കൃതവസ്തുവായി ഇവിടെ ഉപയോഗിക്കുന്നത്. പരമ്പരാഗത വ്യവസായങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിൽ കാര്യമായി പ്രവർത്തിക്കുന്നില്ല.

ഇവ കൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളുണ്ട്. ഒട്ടേറെ അസംസ്കൃത സാധനങ്ങൾ ലഭ്യമാണെങ്കിലും വ്യാവസായിക വികസനത്തിനാവശ്യമായ വൈദ്യുതിയോ ഗതാഗത സൗകര്യമോയില്ല എന്നുള്ളത് പഞ്ചായത്തിലെ വ്യാവസായിക വികസനത്തിന് പ്രതിബന്ധം സൃഷ്ടിക്കുന്ന പ്രശ്നങ്ങളാണ്.

## പ്രശ്നങ്ങൾ

1. വൈദ്യുതി ക്ഷാമം, വോൾട്ടേജ് ക്ഷാമം
2. ജലദൗർലഭ്യം.
3. സാങ്കേതിക പരിജ്ഞാനം നേടിയ ആളുകളുടെ കുറവ്.
4. ഉയർന്ന കൂലിനിരക്ക്.

## നിർദ്ദേശങ്ങൾ

1. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കുവേണ്ടി എല്ലാ ഭൗതിക വസ്തുക്കളുമുള്ള ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേററ് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുക.
2. സുഗന്ധവ്യജ്ഞനങ്ങൾ സുലഭമായി ലഭിക്കുന്ന ഈ പ്രദേശത്ത് ഇവ ഉപയോഗപ്പെടുത്തി വ്യവസായ സംരംഭം ഖാദി ബോർഡിന്റെ സഹായത്താൽ ആരംഭിക്കുക.
3. വനിതാ തൊഴിൽ സംരംഭകർക്കായി *D W C R A* പദ്ധതിയിലുൾപ്പെടുത്തി കറി പൗഡറുകൾ അച്ചാറുകൾ, പഴവർഗ സംസ്ക്കരണം എന്നിവയുടെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.
4. റബ്ബർതടി സംസ്കരണ ഫാക്ടറി ആരംഭിക്കാവുന്നതാണ്.

5. വനോല്പ്പന്നങ്ങളായ ചൂരൽ, ഈറ ഇവ ഉപയോഗിച്ചുള്ള കുടിൽ വ്യവസായങ്ങൾ ബാംബു കോർപ്പറേഷന്റെ സഹായത്തോടെ ആരംഭിക്കണം.

6. തേക്ക്, ഈട്ടി, മഹാഗണി ഇവ ഉപയോഗപ്പെടുത്തിയുള്ള കരകൗശല വ്യവസായത്തിന് സാദ്ധ്യതയുണ്ട്.

7. ടൂറിസം വ്യവസായത്തിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

8. ഖാദിബോർഡിന്റെ സഹായത്തോടെ തേനീച്ച വളർത്തലിനും പട്ടുനൂൽ വ്യവസായത്തിനും വളരെയേറെ സാദ്ധ്യതയുണ്ട്.

9. അടയ്ക്കാ സംസ്ക്കരണത്തിനുള്ള സാദ്ധ്യതയുണ്ട്.

## നിലവിലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

ഫർണിച്ചർ — 3
ബേക്കറി — 12
തടിമില്ല് — 1
പ്രസ് — 1
എണ്ണയാട്ടുമിൽ — 2
റൈസ് മില്ല് — 4
പി. വി. സി. പൈപ്പ് ഫാക്ടറി — 1

## പഞ്ചായത്ത് പൊതുവിവരണം

ഭവനങ്ങൾ — 6036
പ്രസിഡൻറിന്റെ പേര് — റ്റി. പി. കുമാർ
വൈസ് പ്രസിഡൻറിന്റെ പേര് — റ്റി. എം. മൈമൂൺബീവി
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ — എം. ഹസൻ.

## സ്ഥാപനങ്ങൾ

സബ് പോസ്റ്റ് ഓഫീസുകൾ — 7

## മൃഗാശുപത്രി

മൊബൈൽ ഫാർമേഴ്സ് യൂണിറ്റ് — 1
I C D P സെൻറർ — 1
ഗ്രാമവികസന ഓഫീസ് (V E O) — 2

## ആശുപത്രികൾ

P H സെൻറർ — 2
ഡിസ്പെൻസറികൾ — 2
ആയുർവ്വേദം — 1

## കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ

ടെലഫോൺ എക്സ്ചേഞ്ച് — 1

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഹൈസ്ക്കൂൾ — 3
യു. പി. — 2
എൽ. പി. — 2
പ്രൈമറി — 1
ലൈബ്രറി — 4

## പൊതുവിപണനകേന്ദ്രം

റേഷൻകടകൾ — 15
കൺസ്യൂമർ സ്റ്റോർ — 1

## ധനകാര്യസ്ഥാപനങ്ങൾ

സഹകരണബാങ്ക് — 1
വാണിജ്യബാങ്ക് — 1



# ഗതാഗതം
# ഊർജ്ജം
# മാർക്കറ്റ്

# ഗതാഗതം, ഊർജ്ജം, മാർക്കററ്

മലയോര ജില്ലയിലെ മലയോര ഗ്രാമമായ അരുവാപ്പുലം പഞ്ചായത്തിലെ വികസനം പ്രധാനമായും ഗതാഗത സൗകര്യങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. കാടു വെട്ടിത്തെളിച്ച് നമ്മുടെ പൂർവ്വികർ കാർഷിക വിഭവങ്ങൾ കൊണ്ടുപോകുന്നതിനായി നിർമ്മിച്ച റോഡുകളും, കേരളത്തിലെ ആദ്യകാല തോട്ടങ്ങളിലൊന്നായ മലയാളം പ്ലാൻേറഷൻെറ ആവശ്യത്തിനായി നിർമ്മിച്ച റോഡുമാണ് ഈ പ്രദേശത്തെ ആദ്യകാല റോഡുകൾ. ഊട്ടുപാറ_പുളിഞ്ചാണി_കോട്ടയംമുക്ക് റോഡ്, മഞ്ഞക്കടമ്പ്_പരുത്തിമൂഴി റോഡ്, പുതുവലിൽപ്പടി_കുമ്മണ്ണൂർ റോഡ് തുടങ്ങിയ ഈ പഞ്ചായത്തിലെ പഴയ പാതകൾ ബഹുജന പങ്കാളിത്വത്തോടുകൂടി നിർമ്മിച്ചവയാണ്.

പഞ്ചായത്തിൽനിന്നും ഏകദേശം 3 കിലോമീററർ ദൂരത്തിൽകൂടി കടന്നുപോകുന്ന പുനലൂർ_മൂവാററുപുഴ റോഡിനെയാണ് ദൂരയാത്രയ്ക്കായി ആശ്രയിക്കുന്നത്. കോന്നി_കല്ലേലി വഴി അച്ചൻകോവിലെത്തുന്ന കാനനപാത വളരെക്കാലം മുൻപ് മുതൽ അച്ചൻകോവിൽ ക്ഷേത്രത്തിലേക്ക് പോകുന്ന തീർത്ഥാടകർ ഉപയോഗിച്ചുവരുന്ന വഴിയാണ്. എന്നാൽ ഈ റോഡിലൂടെ യാത്രാ സൗകര്യമില്ലാത്തതുമൂലം തമിഴ്നാട്ടിൽനിന്ന് ശബരിമലയ്ക്ക് പോകുന്ന തീർത്ഥാടകർ ആര്യങ്കാവ്_പുനലൂർ വഴിയാണ് യാത്ര ചെയ്യുന്നത്. ഗതാഗത യോഗ്യമാക്കിയാൽ ചെങ്കോട്ടയിൽ നിന്നുള്ള ദൂരം 40 കിലോമീററിൻെറ കുറവുണ്ടാകുന്നതാണ്.

കോന്നി_കല്ലേലി, കോന്നി_ഊട്ടുപാറ, അക്കരക്കാലാപ്പടി, കൊല്ലൻപടി_അതിരുങ്കൽ, അതിരുങ്കൽ_കുളത്തുമൺ, അരുവാപ്പുലം_കോട്ടയംമുക്ക്, പുളിഞ്ചാണി_മുതുപേഴുങ്കൽ, അരുവാപ്പുലം_മാരൂർപാലം, മഞ്ഞക്കടമ്പ്_പരുത്തിമൂഴി, കോന്നി_കുമ്മണ്ണൂർ, കുരിശുംമൂട്_ചെളിക്കുഴി, ആരബിറം ലാൻറ്_ചിന്നക്കട, അള്ളുങ്കൽ_വെട്ടൂർപടി എന്നിവയാണ് ഈ പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ.

1955_ലാണ് ആദ്യമായി വൈദ്യുതി എത്തിയതെങ്കിലും വ്യാപകമായി ഗാർഹിക ഉപയോഗത്തിനായി വൈദ്യുതി ലഭിച്ചു തുടങ്ങിയത് 1960_ന് ശേഷമാണ്. ഈ പഞ്ചായത്തിലെ 25.7% വീടുകളിൽ മാത്രമേ വൈദ്യുതി ഉപയോഗിക്കുന്നവരുള്ളു. ഊർജ്ജ ഉപഭോഗത്തിൻെറ 95% ഗാർഹിക മേഖലയിലാണ്. കാർഷിക മേഖലയിൽ 1% വൈദ്യുതിയും വ്യാവസായിക മേഖലയിൽ 1.5% വൈദ്യുതിയുമാണ് ഉപയോഗിക്കുന്നത്. നെടുമൺകാവ് 110 KV സബ് സ്റേറഷനിൽനിന്നാണ് ഈ പഞ്ചായത്തിനാവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. അപൂർവ്വം ആളുകൾ മാത്രമേ പാചകവാതകം ഉപയോഗിക്കുന്നുള്ളു. പുകയില്ലാത്ത അടുപ്പ്, മണ്ണെണ്ണ സ്ററൗ എന്നിവ ഉപയോഗിക്കുന്ന ആളുകളും ചുരുക്കമാണ്. കന്നുകാലികളെ വളർത്തുന്നവരുണ്ടെങ്കിലും വളരെ അപൂർവ്വമായി മാത്രമേ ഗോബർ ഗ്യാസ് ഉപയോഗപ്പെടുത്തുന്നുള്ളു.

ഈ പഞ്ചായത്തിലെ ആദ്യകാല മാർക്കററ് കോന്നി എസ്റേററിൽ ആരംഭിച്ച സ്വകാര്യ മാർക്കററാണ്. അത് ഇന്നും അങ്ങനെ തുടരുകയാണ്. ഈ പ്രദേശത്ത് ലഭ്യമായുള്ള പുറമ്പോക്ക് സ്ഥലം ചന്ത സ്ഥാപിക്കുന്നതിനായി പഞ്ചായത്തിന് വിട്ടുകിട്ടണമെന്ന് 19_10_1953_ൽ കൂടിയ പഞ്ചായത്ത് കമ്മിററി ആവശ്യപ്പെട്ടിരുന്നുവെങ്കിലും താളിതുവരെയായി ലഭിച്ചിട്ടില്ല. പത്ത് വർഷങ്ങൾക്ക് മുൻപ് അക്കരക്കാലാപ്പടിയിൽ ഒരു മാർക്കററ് ആരംഭിച്ചെങ്കിലും കാലക്രമേണ അത് നിലച്ചു പോകുകയാണുണ്ടായത്.

## പ്രശ്നങ്ങൾ

1. കൊക്കാത്തോട് നിവാസികൾക്ക് മഴക്കാലത്ത് പുറംലോകവുമായി ബന്ധപ്പെടുവാൻ ബുദ്ധിമുട്ടുണ്ട്.

2. റോഡുകളുടെ നിലവാരത്തിലുള്ള തകർച്ചയും അപര്യാപ്തതയും.
3. ബസ് സർവ്വീസുകളുടെ അപര്യാപ്തത.
4. വൈദ്യുതി വിതരണത്തിലുള്ള അപാകതകൾ.
5. വോൾട്ടേജ് ക്ഷാമം.
6. ദക്ഷത കൂടിയ അടുപ്പുകളെക്കുറിച്ചുള്ള ബോധവൽക്കരണത്തിലുള്ള പോരായ്മ.
7. മധ്യവർത്തികളുടെ ചൂഷണവും കാർഷിക വിഭവങ്ങൾ വിററഴിക്കുവാനുള്ള ബുദ്ധിമുട്ട്,

## നിർദ്ദേശങ്ങൾ

1. അച്ചൻകോവിൽ കോന്നി റോഡിന്റെ പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുക.
2. 9, 10 വാർഡുകളെ പഞ്ചായത്തുമായി ബന്ധപ്പെടുത്തുന്നതിന് വയക്കര മൂഴിയിൽ കോസ്-വേ നിർമ്മിക്കുക.
3. 2, 3, 4 വാർഡുകളിലൂടെ കടന്നുപോകുന്ന ഊട്ടുപാറ-കുളത്തുമൺ റോഡ് ഗതാഗതയോഗ്യമാക്കി ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുക. കലഞ്ഞൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ഈ റോഡ് ഗതാഗത യോഗ്യമാക്കിയാൽ കുളത്തുമണ്ണിൽനിന്നും കോന്നിയിലേക്കുള്ള ദൂരം 9 കിലോമീററായി കുറയ്ക്കാവുന്നതാണ്. നാട്ടുകാർ വാഗ്ദാനം ചെയ്തിട്ടുള്ള ശ്രമദാനവും പ്രയോജനപ്പെടുത്തണം.
4. പട്ടികജാതി-പട്ടികവർഗ കോളനികളിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുക.
5. മെററലിംഗ് നടത്തി ടാർ ചെയ്യേണ്ട റോഡുകളുടെ പണി പൂർത്തിയാക്കുക. (പട്ടിക - 2)
6. പ്രാദേശിക ജനകീയ സഹകരണത്തോടുകൂടി റോഡുകളുടെ അററകുററ പണികൾ നടത്തുകയും ഓടകൾ നിർമ്മിക്കുകയും ചെയ്യുക.
7. പത്തനംതിട്ട-പുനലൂർ റൂട്ടിൽ സർവ്വീസ് നടത്തുന്ന ബസുകളിൽ രാവിലെയും വൈകിട്ടുമുള്ള 3 സർവ്വീസുകൾവീതം അരുവാപ്പുലം-മുതുപാലയ്ക്കൽ-കോട്ടയംമുക്ക് വഴി സർവ്വീസ് നടത്തുവാൻ നടപടി കൈക്കൊള്ളുക.
8. കൊല്ലൻപടി-മണിമലപടി റോഡിന്റെ പണി പൂർത്തീകരിച്ചാൽ, മണിമല റോഡിൽനിന്നും കോന്നിയിലേക്കും അരുവാപ്പുലത്തേക്കുമുള്ള യാത്രാ ദൂരത്തിൽ 3 കിലോമീററർ കുറയുന്നതാണ്.
9. കൊക്കാത്തോട്-കല്ലേലിവഴി തിരുവനന്തപുരത്തേക്ക് ഫാസ്ററ് പാസഞ്ചർ ബസ് സർവ്വീസ് ആരംഭിക്കണം,
10. പത്തനംതിട്ട-ഊട്ടുപാറ (സർക്കുലർ) റൂട്ടിൽ കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുക.
11. പത്തനംതിട്ട-ഐരവൺ-കുമ്മണ്ണൂർ (സർക്കുലർ), ആററുവശം-ഐരവൺ-കോന്നി-പത്തനാപുരം, കൊല്ലൻപടി-അതിരുങ്കൽ-കുളത്തുമൺ, പത്തനംതിട്ട-കുമ്മണ്ണൂർ-കൊക്കാത്തോട് സർവ്വീസുകൾ ആരംഭിക്കുക.
12. വോൾട്ടേജ്ക്ഷാമം പരിഹരിക്കേണ്ട സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
13. കൊക്കാത്തോട്ടിൽ വൈദ്യുതിയെത്തിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക.
14. തെരുവു വിളക്കുകൾ ഇല്ലാത്തയിടങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുകയും കത്താത്ത പ്രദേശങ്ങളിൽ പ്രകാശിപ്പിക്കുകയും ചെയ്യുക.
15. വൈദ്യുതിയെത്താത്ത പട്ടികജാതി-പട്ടികവർഗ കോളനികളിൽ വൈദ്യുതിയെത്തിക്കുക.
16. ദക്ഷതകൂടിയ അടുപ്പുകളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
17. 1, 2, 3 വാർഡുകളുടെ കേന്ദ്രമായ പുളിഞ്ചാണിയിൽ പബ്ലിക് മാർക്കററ് ആരംഭിക്കുക.
18. കൊക്കാത്തോട്ടിൽ കാർഷിക വിളകളുടെ സംഭരണ കേന്ദ്രവും പൊതുമാർക്കററും പഞ്ചായത്തം ഉടമസ്ഥതയിൽ ആരംഭിക്കുക.

★

പട്ടിക - 1

# പഞ്ചായത്തിലെ ടാർ റോഡുകൾ

| ക്രമനമ്പർ | റോഡ് | ഉടമസ്ഥർ | ദൂരം (KM) | ബസ് യാത്രാ സൗകര്യം |
|---|---|---|---|---|
| 1 | കോന്നി – കല്ലേലി | PWD | 9. km | ഉണ്ട് |
| 2 | കോന്നി – ഊട്ടുപാറ – അക്കരക്കാലാപ്പടി | PWD | 7. km | ഉണ്ട് |
| 3 | കൊല്ലൻപടി – അതിരുങ്കൽ | PWD | 5. km | ഉണ്ട് |
| 4 | അതിരുങ്കൽ – കുളത്തുമൺ | PWD | 3. km | ഉണ്ട് |
| 5 | അരുവാപ്പുലം – കോട്ടയംമുക്ക് | PWD | 3. km | ഇല്ല |
| 6 | പുളിഞ്ചാണി – മുതുപേഴുങ്കൽ | പഞ്ചായത്ത് | 1½ km | ഇല്ല |
| 7 | അരുവാപ്പുലം – മാരൂർപ്പാലം | പഞ്ചായത്ത് | 1. 800 | ഇല്ല |
| 8 | മഞ്ഞക്കടമ്പ് – പരത്തിമൂഴി | പഞ്ചായത്ത് | 4. km | ഇല്ല |
| 9 | കോന്നി – കുമ്മണ്ണൂർ | PWD | 5. km | ഉണ്ട് |
| 10 | കുരിശുംമൂട് – ചെളിക്കുഴി | പഞ്ചായത്ത് | 2. km | ഇല്ല |
| 11 | ആരബിറംലാൻറ് – ചിന്നക്കട | പഞ്ചായത്ത് | 940. m | ഉണ്ട് |
| 12 | അള്ളുങ്കൽ – വെട്ടൂർപടി | പഞ്ചായത്ത് | 1. km | ഉണ്ട് |

പട്ടിക - II

# മെററലിംഗ് നടത്തിടാർ ചെയ്യേണ്ട റോഡുകളുടെ വിവരങ്ങൾ

## (മുൻഗണനാ ക്രമത്തിൽ)

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡുകളുടെ പേര് |
|---|---|---|
| I | 1 | വിളയിൽപ്പടി - ഈറക്കുഴി |
| | 2 | തുമരപ്പറമ്പുപടി - പുളിഞ്ചാണി |
| | 3 | പുതുപ്പറമ്പുപടി - പുളിഞ്ചാണി (കോളനി റോഡ്) |
| | 4 | വെൺമേലിപടി - പൊന്തൻപ്പാക്കൽ |
| | 5 | ശ്രീമംഗലത്തുപടി - ചീക്കമ്പുറത്ത്കടവ് |
| II | 1 | S·N·D·P· ജംഗ്ഷൻ - കുരിശുംമൂട് |
| | 2 | ശാലേംപടി - കൊച്ചുക്കരപ്പടി |
| | 3 | എരവേലിപ്പടി - വാഴവിള |
| | 4 | ശാലേംപ്പടി - വിശ്വൻപടി |
| | 5 | S·N·D·P· ജംഗ്ഷൻ - കോഴഞ്ചേരിമുരുപ്പ് |
| | 6 | പുതുവേലിപ്പടി - കുമ്മണ്ണൂർ |
| | 7 | ഊട്ടുപാറ - മാമൂട് |
| III | 1 | ഊട്ടുപാറ - പടപ്പയ്ക്കൽ |
| | 2 | ഭുവനേശ്വരിപ്പടി - മൈലാടുപാറ |
| | 3 | V·E·O ജംഗ്ഷൻ - ഊട്ടുപാറ |
| | 4 | പുളിഞ്ചാണി - കല്ലിടൂക്ക് (അയ്യിത്തിൽപ്പടി) |
| | 5 | പടപ്പയ്ക്കൽപടി - മുരുപ്പ് റോഡ് |
| | 6 | മൈലാടുപാറ - കാമ്പിൽ |
| | 7 | പടപ്പയ്ക്കൽ - അന്നപ്പടി |
| IV | 1 | V E O. ജംഗ്ഷൻ - ഊട്ടുപാറ |
| | 2 | ഉന്തടം - കൊല്ലൻപടി - ഇടത്തറ |
| | 3 | കൊല്ലൻപടി - മണിമലപ്പടി |
| V | 1 | ഉന്തടം - മുററാക്കുഴി |
| | 2 | കൊട്ടാരത്തറ - കുളത്തുമൺ |
| | 3 | കൊട്ടാരത്തിൽപടി - ഉന്തടം ലക്ഷം വീട് |
| | 4 | രത്നഗിരി - കൊട്ടാരത്തറ |
| | 5 | കൊട്ടാരത്തിപ്പടി - കയ്യാണി |
| | 6 | രത്നഗിരി - അയന്തി |
| | 7 | മുതുപേഴുങ്കൽ - കൊട്ടാരത്തറ - കുളത്തുമൺ |
| | 8 | താന്നിമൂട് - ബംഗ്ലാവ് മുരുപ്പ് |
| VII | 1 | മഞ്ഞക്കടമ്പ് - മാവനാൽ |
| | 2 | മഞ്ഞക്കടമ്പ് - പരുത്തിമൂഴി |
| | 3 | H S. ജംഗ്ഷൻ - മാളാപാറ |
| | 4 | മാവനാൽ - പരുത്തിമൂഴി |
| | 5 | മററപ്പള്ളി - H S. ജംഗ്ഷൻ |

പട്ടിക - II

# മെററലിംഗ് നടത്തിടാർ ചെയ്യേണ്ട റോഡുകളുടെ വിവരങ്ങൾ

## (മുൻഗണനാ ക്രമത്തിൽ)

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡുകളുടെ പേര് |
|---|---|---|
| VIII | 1 | വട്ടമൺ – മുളകുകൊടിതോട്ടം |
| | 2 | മരുതിമൂട്ടിൽപടി – മുളന്തറ |
| | 3 | താന്നിമൂട്ടിൽ – കുമ്മണ്ണൂർ |
| | 4 | മുളകുകൊടിതോട്ടം – നെടുംമ്പാറ |
| IX | 1 | അള്ളുങ്കൽ – നെല്ലീക്കാപ്പാറ |
| | 2 | *H. S.* ജംഗ്ഷൻ – നീരാമക്കുളം |
| X | 1 | നീരാമക്കുളം – ഈട്ടിമൂട്ടിൽപടി |
| | 2 | ഈട്ടിമൂട്ടിൽപ്പടി – കൊട്ടാംപാറ |
| | 3 | കററിക്കുഴി – നീരാമക്കുളം |
| | 4 | നീരാമക്കുളം – ഈട്ടിമൂട്ടിപ്പടി |
| | 5 | മംഗലത്തുപ്പടി – അപ്പൂപ്പൻപ്പടി |
| | 6 | ശങ്കരൻപടി – കോട്ടാംപാറ |
| | 7 | *S.N.D.P.* ജംഗ്ഷൻ – കോട്ടാംപാറ |



# പാർപ്പിടവും സാമൂഹ്യക്ഷേമവും

# പാർപ്പിടവും സാമൂഹ്യക്ഷേമവും

ഇന്ത്യയുടെ സമഗ്രവികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയിട്ടുള്ള കഴിഞ്ഞ എട്ട് പഞ്ചവൽസര പദ്ധതികളിലും ഭാഗഭാക്കുകളായ അരുവാപ്പുലം പഞ്ചായത്തിലെ ജനതയുടെ പൂർണ്ണമായും പരിഹരിക്കപ്പെടാത്ത ഒന്നാണ് പാർപ്പിട പ്രശ്നം. ഈ പഞ്ചായത്തിൽ പാർപ്പിട പ്രശ്നം അത്രയേറെ ഗുരുതരമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭവന നിർമ്മാണ പദ്ധതികൾ മൂലം നിർമ്മിച്ച വീടുകളുടെ ലഭ്യത ഈ പഞ്ചായത്തിൽ കുറവാണ്. കൂലിവേല ചെയ്ത് ഉപജീവനം നടത്തുന്നവരാണ് ഇവിടെ ഭൂരിപക്ഷം. ആയതിനാൽ പ്രസ്തുത വിഭാഗത്തിന്റെ വാസസ്ഥലങ്ങൾ കുടിലുകളും, ഇടത്തരം വീടുകളുമാണ്.

പഞ്ചായത്തിലെ ആകെയുള്ള 6036 വീടുകളിൽ..................കോൺക്രീററ് വീടുകളും ................ ഇടത്തരം (ഓടുമേഞ്ഞത്) വീടുകളും ബാക്കിയുളളവ കുടിലുകളോ ഓലമേഞ്ഞതോ ആണ്. വിവിധ വാർഡുകളിലെ ചുരുക്കം ചില പ്രദേശങ്ങളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ചിലവേറിയ വലിയ കെട്ടിടങ്ങളുടെ സ്വാധീനം ഗൾഫ് പണത്തിന്റെ അതിപ്രസരമാണ്. മിക്ക വാർഡുകളിലും സ്വന്തമായി വാസയോഗ്യമായ പാർപ്പിടമില്ലാത്ത നിരവധി ആളുകളുണ്ട്.

ഭവന നിർമ്മാണത്തിന് ആവശ്യമായ വസ്തുക്കളുടെ അമിതമായ വില വർദ്ധന ഭൂരിഭാഗം ജനങ്ങളെയും വീടുനിർമ്മാണത്തിൽനിന്ന് പിന്തിരിയാൻ പ്രേരണ നൽകുന്നു. മലയോര ഗ്രാമമായ ഈ പഞ്ചായത്തിലെ ഒൻപത് (9) പത്ത് (10) എന്നീ വാർഡുകളിലായി കാട്ടാത്തി, കോട്ടാംപാറ, ആവണിപാറ എന്നിവിടങ്ങളിലായി 3 ഗിരിജൻ കോളനികളുണ്ട്. 45-ഓളം കുടുംബങ്ങൾ താമസിക്കുന്ന പ്രസ്തുത കോളനികളിൽ വിവിധ വകുപ്പുകളുടെയോ മററ് ക്ഷേമപദ്ധതികളുടെയോ സ്വാധീനഫലമായി വീടുകളൊന്നുംതന്നെ നുർമ്മിക്കപ്പെട്ടിട്ടില്ല. എന്നാൽ എട്ടാം പദ്ധതിയുടെ അവസാന ദിശയിൽ പഞ്ചായത്ത് നേതൃത്വത്തിൽ എട്ട് ഗിരിജൻ വീടുകളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ പഞ്ചായത്തിൽ 5-ാംവാർഡിലും 10-ാംവാർഡിലുമായി 2 *I. H. D. P.* കോളനികളുണ്ട്,

പട്ടിക 1

# വീടുകളുടെ തരംതിരിവു പട്ടിക

## 1-14 (a) കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (1995-96)

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം – ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മററുള്ളവ | |
| I | 718 | 12 | 110 | 460 | 110 | 26 | |
| II | 596 | 6 | 68 | 416 | 81 | 25 | |
| III | 596 | 5 | 65 | 480 | 62 | 27 | |
| IV | 491 | 8 | 52 | 356 | 57 | 18 | |
| V | 609 | 6 | 70 | 419 | 86 | 28 | |
| VI | 589 | | 10 | 241 | 13 | 325 (ഷീററ്) | |
| VII | 721 | 2 | 103 | 489 | 99 | 28 | |
| VIII | 782 | 7 | 109 | 514 | 135 | 17 | |
| XI | 562 | 1 | 14 | 232 | 153 | 162 | |
| X | 380 | | 8 | 152 | 28 | 192 | |

## പ്രശ്നങ്ങൾ

1. കൈവശാവകാശത്തിന്റെ അടിസ്ഥാനത്തിൽ വീടുവയ്ക്കുന്നതിനുള്ള ധനസഹായം ലഭിക്കുന്നതിനുള്ള നിയമ സങ്കീർണ്ണത.
2. പഞ്ചായത്തിന്റെ വ്യത്യസ്ത പ്രദേശങ്ങളിൽ മിച്ചഭൂമി ലഭിച്ചിട്ടുള്ളവർക്ക് അവകാശാധികാര രേഖകൾ ലഭിക്കാത്തതിനാൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് പാർപ്പിട നിർമ്മാണത്തിന് ആവശ്യമായ വായ്പകൾ ലഭിക്കുന്നില്ല.
3. നിർമ്മാണ തൊഴിലാളികളുടെ അപര്യാപ്തതയും അവർക്ക് നൽകേണ്ടിവരുന്ന ഉയർന്ന വേതനവും ഭവന നിർമ്മാണ പ്രക്രിയയെ പ്രതികൂലമായി ബാധിക്കുന്നു.
4. പാർപ്പിട നിർമ്മാണത്തിനുള്ള ധനസഹായം ഏതൊക്കെ വകുപ്പുകളിൽനിന്ന് ഏതേത് അളവുകളിൽ ലഭിക്കുന്നുവെന്ന സാധാരണ ജനതയുടെ അറിവില്ലായ്മ ഒരു വലിയ പ്രശ്നമാണ്
5. എല്ലാ വാർഡുകളിലും വീടുവയ്ക്കാൻ ഭൂമിയില്ലാത്ത അവസ്ഥയുള്ള നിരവധി ആളുകളുണ്ട്
6. പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ പണി പൂർത്തിയാകാത്ത വീടുകൾ നിരവധിയുണ്ട്. സാമ്പത്തിക പരാധീനതയും നിർമ്മാണ വസ്തുക്കളുടെ വിലവർദ്ധനവുമാണ് ഇതിന്റെ പ്രധാന കാരണം.
7. സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം വീടുകളുടെ അററകുററപ്പണി യഥാസമയം പൂർത്തിയാകാത്തതിനാൽ പലപ്പോഴും ഇത് അപകടത്തിന് കാരണമാകുന്നു.
8. വീട് നിർമ്മാണത്തിന് ലഭിക്കുന്ന വായ്പയുടെ കാലതാമസം കാരണം യഥാസമയം പണി പൂർത്തീകരിക്കാൻ കഴിയുന്നില്ല. ആയതിനാൻ ഈ പദ്ധതികൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾ താല്പര്യം കാണിക്കുന്നില്ല.
9. കെട്ടിട നിർമ്മാണ സാമഗ്രികളായ കരിങ്കല്ല്, മണൽ, ഇഷ്ടിക, സിമിന്റ് എന്നിവയുടെ ക്രമാതീതമായ വിലവർദ്ധന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.
10. വിതരണം ചെയ്യുന്ന വായ്പത്തുകകളുടെ അളവ് ദൈനംദിന കെട്ടിടസാമഗ്രികളുടെ വിലവർദ്ധനയുമായി പൊരുത്തപ്പെടാത്തതിനാൽ തുടങ്ങിവയ്ക്കുന്ന പണികൾ പൂർത്തീകരിക്കാൻ കഴിയുന്നില്ല.
11. ഭവന പദ്ധതികൾക്കുവേണ്ടി നൽകുന്ന വായ്പ ഉപഭോക്താവ് ദുരുപയോഗപ്പെടുത്തുന്നതിനാൽ പണി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നു.

**പട്ടിക 2** — **ഭവന ലഭ്യത**

| വർഷം | IAY | MWS | JRY |
|---|---|---|---|
| 1991_92 | | | 11 |
| 92_93 | | | 6 |
| 93_94 | | | 8 |
| 94_95 | | 4 | |
| 95_96 | 24 | | |
| 96_97 | 22 | | |

12. കാട്ടാത്തി, കോട്ടാംപാറ, ആവണിപ്പാറ എന്നീ ഗിരിജൻ കോളനികളിൽ ഉള്ള 40 കുടുംബങ്ങളിൽ 8 വീടുകൾ മാത്രമേ പണി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളു.

## നിർദ്ദേശങ്ങൾ

1. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഭവനരഹിതർക്ക് വീടുവച്ചു നൽകുന്നതിനുള്ള നടപടികൈക്കൊള്ളുക. *IAY, NWS, JRY* പദ്ധതിപ്രകാരമുള്ള ധനസഹായം വർദ്ധിപ്പിക്കുക.
2. 6% മാത്രം പലിശ ഈടാക്കുന്ന മൈത്രീ ഭവന പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം നടത്തുക, പ്രസ്തുത പദ്ധതിപ്രകാരം വർഷംതോറും ഒരു ലക്ഷം വീടുകളാണ് അനുവദിക്കപ്പെടുന്നത്. ഈ പദ്ധതിയുടെ പഞ്ചായത്തു വിഹിതം 50% പട്ടിക ജാതി/പട്ടികവർഗത്തിനും 50 % സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ആളുകൾക്കും നൽകുന്നതിനുള്ള ക്രമീകരണം നടപ്പിൽവരുത്തുക.
3. പട്ടയം ഇല്ലാത്തവർക്ക് പട്ടയം നൽകുക.
4. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന മുന്നോക്ക വിഭാഗക്കാർക്ക് സൗജന്യമായി ഭവന നിർമ്മാണത്തിന് സാമ്പത്തിക സാഹായം നൽകുക.
5. കല്ല്, മണൽ, തുടങ്ങിയവ സുലഭമായതിനാൽ കൂലിചെലവിൽ 40% പഞ്ചായത്തും 30% സന്നദ്ധ സംഘടനകളും 30% ജനപങ്കാളിത്തവും ഉണ്ടെങ്കിൽ മിക്ക വീടുകളുടെയും നിർമ്മാണ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കഴിയും.
6. വീടു നൽകുന്നതിനുള്ള മുൻഗണനാക്രമം, വിധവകൾ, വികലാംഗർ, ദീർഘകാലമായി രോഗബാധിതരുള്ള കുടുംബങ്ങൾ, കർഷകത്തൊഴിലാളികൾ എന്നിങ്ങനെ നിജപ്പെടുത്തുക.
7. താഴ്ന്നവരുമാനക്കാരുടെ വീടുനിർമ്മാണം "നിർമ്മിതി" കേന്ദ്രത്തെ ഏല്പ്പിക്കുന്ന നടപടി സ്വീകരിക്കുക.
8. ഭവന നിർമ്മാണ പ്രവർത്തനങ്ങൾ, വേൾഡ്മിഷൻ, വൈ. എം സി എ., മത സംഘടനകൾ N.C.C. സ്റ്റുഡൻസ് ഫെഡറേഷൻ, മഹിളാ അസോസിയേഷൻ എന്നിവയുടെ സഹായം ഉപയോഗപ്പെടുത്താൻ കഴിയും.
9. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം ആവശ്യമാണ്. സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ അധികാരികളുടെ ഭാഗത്തുനിന്ന് ഉണ്ടാകണം.

## പ്രശ്നങ്ങൾ

1. മിച്ചഭൂമി, ലക്ഷം വീടുകൾ എന്നിവയ്ക്ക് പൊതു ശ്മശാനങ്ങൾ ഇല്ല.
2. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികളാണ് ബഹുഭൂരിപക്ഷവും.
3. അംഗൻവാടി ജീവനക്കാരുടെ സേവന, വേതന വ്യവസ്ഥകൾ പര്യാപ്തമല്ല.
4. റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ യഥാർത്ഥ വില നിലവാരത്തെപ്പറ്റി ഉപഭോക്താക്കൾ ബോധവാൻമാരല്ല.

5. പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും വ്യാജമദ്യം വില്പന വർദ്ധിച്ചുവരുന്നു.

6. വിവിധ പെൻഷനുകൾ യഥാകാലങ്ങളിൽ ലഭ്യമാകുന്നില്ല. കൂടാതെ അർഹരായ എല്ലാവർക്കും പെൻഷൻ ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. മിച്ചഭൂമി, ലക്ഷം വീടുകൾ എന്നിവയ്ക്ക് പൊതുശ്മശാനം ഉണ്ടാക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുക.

2. അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നൽകുക.

3. അംഗൻവാടികളിൽ ശുദ്ധ ജല വിതരണവും കക്കൂസും സ്ഥാപിക്കുക.

4. അംഗൻവാടി ജീവനക്കാരെ സ്ഥിരപ്പെടുത്തി സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുക.

5. അംഗൻവാടികളിൽ അനർട്ട് അടുപ്പുകൾ സ്ഥാപിക്കുക. കുട്ടികൾക്ക് നൽകുന്ന പോഷക പദാർത്ഥങ്ങൾക്കുവേണ്ടിയുള്ള തുക വർദ്ധിപ്പിക്കുക.

6. പല റേഷൻ കടകളും നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാൽ റേഷൻ വ്യാപാരികളുടെ ലാഭ വിഹിതം വർദ്ധിപ്പിക്കുക.

7. റേഷൻ സാധനങ്ങളുടെ ഗുണ നിലവാരവും, വില നിലവാരവും പ്രദർശിപ്പിക്കുന്ന ബോർഡ് നിർബന്ധമാക്കുക.

8. പഞ്ചായത്ത് മെമ്പറൻമാരുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി വ്യാജ മദ്യത്തിനെതിരെ രംഗത്തിറക്കുക.

9. വിധവാ പെൻഷനുകളും, ആനുകൂല്യങ്ങളും അർഹരായവർക്കു മുഴുവൻ പഞ്ചായത്തുതലത്തിൽ വിതരണം ചെയ്യുവാനുള്ള നടപടിസ്വീകരിക്കുക.

10. വീടുകൾ, കക്കൂസുകൾ, അംഗൻവാടി കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തകരെ ഉപയോഗപ്പെടുത്തുക.

11. ഐരവൺ വില്ലേജ് ഓഫീസിനു സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ല. ഇത് പരിഹരിക്കുന്നതിന് തദ്ദേശവാസികളുടെ സഹകരണം പ്രയോജനപ്പെടുത്താം.

12. 5-ാം വാർഡിൽ ഒരു പോസ്റ്റാഫീസ് സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുക.

13. ഗവൺമെന്റ് ഭാഗത്തു നിന്നുള്ള വിധവാപെൻഷനുകളെക്കുറിച്ച് ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

❀❀❀



# സംസ്കാരം

# സാംസ്കാരം

മഹത്തായ ഒരു ഗതകാല സംസ്ക്കാരത്തിൻെറ പാരമ്പര്യം പേറുന്ന അരുവാപ്പുലം കേരളത്തിൻെറ സാംസ്കാരിക രംഗത്തിന് മഹത്തായ സംഭാവനകൾ നല്കിയിട്ടുള്ള ദാർശനികൻമാരുടെയും സാഹിത്യകാരൻമാരുടെയും ജൻമനാടാണ്. ഭാരതത്തിൻെറ മഹത്തായ സാംസ്കാരികപാരമ്പര്യം ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കുന്നതിൽ വിജയം വരിച്ച സമകാലീന ദാർശനികൻമാരുടെ മുൻനിരയിൽ നിൽക്കുന്ന നിത്യചൈതന്യയതിയുടെ ജൻമസ്ഥലം അരുവാപ്പുലം പഞ്ചായത്തിൽപ്പെട്ട മ്ലാന്തടമാണ് നടരാജ ഗുരു സ്ഥാപിച്ച ഈസ്ററ് വെസ്ററ് യൂണിവേഴ്സിററി ഓഫ് ബ്രഹ്മവിദ്യയുടെ മേധാവി നാരായണ ഗുരുകുലത്തിൻെറ അധിപൻ, വിവിധ വിഷയങ്ങളിലായി ഒട്ടേറെ ഗ്രന്ഥങ്ങളുടെ രചയിതാവ് എന്നീ നിലകളിലൊക്കെ ഗുരു നിത്യചൈതന്യയതി പ്രശസ്തനാണ്. ഗുരു നിത്യ ചൈതന്യയതി ജന്മം കൊണ്ട ഭവനം ഇന്ന് ശ്രീ നാരയണ ഗുരുകുലമായും ഒരു സാംസ്കാരിക കേന്ദ്രമായും പ്രവർത്തിക്കുന്നുണ്ട്. എല്ലാ വർഷവും ഡിസംബർ മാസത്തിൽ ഗുരുവിൻെറ പ്രഭാഷണ പരമ്പര ഇവിടെ നടക്കുന്നുണ്ട്.

വിദ്യാഭ്യാസ വിചക്ഷണയും സാംസ്കാരിക നായികയുമായ ശ്രീമതി കോന്നിയൂർ മീനാക്ഷിയമ്മ അരുവാപ്പുലം പഞ്ചായത്തിൽപ്പെട്ട ഐരവൺ സ്വദേശിനിയാണ്. ബിരുദാനന്തരബിരുദം നേടി കോന്നിയിലെത്തിയ ശ്രീമതി മീനാക്ഷിയമ്മയ്ക്ക് താലപ്പൊലിയുടെയും നെററിപ്പട്ടം കെട്ടിയ ഗജവീരൻമാരുടെയും അകമ്പടിയോടെ കോന്നി പൗരാവലി നല്കിയ സ്വീകരണത്തെക്കുറിച്ച് പ്രായംചെന്ന കോന്നിക്കാർ ഇന്നു ഓർമ്മിക്കുന്നു. നീണ്ടനിഴൽ, പുഷ്പകം, ആത്മബലി എന്നീ പുസ്തകങ്ങൾ രചിച്ച അവർ നിരവധി ലേഖനങ്ങളും ഇംഗ്ലീഷ് നാടകങ്ങളുടെ തർജ്മകളും എഴുതിയിട്ടുണ്ട്. കോന്നി ബ്ലോക്ക് പി. ഐ. സി (പബ്ലിക് ഇംപ്ലിമെൻറിംഗ് കമ്മിററി) ചെയർപേഴ്സൺ, സോഷ്യൽ വെൽഫയർ ബോർഡ് മെമ്പർ, സതേൺ റീജിയണൽ ഫാമിലി പ്ലാനിംഗ് എജ്യുക്കേഷൻ ലീഡർ, കൊല്ലം ഡി. ഡി. സി മെമ്പർ എന്നീ നിലകളിൽ അവർ നടത്തിയ സേവനവും സ്തുത്യർഹമായിരുന്നു. പ്രഗത്ഭനായ പ്രഭാഷകൻ, അദ്ധ്യാപകൻ, സാഹിത്യകാരൻ എന്നീ നിലകളിൽ പ്രശസ്തനായ ശ്രീ. കോന്നിയൂർ ഗോവിന്ദപ്പിള്ളയും ഐരവൺ സ്വദേശിയാണ് ഗഗന സ്മരണകൾ, ചരിത്ര സ്മരണകൾ, ക്ഷേത്രോപാസന, വജ്രസൂചി, യോഗസുധാകരം, കൈവല്യനവനീതം തുടങ്ങി നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവാണ് ശ്രീ. ഗോവിന്ദപ്പിള്ള.

സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ ചില നിശാ പാഠശാലകൾ ഇവിടെ പ്രവർത്തിച്ചിരുന്നതായി പഴമക്കാർ പറയുന്നു. ഇപ്പോൾ ഈ പഞ്ചായത്തിൽ നാല് വായനശാലകളും ഒരു സാംസ്കാരിക നിലയവും പ്രവർത്തിക്കുന്നുണ്ട് ഒരു മഹിളാ സമാജവും ആറ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. നിരവധി നാടൻ കലാ കായിക മത്സരങ്ങൾ ഈ ക്ലബ്ബുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാറുണ്ട്. ശാസ്ത്ര, സാഹിത്യ വിദ്യാഭ്യാസ രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ ഒരു യൂണിററും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്

പ്രകൃതി കനിഞ്ഞനുഗ്രഹിച്ചിട്ടുള്ള ഒരു പ്രദേശമാണ് അരുവാപ്പുലം. പ്രകൃതി സൗന്ദര്യം ആസ്വദിക്കുവാനായി ഇവിടെയെത്തുന്ന വിനോദ സഞ്ചാരികൾക്ക് താമസിക്കാൻ ആവശ്യമായ സൗകര്യങ്ങളോ വിനോദ സഞ്ചാരകേന്ദ്രങ്ങളിലെത്തുവാനുള്ള യാത്രാസൗകര്യങ്ങളോ ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ത്രിബിൾ എക്കോ കേൾക്കുന്ന ദൃശ്യ സൗന്ദര്യം നിറഞ്ഞ കാട്ടാത്തിപ്പാറ ടൂറിസ്ററ് കേന്ദ്രമാക്കാൻ കഴിയുന്നതാണ്. വിദൂര ജില്ലകൾ പോലും ഇവിടെ നിന്നും കാണാൻ കഴിയും. കാട്ടാത്തിപ്പാറയുടെ സൗന്ദര്യം നുകരാൻ ഇപ്പോൾത്തന്നെ സന്ദർശകർ ഏറെയാണ്. അർഹമായ പ്രചരണം കൊടുത്താൽ അറിയപ്പെടുന്ന ടൂറിസ്ററ് കേന്ദ്രമാക്കി ഇതിനെ മാററുവാനും അതുവഴി വികസനത്തിൻെറ പുത്തൻ വഴിത്താര വെട്ടിയൊരുക്കാനും നമുക്ക് കഴിയും.

പ്രശസ്ത യുവ കവിയും അദ്ധ്യാപകനുമായ കോന്നിയൂർ ബാലചന്ദ്രൻ അരുവാപ്പുലം നിവാസിയാണ് 1983_ൽ മദ്രാസിലെ മലയാള ചലച്ചിത്ര പരിഷത്ത് സംഘടിപ്പിച്ച ഗാനരചനാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ അദ്ദേഹത്തിന് 1990_ൽ ലണ്ടൻ മലയാളി സമാജത്തിൻെറ കവിതയ്ക്കുള്ള അവാർഡ് ലഭിക്കുകയുണ്ടായി ഊട്ടുപാറ സ്വദേശി വാവച്ചൻ മേസ്തിരി എന്നറിയപ്പെടുന്ന

ശ്രീ പി. എൽ. ജോസഫ് മദ്ധ്യതിരുവിതാംകൂറിലെ അറിയപ്പെടുന്ന കരകൗശല ശില്പികളിൽ ഒരാളായിരുന്നു. 1996 സെപ്റ്റംബറിൽ അദ്ദേഹം അന്തരിച്ചു. സിനിമാ നാടകരംഗങ്ങളിൽ ശ്രദ്ധേയയായ 'കന്യ' എന്ന നടി ഈ പഞ്ചായത്തിൽപ്പെട്ട മുതുപേഴുങ്കൽ സ്വദേശിനിയാണ് ഗായകനായ കോന്നിയൂർ ആനന്ദൻ, നാടക നടനായ കൊക്കാത്തോട് വാസവൻ, ചിത്രകാരൻമാരായ ശ്രീ. കളഭകേസരി, ശ്രീ. റ്റി. ജി. അശോകൻ എന്നിവരും കാഥികൻ ശ്രീ. കെ. ജെ. പിള്ള, സ്കൂൾ ഓഫ് ഡ്രാമയിൽ നിന്ന് പ്രശസ്ത വിജയം കൈവരിച്ച് പുരാതന കലകളേക്കുറിച്ച് ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന ശ്രീ. എസ്. രമേശ്കുമാർ എന്നിവർ ഈ പഞ്ചായത്തിലെ ശ്രദ്ധേയരായ കലാകാരൻമാരാണ്. അറിയപ്പെടുന്ന ശില്പിയായ ശ്രീ. രാജഗോപാൽ ഈ പഞ്ചായത്തിലെ മാവനാൽ സ്വദേശിയാണ്.

ഹൈന്ദവ ക്രൈസ്തവ മുസ്ലീം ദേവാലയങ്ങൾ തോളോടുതോൾചേർന്നു നിൽക്കുന്നു. ഈ പഞ്ചായത്തിൽ പള്ളി പെരുന്നാളുകളും ക്ഷേത്രോൽസവങ്ങളും വിവിധ മതസ്ഥരുടെ സഹകരണത്തോടുകൂടിയാണ് നടക്കുന്നത്.

എള്ളാംകാവ്, കല്ലേലി ശിവക്ഷേത്രം എന്നിവിടങ്ങളിൽ ശിവരാത്രി ഉൽസവവും, ച്യാവർകാവിൽ കാർത്തിക ഉൽസവവും ആഘോഷിക്കുന്നുണ്ട്. ശ്രീ മുണ്ടൻകോട്ട് ഗിരിദേവർ ക്ഷേത്രത്തിൽ ഉച്ചാര മഹോൽസവവും, മുതുപേഴുങ്കൽ ചവിട്ടുപാറ ക്ഷേത്രത്തിൽ അനിഴ മഹോൽസവവും ആഘോഷിക്കുന്നുണ്ട്. ഐരവൺ പുതിയകാവ് ക്ഷേത്രം ഈ പഞ്ചായത്തിലെ ഏററവും പഴക്കമുള്ള ആരാധനാലയമാണ്. ഈ ക്ഷേത്രം ചെമ്പഴന്നൂർ രാജവംശക്കാർ സ്ഥാപിച്ചതാണെന്ന് ചരിത്ര രേഖകളിൽ കാണുന്നു. കൊല്ലവർഷം 996 വരെ പ്രസ്തുത ക്ഷേത്രത്തിലെ നിത്യനിദാനത്തിനായി പ്രതിമാസം 36 പറ നെല്ലു വീതം പന്തളം കൊട്ടാരത്തിൽനിന്ന് നൽകിയിരുന്നതായി കൊട്ടാരം നിർവാഹക സംഘം സൂക്ഷിച്ചിട്ടുള്ള രേഖകളിൽ കാണുന്നു. മകരഭരണിയും, കുംഭഭരണിയുമാണ് ഈ ക്ഷേത്രത്തിലെ പ്രധാനപ്പെട്ട ഉൽസവങ്ങൾ. ഉൽസവത്തോടനുബന്ധിച്ച് നടത്തുന്ന പടയണി, കോലംതുള്ളൽ, ആപ്പിണ്ടിയും വിളക്കും, അൻപൊലി, പറയ്ക്കെഴുന്നള്ളിപ്പ്, കളമെഴുത്തും പാട്ടും എന്നിവ നൂററാണ്ടുകൾക്ക് മുൻപ് ആരംഭിച്ച ആചാരങ്ങളുടെ ഭാഗമാണ്. നൂററാണ്ടുകൾ പഴക്കമുള്ളതും തനിതങ്കത്തിൽ തീർത്തതുമായ അന്നക്കൊടിയുടെ ഉടമസ്ഥാവകാശം ഈ ക്ഷേത്രത്തിനാണ്. ആദി ദ്രാവിഡ ആചാരങ്ങൾ നിലനിൽക്കുന്ന കല്ലേലി ഊരാളി ക്ഷേത്രവും ഈ പ്രദേശത്തിന്റെ ചരിത്ര പഴമയ്ക്ക് തെളിവായി നിലനിൽക്കുന്നു. പുരാതന കാലത്ത് നിലനിന്നിരുന്ന നാഗാരാധനയുടെ ഭാഗമായിരുന്ന സർപ്പക്കാവുകൾ ഇന്നും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണാം. എന്നാൽ കൃഷിയ്ക്കുവേണ്ടി വെട്ടിത്തെളിച്ചും കയ്യേററം മൂലവും പല കാവുകളും നമുക്ക് നഷ്ടപ്പെടുകയുണ്ടായി.

കാടുവെട്ടിത്തെളിച്ച് കൃഷി ആരംഭിച്ചതോടുകൂടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ക്രൈസ്തവർ അടക്കമുള്ള ഒട്ടേറെ ജനവിഭാഗങ്ങൾ ഈ പ്രദേശത്ത് കുടിയേറി പാർക്കുകയുണ്ടായി. 4 മാർത്തോമ്മാ പള്ളികളും, 4 ഓർത്തഡോക്സ് പള്ളികളും, 5 കത്തോലിക്കാ പള്ളികളും, 5 പെന്തക്കോസ്ററൽ പ്രാർത്ഥനാലയങ്ങളും, 2 സി. എസ്. ഐ. പള്ളികളും, ഒരു എക്യൂമെനിക്കൽ പള്ളിയും ഈ പഞ്ചായത്തിലുണ്ട്. വിവിധ ജാതി – മതസ്തരുടെ സഹകരണത്തോടെ നടത്തുന്ന സംയുക്ത ക്രിസ്തുമസ് ആഘോഷവും, ക്രിസ്തുമസ് റാലിയും ഈ പ്രദേശത്തു നിലനിൽക്കുന്ന മതമൈത്രിയുടെ മകുടോദാഹരണങ്ങളാണ്.

കുമ്മണ്ണൂർ മുസ്ലീം പള്ളിയിൽ ആഘോഷിക്കുന്ന ചന്ദനക്കുട മഹോൽസവം സമീപസ്ത സ്ഥലങ്ങളിൽനിന്ന് ഒട്ടേറെപ്പേരെ ആകർഷിക്കുന്ന വർണ്ണശബളമായ ആഘോഷമാണ്. നാല് മുസ്ലീം ദേവാലയങ്ങളും, രണ്ട് തൈക്കാവുകളും ഈ പഞ്ചായത്തിലുണ്ട്.

## പ്രശ്നങ്ങൾ

1. ആധുനീക ശാസ്ത്ര സാങ്കേതിക രംഗത്തും സാംസ്ക്കാരിക രംഗത്തും കാലഘട്ടത്തിനനുസരണ മായികൊണ്ടിരിക്കുന്ന മാററങ്ങൾ അറിയാനും അറിയിക്കാനും ഉതകുന്ന സാംസ്കാരിക പ്രവർത്തനങ്ങൾ കാര്യമായി ഈ പഞ്ചായത്തിലില്ല.

2. നാടൻ കലാ രൂപങ്ങൾ സംരക്ഷിക്കുന്നതിനോ, കലാ കായിക മത്സരങ്ങൾക്ക് അവശ്യമായ പ്രോൽസാഹനം നൽകുന്നതിനോ ഉളള സംവിധാനം ഇല്ല.

3. ഹരിജൻ കോളനികളിൽ ടെലിവിഷൻ സെററുകൾ ഇല്ലാത്തതുമൂലം ആധുനീക വിജ്ഞാനം പട്ടിക ജാതി-പട്ടിക വർഗക്കാർക്ക് ലഭ്യമാകുന്നില്ല.

4. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എത്താനാവശ്യമായ സൗകര്യങ്ങളില്ല.

5. ജനവിദ്യാ കേന്ദ്രങ്ങൾ വേണ്ടരീതിയിൽ പ്രവർത്തിക്കുന്നില്ല.

6. പഞ്ചായത്തിൻെറ സാംസ്കാരിക നിലയം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടില്ല.

7. നിലവിലുളള വായന ശാലകളും, ഗ്രന്ഥ ശാലകളും വികസിപ്പിക്കുന്നതിനാവശ്യമായിട്ടുളള സഹായങ്ങളോന്നും ലഭ്യമല്ല. തൻമൂലം അക്ഷരങ്ങളോടുളള താൽപ്പര്യം യുവജനങ്ങളിൽ കുറഞ്ഞു വരുന്ന സാംസ്കാരിക ദുരന്തം ഈ പഞ്ചായത്തിൽ നിറഞ്ഞു നിൽക്കുന്നു.

8. സ്ത്രീകളുടെ സാംസ്കാരിക ഉന്നമനത്തിനായി മഹിളാ സംഘടനകൾ പോലും കാര്യമായി പ്രവർത്തിക്കുന്നില്ല.

9. വിദ്യാലയങ്ങളിൽ കുട്ടികളുടെ സാംസ്കാരിക ഉന്നമനത്തിന് ഉതകുന്നതരത്തിൽ ഗ്രന്ഥശാലകളുടെ പ്രവർത്തനമോ, സാംസ്കാരിക പരിപാടികളോ ഇല്ല.

## നിർദ്ദേശങ്ങൾ

1. സാംസ്കാരിക നിലയങ്ങൾ, ക്ലബ്ബുകൾ, ഗ്രന്ഥ ശാല ഇവ ഇല്ലാത്ത സ്ഥലങ്ങളിൽ അവ രൂപീകരിക്കാനുളള നടപടികൾ സ്വീകരിക്കുക.

2. നാടൻ കലാ രൂപങ്ങൾ സംരക്ഷിക്കുന്നതിനും, കലാ-കായിക മൽസരങ്ങൾക്ക് പ്രോൽസാഹനം നൽകുന്നതിനുമുളള സംവിധാനം ഏർപ്പെടുത്തുക.

3. ടെലിവിഷൻ സെററുകൾ ഇല്ലാത്ത ഹരിജൻ കോളനികളിൽ ടെലിവിഷൻ സെററുകൾ സ്ഥാപിക്കുക.

4. വിനോദ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന പഞ്ചായത്തിലെ 9-ാം വാർഡിലെ കാട്ടാത്തി പാറ കേന്ദ്രീകരിച്ച് ഒരു വിനോദ സഞ്ചാരകേന്ദ്രം ആരംഭിക്കുക. കാട്ടാത്തിപ്പാറയേയും പാപ്പിനിപ്പാറയേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു റോപ്പ്വേ സ്ഥാപിക്കുക. പഞ്ചായത്തിനോട് ചേർന്നു കിടക്കുന്ന വനപ്രദേശത്ത് ആന സവാരിക്ക് സംവിധാനം ഏർപ്പെടുത്തുക.

5. ജനവിദ്യാ കേന്ദ്രങ്ങൾ ഇൻഫർമേഷൻ & ഗൈഡൻസ് സെൻററായി പ്രവർത്തിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക,

6. 2-ാംവാർഡിലെ സാംസ്കാരിക നിലയം ജനങ്ങൾക്കായി തുറന്നുകൊടുക്കുക.

7. പ്രവർത്തനം നിലച്ചുപോയിരിക്കുന്ന മുററാക്കുഴിയിലേയും, ഐരവണിലേയും, പടപ്പയ്ക്കലേയും ഗ്രന്ഥശാലകൾ പുനഃരുദ്ധരിക്കുന്നതിനും സാംസ്കാരിക നിലയങ്ങളായി ഉയർത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുക.

8. സ്ത്രീകളുടെ സാംസ്കാരിക ഉന്നമനത്തിനായി നിലവിലുള്ള വനിതാ സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.

9. സ്കൂൾ തലത്തിലെ കലാ കായിക പ്രതിഭകളെ കണ്ടെത്തി പഞ്ചായത്തു തലത്തിൽ പരിശീലനം നൽകുക.

10. കുട്ടികളുടെ വായനാശീലം വളർത്തുന്നതിന് സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ബാല സാഹിത്യ കൃതികളുടെ പ്രവർത്തനവും, വിൽപ്പനയും സംഘടിപ്പിക്കുകയും, സെമിനാറുകൾ സംഘടിപ്പിക്കുകയും പഞ്ചായത്തു തലത്തിൽ കുട്ടികൾക്കായി ക്വിസ് മൽസരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

**പട്ടിക - 1**

## ദിനപത്രങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ-നമ്പർ | ദിനപത്രങ്ങളുടെ പേര് | പഞ്ചായത്തിൽ വിതരണം ചെയ്യുന്ന പത്രങ്ങളുടെ എണ്ണം |
|---|---|---|
| 1 | മലയാള മനോരമ | 1120 |
| 2 | മാതൃഭൂമി | 500 |
| 3 | കേരള കൗമുദി | 332 |
| 4 | ദേശാഭിമാനി | 70 |
| 5 | ഇൻഡ്യൻ എക്സ്പ്രസ് | 50 |
| 6 | ഹിന്ദു | 20 |



# വനിത

# വനിത

സാംസ്കാരിക കേരളത്തിന്റെ കഴിഞ്ഞകാലചരിത്രം പരിശോധിച്ചാൽ സാമൂഹ്യവിപ്ലവത്തിൽ സ്ത്രീകൾക്കുള്ള പങ്ക് വിലപ്പെട്ടതാണെന്ന് കാണാവുന്നതാണ്. മാനവജീവിതത്തിന്റെ നാനാ തുറകളിലും സ്ത്രീകൾ നേട്ടങ്ങളുടെ പട്ടികയിലേക്ക് വരുന്ന ഈ സന്ദർഭത്തിലും അരുവാപ്പുലം പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വനിതകളും സാമൂഹ്യമാററത്തിൽ തങ്ങൾക്കുള്ള കർത്തവ്യം മനസിലാക്കിയിട്ടില്ല എന്ന സ്ഥിതി നിലനിൽക്കുന്നു. വിദ്യാഭ്യാസം നേടുവാൻ അവകാശം നിഷേധിക്കപ്പെട്ടിരുന്ന പഴയകാലത്തിൽനിന്നും വ്യത്യസ്തമായി ഇന്ന് പുരുഷനോടൊപ്പം ജീവിതത്തിന്റെ സമസ്തമേഖലകളിലും മുന്നേററം നടത്തിക്കൊണ്ടിരിക്കുകയാണ് സ്ത്രീകൾ. ഈ പഞ്ചായത്തിലെ ഭൂരിപക്ഷം സ്ത്രീകളും സ്വന്തം വീടുകളിൽ ഒതുങ്ങിക്കൂടുന്നതായിട്ടാണ് കണ്ടുവരുന്നത്.

പൊതുരംഗത്ത് സ്ത്രീ പങ്കാളിത്തം നാമമാത്രമാണ്. എങ്കിലും ജാതീയമായ വനിതാ സംഘടനകളുടെ പ്രവർത്തനം പഞ്ചായത്തിന്റെ പലപ്രദേശങ്ങളിലും നടന്നുവരുന്നു. ഇത്തരത്തിലുള്ള സംഘടനകളുടെ പ്രവർത്തനം അവരിൽ ജാതീയമായ സങ്കുചിതത്വം വളർത്തുവാനേ ഉപകരിക്കുകയുള്ളൂ എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. വനിതകളുടെ പുതിയ സാംസ്കാരിക സംഘടനകൾ ഉയർന്നു വരേണ്ടതിന്റെ അനിവാര്യത പ്രധാനപ്പെട്ടതാണ്.

ലോകത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ആദ്യത്തെ സംസ്ഥാനമെന്ന ഖ്യാതി നേടിയ കേരളത്തിലെ ഒരു മലയോര പ്രദേശമായ അരുവാപ്പുലം പഞ്ചായത്തിൽ നിരക്ഷരരായ സ്ത്രീകൾ ഉണ്ട് എന്നത് സത്യമായി അവശേഷിക്കുന്നു. എങ്കിലും മദ്ധ്യ തിരുവിതാംകൂർ സർവ്വകലാശാലയിൽനിന്നും ബിരുദാനന്തര ബിരുദം നേടിയ മദ്ധ്യതിരുവിതാംകൂറിലെ ആദ്യത്തെ വനിത പരേതയായ ശ്രീമതി കോന്നിയൂർ മീനാക്ഷിയമ്മ ഈ പഞ്ചായത്തിലെ ഐരവൺ നിവാസിയായിരുന്നു എന്നത് നമുക്ക് അഭിമാനത്തിന് വകനൽകുന്നു.

അരുവാപ്പുലം പഞ്ചായത്തിലെ ഏകദേശം 20% സ്ത്രീകൾ മാത്രമാണ് ഗവൺമെന്റ് സർവ്വീസ് ഉൾപ്പെടെയുള്ള തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്നത്. തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളിൽ കൂടുതൽപേരും തയ്യൽ തൊഴിലുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. സ്ത്രീകൾക്കു നേരെയുള്ള പീഡനം, ചൂഷണം എന്നിവയിൽനിന്നും ഈ പഞ്ചായത്തും പൂർണ്ണമായും മോചിതമല്ല. സ്ത്രീ പങ്കാളിത്തത്തോട് കൂടുതൽ ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുവാനുള്ള വിപുലമായ സാധ്യതകൾ പഞ്ചായത്തിൽ നിലനിൽക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് കടന്നുവരുന്ന സ്ത്രീകളുടെ എണ്ണം പഞ്ചായത്തിൽ വളരെ കുറവാണ് പൊതുരംഗത്തേക്കും കടന്നുവരുന്നതിന് ബഹുഭൂരിപക്ഷം സ്ത്രീകളും തയ്യാറാകുന്നില്ല.

## പ്രശ്നങ്ങൾ

1. രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്.
2. സ്ത്രീ തൊഴിലാളികൾക്ക് കിട്ടുന്ന വേതനം പുരുഷ തൊഴിലാളിയെ അപേക്ഷിച്ച് വളരെ കുറവാണ്.
3. സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനത്തിനാവശ്യമായ സൗകര്യങ്ങളില്ല.
4. മഹിളാ സംഘടനകളൊന്നുംതന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
5. സാമ്പത്തിക ബുദ്ധിമുട്ടു മൂലം സ്വയം തൊഴിൽ യൂണിററുകൾ തുടങ്ങുവാൻ കഴിയുന്നില്ല
6. സർക്കാർ സഹായ പദ്ധതികളെക്കുറിച്ച് അറിവ് ലഭിക്കുന്നതിന് സംവിധാനമില്ല.
7. പുരുഷൻമാരെ അപേക്ഷിച്ച് രോഗമുള്ള സ്ത്രീകളുടെ എണ്ണം വളരെ കൂടുതലാണ്
8. മദ്യപിച്ചശേഷം സ്ത്രീകളെ ഉപദ്രവിക്കുന്നത് വർദ്ധിച്ചുവരുന്നു.
9. അംഗൻവാടിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.
10. വായനാശീലം വളർത്തുന്നതിനാവശ്യമായ സൗകര്യമില്ല.
11. സ്ത്രീകളുടേതായ തനതു കലാരൂപങ്ങൾ വളർത്തുന്നതിനാവശ്യമായ സംവിധാനമില്ല.
12. ഗാർഹിക ആവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങുവാൻ മാർക്കററില്ല.
13. പാചകവാതകം ലഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങളില്ല.
14. വിധവകളും വികലാംഗരുമായ വനിതകൾ സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുന്നു

## ആരംഭിക്കുവാൻ കഴിയുന്ന ചെറുകിട വ്യവസായ യൂണിററ്

1. ക്ഷീരോല്പന്ന യൂണിററ്
2. റെഡിമെയ്ഡ് യൂണിററ്
3. റബ്ബർ ബാൻററ്, കയ്യുറ, ബലൂൺ, സ്കൂൾബാഗ് വള നിർമ്മാണ യൂണിററുകൾ
4. അച്ചാർ നിർമ്മാണ യൂണിററ്
5. തീപ്പെട്ടി നിർമ്മാണം
6. മിഠായി നിർമ്മാണം

## നിർദ്ദേശങ്ങൾ

1. വനിതകൾക്കായി വിദഗ്ധ തൊഴിൽ പരിശീലന കേന്ദ്രങ്ങളാരംഭിക്കണം.
2. മഹിളാസംഘടനകൾ രൂപീകരിക്കണം
3. D. W. C. R. A. യൂണിററുകൾക്ക് കൂടുതൽ തുക അനുവദിക്കുകയും വായ്പാ കാലാവധി ദീർഘിപ്പിക്കുകയും ചെയ്യണം.
4. ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാനാവശ്യമായ സൗകര്യം കണ്ടെത്തണം
5. വനിതായൂണിററുകൾ തുടങ്ങുന്നതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കണം
6. നിർദ്ധനരായ പെൺകുട്ടികൾക്കും വികലാംഗരുടെ കുട്ടികൾക്കും സൗജന്യമായി പുസ്തകം, യൂണിഫോറം, ഇവ വിതരണം ചെയ്യണം.
7. വനിതാ സംഘടനകളുടെ നേതൃത്വത്തിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥിനികൾക്ക് സൗജന്യ ട്യൂഷൻ നൽകണം
8. ഉദ്യോഗസ്ഥകൾക്ക് ആവശ്യമായ താമസ സൗകര്യം ഉറപ്പാക്കണം.
9. ജനവിദ്യാ കേന്ദ്രങ്ങളിലെ വനിതാവേദികൾ സജീവമാക്കണം.
10. 25 കുടുംബങ്ങൾക്ക് ഒന്ന് എന്ന രീതിയിൽ വനിതകളെ സംഘടിപ്പിച്ച് അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും അവിടെ വിവിധ വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥർ വന്ന് ക്ലാസെടുക്കുകയും ചെയ്യണം.
11. ലൈബ്രറികൾ ആഴ്ചയിൽ ഒരു ദിവസം വനിതകൾക്ക് ലഭ്യമാക്കണം
12. ചെറുകിട വ്യവസായ യൂണിററുകൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നല്കണം
13. പുതിയ യൂണിററുകൾ തുടങ്ങുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ലഘൂകരിക്കണം.
14. വിവിധ സർക്കാർ വകുപ്പുകൾ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് അറിയുന്നതിനായി ഇൻഫർമേഷൻ സെൻറർ ആരംഭിക്കണം.
15. ആരോഗ്യവകുപ്പിൻെറ ഫീൽഡ് വർക്കിലുള്ള സ്ററാഫിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക. ആരോഗ്യവകുപ്പിൻെറ ആഭിമുഖ്യത്തിൽ വിദഗ്ധ ഡോക്ടർമാരെ ഉപയോഗിച്ച് സെമിനാറുകൾ സംഘടിപ്പിക്കുക.
16. അനധികൃത മദ്യ വില്പന നിർത്തലാക്കുവാൻ വനിതാ സംഘടനകളുടെ നേതൃത്വത്തിൽ പ്രവർത്തനം നടത്തുക.
17. സ്കൂളുകളിലെയും അംഗൻവാടികളിലെയും മാതൃ സംഗമങ്ങളുടെ പ്രവർത്തനം ശക്തമാക്കുക.
18. എല്ലാ സ്കൂളുകളിലും വനിതാ N. C. C-യുടെ യൂണിററും ഗൈഡ്സ് യൂണിററും ആരംഭിക്കുക.
19. പഞ്ചായത്തിലെ കലാകാരികളെ ചേർത്ത് ഒരു യൂണിററ് രജിസ്ററർ ചെയ്ത് അതുവഴി പരിശീലനം നല്കുക.
20. അരുവാപ്പുലം ഫാർമേഴ്സ് സഹകരണസംഘം കേന്ദ്രീകരിച്ച് പാചകവാതകം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക.



# സഹകരണം

# സഹകരണം

സഹകരണ പ്രസ്ഥാനത്തിന് അരുവാപ്പുലത്തിന് മുക്കാൽ നൂററാണ്ടു കാലത്തെ ചരിത്രമുണ്ട്. 1924_ൽ അരുവാപ്പുലം ആസ്ഥാനമായി സ്ഥാപിച്ച പരസ്പര സഹായ സഹകരണ സംഘം തിരുവിതാംകൂറിലെ ആദ്യകാല സഹകരണ സംഘങ്ങളിലൊന്നാണ്. പിന്നീട് ഈ സംഘം 1977_ൽ അരുവാപ്പുലം കർഷക സർവ്വീസ് സഹകരണ ബാങ്കായി മാറുകയുണ്ടായി. ഈ സംഘം കൂടാതെ അരുവാപ്പുലം കേന്ദ്രമാക്കി റബ്ബർ ഉല്പാദക സഹകരണ സംഘവും, ഐരവൺ, ഊട്ടുപാറ എന്നിവിടങ്ങളിൽ ക്ഷീരോല്പാദന സഹകരണ സംഘങ്ങളും, കൊക്കാത്തോട്ടിൽ കൺസ്യൂമർ സഹകരണ സംഘവും, ബ്ലോക്ക് വനിതാ സഹകരണ സംഘത്തിന്റെ ശാഖയും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ 4_ാംവാർഡ് ഭാഗീകമായും 5_ാംവാർഡ് പൂർണ്ണമായും വകയാർ സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിലാണ്. ഭവന നിർമ്മാണ വായ്പകൾക്കായി ഈ പഞ്ചായത്തിലെ ആളുകൾ കോന്നി ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘത്തെയാണ് ആശ്രയിക്കുന്നത്. ഇതു കൂടാതെ പത്തനംതിട്ട കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കാർഷിക വികസന ബാങ്കിന്റെ പ്രവർത്തന പരിധിയിൽപ്പെട്ടതാണ് ഈ പഞ്ചായത്ത്.

## സഹകരണസംഘങ്ങളുടെ ഇന്നത്തെ സ്ഥിതി

### 1. അരുവാപ്പുലം കർഷക സർവ്വീസ് സഹകരണസംഘം ക്ലിപ്തം (നമ്പർ 680)

1924_ൽ പരസ്പര സാഹായ സഹകരണ സംഘം എന്ന പേരിൽ ആരംഭിച്ച ഈ സ്ഥാപനം സഹകരണ രംഗത്തെ പാരമ്പര്യമുള്ള സ്ഥാപനമാണ്. ഈ പഞ്ചായത്തിലെ 5_ാം വാർഡും 4_ാം വാർഡ് ഭാഗീകമായും ഒഴികെയുള്ള പ്രദേശങ്ങൾ അരുവാപ്പുലം കർഷക സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിലാണ്. 7354_അംഗങ്ങളുള്ള ഈ സ്ഥാപനത്തിന്റെ അംഗികൃത ഓഹരി മൂലധനം 55_ലക്ഷം രൂപയാണ്. 23636245/_ രൂപ സ്ഥിര നിക്ഷേപമായും 8490034/_ രൂപ ഹ്രസ്വകാല നിക്ഷേപമായും ഈ ബാങ്കിലുണ്ട്. ഹ്രസ്വകാല കാർഷിക വായ്പയായി 598052/_ രൂപയും മധ്യകാല / ദീർഘകാല കാർഷിക വായ്പയായി 5022714/_ രൂപയും സ്വർണ്ണപ്പണയ വായ്പയായി 6356270/_ രൂപയും മററ് വായ്പകളായി 17414642/_ രൂപയും അംഗങ്ങൾക്ക് നല്കിയിട്ടുണ്ട്. ബാങ്കിംഗ്, വായ്പാ പ്രവർത്തനങ്ങൾ, വിത്ത്, വളം, കീടനാശിനി എന്നിവയുടെ വില്പന, സ്റേറഷനറി, ടെക്സ്റ്റയിൽസ്, കൺസ്യൂമർ സാധനങ്ങൾ എന്നിവയുടെ വില്പന, സ്പ്രേയിംഗ്, ചിട്ടിബിസിനസ് റബ്ബർ വ്യാപാരം, ആസിഡ്, തുരിശ് മുതലായ എസ്റേററ്റ് സാധനങ്ങളുടെ വില്പന തുടങ്ങിയ പ്രവർത്തനങ്ങളും ഈ ബാങ്കിലൂടെ നല്ല നിലയിൽ നടക്കുന്നുണ്ട്. കൊക്കാത്തോട്, ഐരവൺ എന്നിവിടങ്ങളിൽ ബ്രാഞ്ചുകളും പ്രവർത്തിക്കുന്നുണ്ട്.

### 2. ഐരവൺ ക്ഷീരോല്പാദന സഹകരണ സംഘം (PT - 81)

ഐരവൺ പ്രദേശത്തെ ക്ഷീര കർഷകരുടെ ഉന്നമനത്തിനായി 1990_ൽ ഈ സംഘം പ്രവർത്തനമാരംഭിച്ചു. അരുവാപ്പുലം പഞ്ചായത്തിലെ 7, 8, വാർഡുകൾ ഈ സംഘത്തിന്റെ പരിധിയിലാണ്. 94 അംഗങ്ങളുള്ള സംഘത്തിന്റെ ഓഹരി മൂലധനം 946 രൂപാ മാത്രമാണ്.

പ്രതിദിനം ഇവിടെ ശേഖരിക്കുന്ന 160 ലിററർ പാലിൽ 100 ലിറററും സമീപപ്രദേശങ്ങളിൽ തന്നെ വില്ക്കുകയാണ് ചെയ്യുന്നത് മിൽമയുമായി ബദ്ധപ്പെട്ടാണ് പാൽവില്പന നടത്തുന്നത്

**3. ഊട്ടുപാറ ക്ഷീരോല്പാദന സഹകരണ സംഘം (PT/97 D)**

പഞ്ചായത്തിലെ 1 മുതൽ 4 വരെ വാർഡുകളം ഊട്ടുപാറ ക്ഷീരോല്പാദന സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധിയിലാണ്. 1992_ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ 145 അംഗങ്ങളുണ്ട്. 10000/_ രൂപ ഓഹരി മൂലധനമായുണ്ട്. പ്രതിമാസം ശേഖരിക്കുന്ന 4458 2 ലിററർ പാൽ 3341.1 ലിററർ പാൽ പുറത്തേക്ക് അയക്കുകയും ചെയ്യുന്നുണ്ട്.

**4. കോന്നി ബ്ലോക്ക് വനിതാ സഹകരണ സംഘം – കൊക്കാത്തോട് ബ്രാഞ്ച്**

കോന്നി ബ്ലോക്ക് വനിതാ സഹകരണ സംഘത്തിൻെറ സബ്ബ് യൂണിററുകളം (ടൈപ്പ് റൈററിംഗ് ഇൻസ്ററിററ്യൂട്ട്, തയ്യൽ പരിശീലന കേന്ദ്രം) കഴിഞ്ഞ 4 വർഷംമുൻപ് കൊക്കാത്തോട്ടിൽ പ്രവർത്തനമാരംഭിച്ചു. ഈ സംഘം ഇപ്പോഠം പ്രവർത്തനരഹിതമാണ്. ഇത് പുനഃരുദ്ധരിക്കാൻ കഴിയണം.

**5· റബ്ബർ ഉല്പാദന സഹകരണ സംഘം**

റബ്ബർ കർഷകരിൽ നിന്നു. പാൽ ശേഖരിക്കുന്നും വ്യാപകമായ്പ്രവർത്തനം കുറവാണ്.

**6. കൊക്കാത്തോട് കൺസ്യൂമർ സഹകരണ സംഘം (PT നമ്പർ 66)**

അവികസിത മേഖലയായ കൊക്കാത്തോട്ടിൽ 9, 10 വാർഡുകളിലായി 1900_ത്തോളം കുടുംബങ്ങളിലായി 7000_ത്തോളം ജനങ്ങഠംക്ക് നിത്യോപയോഗ സാധനങ്ങഠം ന്യായമായ വിലയ്ക്ക് നല്കുന്നതിനായി 1989 ൽ രജിസ്ററർ ചെയ്തു പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനംവഴി മാവേലി സ്റേറാറിലുള്ള ഭക്ഷ്യ സാധനങ്ങളും മററും വിതരണം നടത്തിയിരുന്നു. സ്വകാര്യ കച്ചവട സ്ഥാപനങ്ങളുടെ ചൂഷണം അവസാനിപ്പിക്കുവാനും വിലക്കയററം തടഞ്ഞുനിർത്തുന്നതിനും ഈ സ്ഥാപനം ഉപകരിച്ചിരുന്നു. ഗതാഗതസൗകര്യമില്ലാത്ത ഈ പ്രദേശത്തേക്കം നിത്യോപയോഗ സാധനങ്ങഠം കൊണ്ടെത്തിക്കുന്നതിനുള്ള ചിലവുകാരണം കട കമ്പോളങ്ങളിൽ അമിതവില ഈടാക്കിയിരുന്നു. ഇത് തടയുവാൻ ഈ സംഘത്തിനു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ സംഘം ഇപ്പോഠം വമ്പിച്ച തകർച്ചയിലും നഷ്ടത്തിലുമാണ്.

അരുവാപ്പുലം പഞ്ചായത്തിലെ ഇടത്തരവും താഴ്ന്ന വരുമാനക്കാരുമായ ആളുകഠം ഭവന നിർമ്മാണ വായ്പകഠംക്കായി കോന്നിയിൽ പ്രവർത്തിക്കുന്ന കോന്നി ഹൗസിംഗ് സഹകരണ സംഘത്തെയാണ് സമീപിക്കുന്നത്. ഈ പഞ്ചായത്തിലെ വ്യത്യസ്ത ആളുകഠംക്ക് വിവിധ തരത്തിലുള്ള ഭവന വായ്പകഠംക്കായി 91200/_രൂപ ഈ സംഘം നല്കിയിട്ടുണ്ട്,

## പ്രശ്നങ്ങൾ

1. കന്നുകാലി വളർത്തൽ വ്യാപകമായുണ്ടെങ്കിലും ക്ഷീര വിപണനത്തിനുള്ള സംവിധാനം എല്ലാ വാർഡുകളിലുമില്ല.

2. കൊക്കാത്തോട്ടിലുള്ള കോന്നി ബ്ലോക്ക് വനിതാ സഹകരണ സംഘം സബ്ബ് യൂണിററുകൾ പ്രവർത്തിക്കുന്നില്ല.

3. കാർഷിക വായ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസം.

4. കാർഷിക ഉന്നമനത്തേക്കാൾ ലാഭം പ്രതീക്ഷിച്ചു കൊണ്ടുള്ള ബാങ്കുകളുടെ പ്രവർത്തനരീതി

5. സഹകരണ സംഘം വഴി നല്കുന്ന സാമ്പത്തിക സഹായങ്ങളും വായ്പകളും ജനങ്ങളിലെത്തിക്കുവാൻ കഴിയാതിരിക്കുന്നതു മൂലം കർഷകരിൽ ലക്ഷ്യമിട്ടിരിക്കുന്ന ഗുണഫലം ഉണ്ടാകാതിരിക്കുക.

6. കർഷകരുടെ ബോധവല്ക്കരണത്തിനായി നടത്തുന്ന കാർഷിക സെമിനാറുകളിൽ ചെറുകിട കർഷകരുടെ പങ്കാളിത്തം കുറവാണ്.

7. അംഗങ്ങൾക്ക് നല്കിയ വായ്പാ കുടിശിക പിരിഞ്ഞുകിട്ടാനുള്ള കാലതാമസം.

8. ഈറയും മുളയും വില്ക്കുവാനും സംസ്കരണത്തിനാവശ്യമായ സാഹചര്യങ്ങൾ ഇല്ലായ്മ.

## നിർദ്ദേശങ്ങൾ

1. ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ 1-ാം വാർഡിലും 4, 5, വാഡുകൾ കേന്ദ്രീകരിച്ചും 9, 10, വാർഡുകൾ കേന്ദ്രീകരിച്ചും ആരംഭിക്കുക.

2. പഞ്ചായത്തിൽ പാൽ സംസ്കരണ യൂണിററ് സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കണം

3. പഞ്ചായത്തിലെ 2ഹൈസ്കൂളുകളിലും സഹകരണ സംഘങ്ങളുടെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

4. കൊക്കാത്തോട് – ബ്ലോക്ക് വനിതാ സഹകരണ സംഘം ബ്രാഞ്ചിൻെറ പ്രവർത്തനം പുനഃരുദ്ധരിച്ച് കാര്യക്ഷമമാക്കണം.

5. കൊക്കാത്തോട്ടിലുള്ള കൺസ്യൂമർ സഹകരണ സംഘത്തിൻെറ പ്രവർത്തനം മെച്ചമാക്കാൻ ആവശ്യമായ ഗ്രാൻറ് അനുവദിക്കുക.

6. അരുവാപ്പുലം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും സ്വർണ്ണപ്പണയമോ വായ്പകളോ കൃത്യമായി നല്കുന്നില്ല. ഇവ പുനഃസ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കണം.

7. കാർഷിക വായ്പകളുടെ പലിശനിരക്ക് കുറയ്ക്കുക.

8. കാലാകാലങ്ങളിൽ ചെറുകിട കർഷകരെ പങ്കെടുപ്പിക്കത്തക്കവണ്ണം വ്യാപകമായ പ്രചരണവും ബോധവൽക്കരണവും നടത്തുക.

9. വായ്പാകുടിശിക പിരിച്ചെടുക്കുന്നതിന് നിലവിലുള്ള കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുകയും അംഗങ്ങളിൽ അതിനു വേണ്ട ബോധവൽക്കരണവും നടത്തേണ്ടതാണ്.

10. ഈററ തൊഴിലാളികളുടെ സഹകരണ സംഘം ആരംഭിക്കുക.

11. ഹരിജൻ ഗിരിജൻ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.



# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

# പട്ടികജാതി - പട്ടികവർഗ ക്ഷേമം

അരുവാപ്പുലം പഞ്ചായത്തിലെ ആകെയുള്ള ജനസംഖ്യയുടെ 14.58% പട്ടികജാതി_പട്ടികവർഗ ജനവിഭാഗമാണ്. ഒന്നും മുതൽ പത്തു വരെയുള്ള വാർഡുകളിലായി കോളനികളിലും ലക്ഷം വീടുകളിലും ഇടകലർന്നുമായി ഇവർ അധിവസിക്കുന്നു. ഇതിൽ 3082 പട്ടികജാതിക്കാരും 83 പട്ടികവർഗക്കാരുമുൾപ്പെടെ ആകെ 3165 അംഗങ്ങളാണുള്ളത്.

വിദ്യാഭ്യാസ സാമൂഹ്യ മേഖലയിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല കുടികിടപ്പവകാശത്തിൻെറയും ഭൂപരിഷ്ക്കരണത്തിൻെറയും ഫലമായി നേട്ടങ്ങൾ കൈവരിക്കുവാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും ഒട്ടു മിക്കവാറും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വിഭാഗങ്ങളുടേയും എല്ലാത്തരം ചടങ്ങുകളിലും സാമൂഹ്യ പ്രവർത്തനങ്ങളിലും പങ്കെടുക്കുകയും, എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തുവരുന്നുണ്ട്.

## പട്ടിക 1

| ക്രമ_നമ്പർ | വാർഡ് നമ്പർ | കുടുംബാംഗങ്ങളുടെ എണ്ണം | കോളനിയുടെ പേര് |
|---|---|---|---|
| 1 | I | 21 | അടവിക്കുഴി / ആനക്കല്ലുമുരുപ്പ് |
| 2 | I | 31 | അംബേദ്കർ സ്മാരകസെററിൽമെൻറ് |
| 3 | III | 10 | കല്ലിടുക്ക് ഹരിജൻസെററിൽമെൻറ് |
| 4 | ,, | 10 | മൈലാടുപാറ ,, |
| 5 | ,, | 35 | കാരുമല ,, |
| 6 | IV | 20 | ചൂരക്കുന്ന് ,, |
| 7 | V | 21 | ഊരാളി ,, |
| 8 | VII | ഇല്ല | |
| 9 | VIII | 40 | പ്രിയദർശിനി ,, |
| 10 | IX | 15 | ആവണിപ്പാറ ഗിരിജൻ കോളനി |

സർക്കാരിന്റെ ഭാഗത്തുനിന്നും ചില ക്ഷേമപദ്ധതികളുണ്ടെങ്കിലും അതൊക്കെ പൂർണ്ണമായി ലക്ഷ്യം കണ്ടിട്ടില്ല. പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും അവ യഥാസമയം ജനങ്ങളിൽ എത്തിക്കേണ്ടവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള അലംഭാവവും കാരണം പദ്ധതികൾ വേണ്ടത്ര വിജയിച്ചിട്ടില്ല. എന്നാൽ കുറെയെങ്കിലും നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. ഇനിയും നിരവധി പ്രശ്നങ്ങൾ ഈ വിഭാഗത്തിന്റേതായി പരിഹരിക്കപ്പെടാതെ ബാക്കി നിൽക്കുന്നുണ്ട്.

## വിദ്യാഭ്യാസം

സാക്ഷരതാ പ്രവർത്തനത്തിലൂടെ അക്ഷര ജ്ഞാനം ഉണ്ടാക്കാൻ കഴിഞ്ഞെങ്കിലും വിദ്യാഭ്യാസ നിലവാരത്തിൽ ഈ വിഭാഗം വലിയ പുരോഗതി ആർജ്ജിച്ചുവെന്ന് പറയാൻ കഴിയില്ല. അവരുടെ കുട്ടികളിൽ ചിലർ സ്കൂളുകളിൽ പോകാതിരിക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നു. ഈ സ്ഥിതിവിശേഷം ഇവരിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് കാരണമാകുന്നു. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് വിദഗ്ദ്ധരായവരെ ഉൾപ്പെടുത്തി ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

## തൊഴിൽ

ഈ വിഭാഗത്തിലെ ജനങ്ങളിലധികവും കൃഷി സംബന്ധമായ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു. സ്ത്രീകൾക്കും പുരുഷൻമാർക്കും വ്യത്യസ്ത കൂലിനിരക്കാണ് നിലവിലുള്ളത്. പുരുഷൻമാർക്ക് 100 രൂപയും സ്ത്രീകൾക്ക് 80 രൂപയുമാണ് കൂലിനിരക്ക്. കൃഷി സ്ഥലങ്ങൾ നികത്തി കെട്ടിടങ്ങൾ പണിയുന്നതുമൂലം കാർഷിക രംഗത്ത് തൊഴിൽ സാദ്ധ്യത കുറഞ്ഞിട്ടുണ്ട്. തൻമൂലം കട്ടച്ചൂളകളിലെ പണികൾക്കും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിലും കുറെപ്പേർ ഏർപ്പെടുന്നുണ്ട്. കൃഷി നിലങ്ങൾ നികത്തുന്ന പ്രവണത തടയപ്പെടണം.

## പാർപ്പിടം

പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികൾ സഹായിച്ചിട്ടുണ്ട്. എന്നാൽ ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് വേണ്ടത്ര പ്രയോജനം ലഭിച്ചിട്ടില്ല. ഇവരിൽ പലരും മററ് ധനകാര്യ ഏജൻസികളുടെ സഹായം സ്വീകരിക്കുകവഴി കടക്കെണിയിൽ പെട്ടുപോയിട്ടുണ്ട്. വീടുകൾക്ക് അനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീടുവെയ്ക്കാനുള്ള ഭൂമിയുടെ പരിധി നിർണ്ണയം മൂലം വീടുവയ്ക്കാൻ കഴിയാതെ പോയിട്ടുള്ളവർക്കും വീട് നിർമ്മിക്കാനാവശ്യമായ സ്ഥലവും ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുഭവിക്കേണ്ടതുണ്ട്. കോളനികളിൽ വീടുകൾക്ക് കക്കൂസ് ഇല്ലാത്ത സ്ഥിതിയും പരിഹരിക്കപ്പെടണം. ലക്ഷംവീട് കോളനികളിലെ പൊതു കക്കൂസ് ഉണ്ടാക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

# പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.
2. നിരക്ഷരത നിലനിൽക്കുന്നു.
3. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടാകുന്നു.
4. കാർഷിക മേഖലയിൽ തൊഴിലവസരം കുറയുന്നു.
5. മുഴുവൻ ആളുകൾക്കും സ്വന്തമായി വീടോ വീടുവയ്ക്കാൻ സ്ഥലമോ ഇല്ല.
6. വീടുവയ്ക്കാൻലഭിക്കുന്ന ധനസഹായം അപര്യാപ്തമാണ്.
7. കോളനികളിൽ കുടിവെള്ള ക്ഷാമം നിലനിൽക്കുന്നു.
8. എല്ലാ കോളനികളിലും വൈദ്യുതിയില്ല.
9. ഭൂമിക്ക് കൈവശാവകാശം ലഭിച്ചിട്ടില്ല.
10. വിധവാപെൻഷനും പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
11. *I. R. D. P.* ഉൾപ്പെടെയുള്ള പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
12. സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനുള്ള ബാങ്ക് വായ്പകൾ ലഭിക്കുന്നതിനുള്ള നിയമ സങ്കീർണ്ണത.
13. കോളനികളിൽ സ്ത്രീകൾക്കും പുരുഷൻമാർക്കുമായി പ്രത്യേകം കക്കൂസുകൾ ഇല്ലാത്ത സ്ഥിതി.

# നിർദ്ദേശങ്ങൾ

1. വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് തടയുവാൻ ആവശ്യമായ ബോധവൽക്കരണം നടത്തണം
2. കാർഷിക മേഖലയിൽ തൊഴിൽ അവസരങ്ങൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കണം.
3. സ്വന്തമായി ഭൂമിയില്ലാത്ത മുഴുവൻ പട്ടികജാതി/പട്ടികവർഗ കുടുംബങ്ങൾക്കും സ്വന്തമായി വീടും ഭൂമിയും നൽകുവാൻ സമഗ്ര പദ്ധതിക്ക് രൂപം നൽകണം.
4. ചൂരലും ഈറയും സുലഭമായ കൊക്കാത്തോട് മേഖലയിൽ ബാംബു കോർപ്പറേഷന്റെ നിർമ്മാണ യൂണിററ് സ്ഥാപിക്കുക.
5. കോളനികളിൽ വൈദ്യുതി, കിണർ, കക്കൂസ് ഇവ നിർമ്മിക്കുക.
6. പട്ടയം കിട്ടാത്ത ഭൂമിക്ക് അടിയന്തിരമായി പട്ടയം നൽകുവാൻ നടപടി ആരംഭിക്കുക.
7. *I. R. D. P.* പദ്ധതികളും മററ് ക്ഷേമപദ്ധതികളും കാര്യക്ഷമമാക്കുക.
8. പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രീ_മെട്രിക് ഹോസ്ററലുകൾ സ്ഥാപിക്കുക
9. കോളനികളോടനുബന്ധിച്ച് വായനശാലകൾ സ്ഥാപിക്കുക.
10. കോളനികളിലേക്കുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കുക.
11. വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
12. കോളനികളോടനുബന്ധിച്ച് ശ്മശാനം നിർമ്മിക്കുക.

പട്ടിക - II

# SC/ST വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ 1995-96

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | ആൺ | പെൺ | SC | ST | ആകെ | കുറുപ്പ് |
|---|---|---|---|---|---|---|---|
| 1 | P. S. V. P. M. H. S., ഐരവൺ | 47 | 61 | 108 | | 108 | |
| 2 | സെൻറ് ജോർജസ് ഹൈസ്കൂൾ, ഊട്ടുപാറ | 62 | 88 | 150 | | 150 | |
| 3 | ഗവ: എച്ച്. എസ്., കൊക്കാത്തോട് | 50 | 58 | 60 | 48 | 108 | |
| 4 | ജി.ജെ. എം. യു. പി. സ്കൂൾ, കല്ലേലി | 18 | 27 | 45 | | 45 | |
| 5 | സി. എം. എസ്. യു. പി. സ്കൂൾ അതിരുങ്കൽ | 21 | 24 | 43 | 2 | 45 | |
| 6 | ജെ. ബി. വി. എൽ. പി. സ്കൂൾ കുമ്മണ്ണൂർ | 15 | 14 | 29 | | 29 | |
| 7 | ഗവ: എൽ. പി. സ്കൂൾ, അരുവാപ്പുലം | 13 | 8 | 21 | | 21 | |

★



# വിഭവസമാഹരണം

# വിഭവസമാഹരണം

വികസന പ്രവർത്തനങ്ങൾ വിജയിപ്പിക്കുവാൻ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്ന പ്രക്രിയയാണ് വിഭവസമാഹരണം. പ്രകൃതി വിഭവങ്ങൾ, മാനവശേഷി, നികുതി, പാടകകൾ, മററ് സമ്പാദ്യങ്ങൾ എന്നിവയെല്ലാം വിഭവങ്ങളിൽപ്പെടുന്നവയാണ്. പഞ്ചായത്തിൽ നിലവിലുള്ള സാദ്ധ്യതകൾ ഉപയോഗിച്ച് പരമാവധി വിഭവസമാഹരണം നടത്തിക്കൊണ്ടു മാത്രമേ വികസന പ്രവർത്തനങ്ങളിൽ പുരോഗതി നേടുവാൻ കഴിയൂ.

വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേററുവാൻ വികസനത്തെ സംബന്ധിച്ച കാഴ്ചപ്പാടിനുതന്നെ മാററം ആവശ്യമാണ്. റോഡുകൾ, വൈദ്യുതി, കുടിവെള്ളം, ജലസേചനം, ആരോഗ്യരക്ഷ, ചെറുകിട_വൻകിട വ്യവസായങ്ങൾ, തൊഴിൽ അധിഷ്ഠിത വ്യവസായങ്ങൾ എന്നിവ പരമപ്രാധാന്യം അർഹിക്കുന്ന പ്രശ്നങ്ങളാണെന്ന് ജനങ്ങളുടെ ആവശ്യങ്ങൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. ഇവയെല്ലാം നടപ്പിലാക്കണമെങ്കിൽ വൻതോതിൽ വിഭവസമാഹരണം അത്യന്താപേക്ഷിതമായിരിക്കുന്നു.

തൊഴിലില്ലായ്മയാണ് ഈ പഞ്ചായത്തിലെ ഒരു മുഖ്യപ്രശ്നം. വ്യവസായങ്ങളുടെ അഭാവമാണ് ഇതിനു മുഖ്യകാരണം. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ എല്ലാ ഭൗതീക സാഹചര്യങ്ങളും ഒത്തിണങ്ങിയ ഒരു പഞ്ചായത്താണ് അരുവാപ്പുലം. വൈദ്യുതിയുടെ ലഭ്യതക്കുറവും ഗതാഗതത്തിൻെറ അപര്യാപ്തതയുമാണ് വ്യവസായ രംഗം നേരിടുന്ന പ്രതിസന്ധിയുടെ ഒരു പ്രധാന കാരണം. ഈ പ്രശ്നം പരിഹരിക്കപ്പെടാതെ ഈ രംഗത്തുനിന്നും പുതിയ വിഭവസമാഹരണത്തിനുള്ള സാദ്ധ്യത കുറവാണ്.

കൃഷി നിലങ്ങൾ താമസപ്പറമ്പുകളായി അനുദിനം മാറുകയാണ്. കാർഷിക ഉല്പാദന ക്ഷമത അനുദിനം ഇടിയുന്നു. കൃഷി അധികവും നഷ്ടത്തിലാകുന്നു. തൻമൂലം കാർഷികരംഗം മുരടിക്കുന്നു. ഇതും വിഭവസമാഹരണ പ്രക്രിയയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈ രണ്ട് മേഖലകളിലും ഫലപ്രദമായി ഇടപെടുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നിലവിലില്ല.

## പട്ടിക 1

### പഞ്ചായത്തിൻെറ 1995-96-ലെ വരുമാനം

| നമ്പർ | ഇനവിവരം | തുക |
|---|---|---|
| 1 | കെട്ടിട നികുതി | 106221.10 |
| 2 | തൊഴിൽ നികുതി | 71828.00 |
| 3 | ലൈസൻസ് ഫീസ് | 2714.00 |
| 4 | സർവ്വീസ് ചാർജ് | 18850.20 |
| 5 | ഇറച്ചിസ്ററാം | 49510.00 |
| 6 | വസ്തു കൈമാററ നികുതി | 149144 |
| 7 | ഡെപ്പോസിററ് | 11180.00 |
| 8 | ആററ്മണൽ ലേലം | 412750 |
| 9 | ഉപാധിരഹിതഫണ്ട് (ജനറൽ) | 175000 00 |
| 10 | S. C. P. | 100000.00 |
| 11 | T. S. P. | 62000.00 |
| 12 | മററുള്ളവ | 104068.45 |
| | ആകെ | 1263265.75 |

## പട്ടിക 2

# പഞ്ചായത്തിൻെറ 1995-96-ലെ ചെലവ്

| നമ്പർ | ഇനവിവരം | തുക |
|---|---|---|
| 1 | ഭരണമേൽനോട്ടവും നടത്തിപ്പു ജീവനക്കാരുടെ ശമ്പളം | 2, 25000 |
| 2 | നിർമ്മാണ ജോലികൾ<br>(റോഡ് നിർമ്മാണം വീട് നിർമ്മാണം) | 639275.00<br>236130.00 |
| 3 | പൊതുജനാരോഗ്യം<br>(ഉച്ചഭക്ഷണം, നായ്ക്കളെ, നശിപ്പിക്കൽ മൃഗസംരക്ഷണ പരിപാടി) | 7000.00<br>7000.00<br>2000.00 |
| 4 | വിദ്യാഭ്യാസം<br>(കുട്ടികൾക്ക് ക്യാഷ് അവാർഡ്, ആശാൻ ഗ്രാൻറ്) | 5000.00<br>1050.00 |
| 5 | വൈദ്യുതീകരണം<br>(തെരുവു വിളക്കുകളുടെ ചാർജ്) | 5950.00 |
| 6 | സാമൂഹ്യക്ഷേമം<br>(കേരളോത്സവം) | 3000.00 |
| 7 | മാററിനങ്ങൾ | 200000.00 |
| | ആകെ | 1361505.00 |

# കെട്ടിടനികുതി

ലക്ഷക്കണക്കിനു രൂപമുടക്കി അത്യാധുനിക സൗകര്യങ്ങളോടുകൂടി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഇപ്പോൾ കെട്ടിടനികുതി ഈടാക്കുന്ന മാനദണ്ഡം തികച്ചും അശാസ്ത്രീയമാണ്. കെട്ടിടങ്ങളുടെ നിർമ്മാണ ചെലവ്, വിസ്തീർണ്ണം, ആധുനിക സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നതാണ് കൂടുതൽ ശാസ്ത്രീയമായിട്ടുള്ളത് സ്വന്തമായി താമസമുള്ള കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കാവുന്നതാണ്. കൂടാതെ നികുതി പിരിച്ചെടുക്കുവാനുള്ള സംവിധാനം കാര്യക്ഷമമാക്കണം.

# തൊഴിൽ നികുതി

സർക്കാർ, അർദ്ധ – സർക്കാർ, സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവയിലെ ജീവനക്കാരിൽനിന്നും, ഏതാനും വ്യാപാരികളിൽനിന്നും മാത്രമാണ് പഞ്ചായത്തിന് തൊഴിൽ നികുതി നല്കുന്നത്. ഏതൊരു തൊഴിൽ ചെയ്യുന്ന വ്യക്തിയും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി നല്കുവാൻ ബാദ്ധ്യസ്ഥനാണ്. നിർമ്മാണ തൊഴിലാളികൾക്കും, മററ് തൊഴിലാളികൾക്കും ഇത് ബാധകമാക്കാവുന്നതാണ്. പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുവാൻ പഞ്ചായത്തിന് കഴിയുന്ന മാർഗങ്ങൾ ആരായേണ്ടതുണ്ട്. പരസ്യ നികുതി, പ്ലാൻേറഷൻ നികുതി തുടങ്ങി വിവിധയിനം നികുതികൾ ഏർപ്പെടുത്തിയാൽ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

# മനുഷ്യാദ്ധ്വാനം

പണം മാത്രമല്ല വിഭവസമാഹരണത്തിൽപ്പെടുന്നത്. മനുഷ്യന്റെ അദ്ധ്വാനശേഷി വലിയ ഒരു വിഭവമാണ് വികസന പദ്ധതികൾക്ക് വൻതോതിൽ മനുഷ്യാദ്ധ്വാനം സംഭാവന ചെയ്താൽ മാത്രമേ ജനങ്ങളുടെ ആവശ്യങ്ങൾക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണുവാൻ കഴിയുകയുള്ളൂ.

# നിർദ്ദേശങ്ങൾ

1. വിസ്തീർണ്ണം, ആഡംബരം എന്നിവയുടെ അടിസ്ഥാനത്തിൽ കെട്ടിടനികുതി ഈടാക്കണം
2. സ്വന്തമായി താമസിക്കുന്ന വീടുകൾ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുക.
3. റബ്ബർ നേഴ്സറികൾക്ക് നികുതിയും ലൈസൻസും ഈടാക്കുക.
4. പാറമടകൾക്ക് D O ലൈസൻസ് ബാധകമാക്കണം.

5. കട്ട ചൂളകൾക്ക് ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുക.

6. മണൽ ശേഖരിക്കുന്ന വള്ളങ്ങൾക്ക് ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുക.

7. റോഡ് സൈഡുകളിൽ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾക്ക് ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുക

8. ലൈസൻസ് ഇല്ലാതെ നായ്ക്കളെ വളർത്തുന്നവരിൽനിന്ന് പിഴ ഈടാക്കണം.

9. കച്ചവടക്കാർക്കുള്ള ലൈസൻസ് ഫീസ് കാലകാലങ്ങളിൽ മുതൽ മുടക്കിന്റെ തോതനുസരിച്ച് പരിഷ്കരിക്കുക.

10. തരിശായികിടക്കുന്ന പൊതുസ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുക

11. നെൽപാടങ്ങൾ നികത്തി കെട്ടിടം വെയ്ക്കുന്നവരിൽ നിന്ന് അധിക നികുതി ഈടാക്കുക.

12. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫൈനാൻസിയേഴ്സ്, ചിട്ടിക്കുറി എന്നിവ നടത്തുന്നവരിൽ നിന്ന് ലൈസൻസ് ഫീസും അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തുവാനുള്ള അധികാരം പഞ്ചായത്തിനു നല്കുക.

13. തോട്ടം തൊഴിലാളികളിൽനിന്നും കാർഷികനികുതി ചുമത്തുവാനും പിരിക്കുവാനുമുള്ള അധികാരം പഞ്ചായത്തിനു നല്കുക.

14. റോഡ് സൈഡുകളിൽ കെട്ടിട നിർമ്മാണ സാമഗ്രികളും മററ് വസ്തുക്കളും അനധികൃതമായി സൂക്ഷിക്കുന്നവരിൽനിന്നും പിഴ ഈടാക്കുക.

15. ട്യൂഷൻ സെൻററുകൾ, പാരലൽ കോളജുകൾ, ടൈപ്പ് റൈററിംഗ് ഇൻസ്ററിററ്യൂട്ട്, കംമ്പ്യൂട്ടർ സെൻർ, ഡ്രൈവിംഗ് സ്കൂളുകൾ, നേഴ്സിംഗ് ഹോമുകൾ എന്നിവയ്ക്ക് ലൈസൻസ് ഏർപ്പെടുത്തുക.

16. പഞ്ചായത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് മനുഷ്യാദ്ധ്വാനം സംഭാവന ചെയ്ത് പഞ്ചായത്തിന്റെ ചെലവ് കുറയ്ക്കണം. ഇതിനായി ഗ്രാമസഭകളും, സന്നദ്ധ സംഘടനകളും മുൻകൈ എടുക്കണം.

17. ഈ പഞ്ചായത്തിൽനിന്നും വിദേശത്തുപോയി ജോലിചെയ്യുന്നവർ തങ്ങളുടെ വരുമാനത്തിന്റെ ഒരു ചെറിയപങ്ക് ഈ നാട്ടിലെ പൊതു പ്രാധാന്യമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംഭാവന ചെയ്യിക്കാൻ ശക്തമായ ബോധവൽക്കരണം നടത്തണം.



# ഉപസംഹാരം

# ഉപസംഹാരം

സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിൽ ആശാവഹമായ മാററം ഉണ്ടാവുക എന്ന ആത്യന്തിക ലക്ഷ്യമാണല്ലോ ജനകീയാസൂത്രണം എന്ന കർമ്മപരിപാടിക്കുള്ളത്. വികസനമെന്നത് സർക്കാരിൻെറ മാത്രം ഉത്തരവാദിത്വമല്ല, സന്നദ്ധ പ്രവർത്തനങ്ങൾവഴി ജനങ്ങൾക്കും ഇതിൽ പങ്കുവഹിക്കാനാവും. ഗ്രാമസഭകൾ അതിനുള്ള വേദിയാണ്. സഹ കരണവും കൂട്ടായ പരിശ്രമവുമാണ് ഈ രംഗത്ത് ആവശ്യം.

ഗ്രാമസഭയിൽകൂടി സാമാന്യ ജനങ്ങൾക്ക് വികസനത്തിലും, ഭരണത്തിലും പദ്ധതികളുടെ നടത്തിപ്പിലും ഭാഗഭാക്കാകാനുള്ള അവസരമുണ്ട്. ഗ്രാമസഭയിൽകൂടി സാമൂഹ്യനിയന്ത്രണം എന്ന ആശയമുള്ളതുകൊണ്ട് അഴിമതി പാടേ തുടച്ചുനീക്കാനാവും. സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് നിർണ്ണായക ശക്തി ലഭിക്കുകയും അവരുടെ ഉയർ ച്ചയ്ക്കുള്ള ഗ്രാമവികസന പദ്ധതികൾ അവരുടെതന്നെ നേതൃത്വത്തിൽ കാര്യക്ഷമമായി നടപ്പിലാക്കാനും കഴിയുമെന്നത് ഈ സംവിധാനത്തിൻെറ കാതലായ ഫലമാണ്.

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനായുള്ള കാര്യങ്ങൾ ഗ്രാമപഞ്ചായത്തു കളുടെ അധികാര പരിധിയിൽ വരുന്നു. അതോടൊപ്പം സ്ത്രീകൾക്ക് ഭരണ രംഗത്തു ലഭി ക്കുന്ന പ്രാമുഖ്യം സാമൂഹ്യ സാമ്പത്തിക രംഗത്തും ആരോഗ്യ രംഗത്തും അവർക്ക് പ്രബലത കൈവരിക്കാൻ അവസരം നൽകുന്നു. ആരോഗ്യമുള്ള ഒരു തലമുറയെ അങ്ങനെ വളർത്തിയെ ടുക്കാനാവും.

പൊതുജനാരോഗ്യം, മാതൃശിശുക്ഷേമ കേന്ദ്രങ്ങളുടെ നടത്തിപ്പ്, ഗ്രാമീണ ആശു പത്രികളുടെ നടത്തിപ്പ്, പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ കുത്തിവയ്പ്, മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയ്ക്കെതിരെയുള്ള പ്രചരണ പരിപാടികൾ തുടങ്ങി നമ്മുടെ ഗ്രാമജീവിതത്തിൻെറ സകല ഉന്നമനത്തിനും കാരണമാകാവുന്ന നിരവധി പരിപാടി കൾ കൂട്ടായ ചർച്ചയിലൂടെ, കർമ്മ പദ്ധതികളിലൂടെ രൂപപ്പെടുത്താൻ നമുക്ക് കഴിയും.

സഞ്ചാരയോഗ്യമല്ലാതെ കിടക്കുന്ന ചില പാതകളുടെയും, റോഡുകളുടെയും പുനഃർ നിർമ്മാണം ജനപങ്കാളിത്തത്തോടെ ഏറെറടുത്ത് നടത്താൻ നമുക്ക് കഴിയണം. നമ്മുടെ പഞ്ചായത്തിൽ ഇമ്മാതിരിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ നമുക്ക് കഴിഞ്ഞി ട്ടുണ്ട്. ഊട്ടുപാറ – പടപ്പയ്ക്കൽ റോഡിൻെറ പുനഃർനിർമ്മാണം ജന പങ്കാളിത്തത്തോടെ ഏറെറടുത്തു നടത്താൻ കഴിഞ്ഞത് ഒരു തുടക്കം മാത്രം. ഏകദേശം 1 കി. മീററോളം വരുന്ന റോഡ് വീതി കൂട്ടി ഗതാഗത യോഗ്യമാക്കിത്തീർത്ത സംരംഭത്തിൽ അറുനൂറോളം പേരുടെ മനുഷ്യാദ്ധ്വാനം ഉപയോഗിച്ചു.

ജാപ്പാനീസ് പനിക്കെതിരെയും കോളറ രോഗത്തിനെതിരെയും പ്രചരണപ്രവർത്തനങ്ങൾ നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ ദേശീയ പോളിയോ നിർമ്മാർജ്ജന പരിപാടി വൻ വിജയമാക്കിത്തീർക്കാൻ കഴിഞ്ഞതും ഈ ദൃശ്യരംഗങ്ങളിൽ പ്രയത്നിക്കാനുള്ള നമ്മുടെ ജനങ്ങളുടെ നല്ല മനോഭാവത്തെ കാണിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ ഓരോ വാർഡിലും അവിടുത്തെ എല്ലാ വോട്ടർമാരെയും അംഗങ്ങളാക്കിക്കൊണ്ടുള്ള ഗ്രാമസഭകൾക്ക് രൂപം കൊടുക്കുന്നതോടൊപ്പം വർഷത്തിൽ രണ്ടു തവണയെങ്കിലും ഗ്രാമസഭ യോഗം ചേർന്ന് വികസന കാര്യങ്ങളെപ്പററി ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യണമെന്നതാണ് പഞ്ചായത്ത് രാജ് അനുശാസിക്കുന്ന ഒരു പ്രധാന പരിപാടി. നമ്മുടെ പഞ്ചായത്തിൽ ഈ നിർദ്ദേശം പൂർണ്ണമായി നടപ്പാക്കാനുള്ള പ്രതിജ്ഞയെടുക്കേണ്ട ഒരവസരം കൂടിയാണിത്. നമ്മുടെ പ്രദേശത്തിൻെറ വികസനത്തിൻെറ ഉത്തരവാദിത്വം മുഴുവൻ സർക്കാരിനും ഉദ്യോഗസ്ഥൻമാർക്കുമാണെന്നു കരുതി നിഷ്ക്രിയരായിരിക്കാതെ ഉണർന്നു പ്രവർത്തിക്കേണ്ട സമയമായി.

മാനസികവും കർമ്മപരവുമായ കാര്യങ്ങളിൽ പുരോഗതി കൈവരുത്താനും, ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കാനും ഉതകുന്ന വികസനാസൂത്രണ പ്രക്രിയക്ക് തുടക്കം കുറിക്കാനുള്ള നമ്മുടെ പഞ്ചായത്തിലെ ഈ സെമിനാർ നാം ആഗ്രഹിക്കുന്ന ഫലം തരുമെന്നുള്ള പ്രതീക്ഷയാണുള്ളത്, നിങ്ങളുടെ ഓരോരുത്തരുടെയും പിന്തുണയും അനുഗ്രഹവും പ്രതീക്ഷിച്ചുകൊണ്ട്.

**ററി. പി. കുമാർ** (ഒപ്പ്)
പ്രസിഡൻറ്,
അരുവാപ്പുലം ഗ്രാമ പഞ്ചായത്ത്,


അരുവാപ്പുലം
പത്തനംതിട്ട




അധികാരം ജനങ്ങൾക്ക്
അധികാരവികേന്ദ്രീകരണം വഴി
ജനകീയവും ശാസ്ത്രീയവുമായ
ഗ്രാമതല ആസൂത്രണം
–ാം ജനകീയ പദ്ധതി
40% പദ്ധതിവിഹിതം പഞ്ചായത്തുകൾക്ക്
വികസന പ്രക്രിയ അഴിമതിരഹിതമാകുന്നു
ബഹുജനസഹകരണം അനിവാര്യം
അധികാരം ജനങ്ങളിലേക്ക്